# വെളിച്ചത്തിലേക്ക്

(നോവൽ)

പ്രൊ. കൊടുവള്ളി അബ്ദുൽ ഖാദിർ

സത്യമാർഗ്ഗം പബ്ലിക്കേഷൻസ്
ശാഹ് ജീലാനി അസോസിയേഷൻ
ജീലാനി ശരീഫ്, കിഴക്കേദേശം.

# VELICHATHILEKU

(Novel)

By Pro. Koduvally Abdul Qadir

Published By
Sathyamargam Publications
Shah Jeelani Association
Jeelani Shareef, East Desom, Aluva

Layout & Cover
Shah Kunhahammed Jeelani

Typing
Shah Muhyideen Jeelani

Printing
4prints ofset printers, Manjeri

Prise Rs. 50

Copyright
Sathyamargam Publications
Shah Jeelani Association
Jeelani Shareef, East Desom, Aluva

## പ്രൊ. കൊടുവള്ളി അബ്ദുൽ ഖാദിർ

കോതൂർ ഉമർ ഹാജിയുടെയും കുഞ്ഞി ഫാത്തി മയുടെയും മകനായി 1945 ഏപ്രിൽ 11 (ഹിജ്റ: 1346 റബീ ഉൽ അവ്വൽ 29) ന് ജനിച്ചു.

കൊടുവള്ളി ടൗൺ പള്ളിദർസിൽ ഓതിപ്പഠിച്ചു. കൊടുവള്ളി സിറാജുൽ ഹുദാ മദ്റസയിലായിരുന്നു പ്രാഥമിക മതപഠനം. പറമ്പത്തുകാവ് ലോവർ പ്രൈമറി സ്കൂൾ, കൊടുവള്ളി ഹൈസ്കൂൾ, ഫറൂഖ് കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. യു.ജി.സി സ്കോളർഷി പ്പോടു കൂടി എം.എ ക്ക് പഠിച്ചു.1971-ൽ എം. എ പാസ്സാ യി.

തലശ്ശേരി ബ്രണ്ണൻ കോളേജ്, കാസർഗോഡ് ഗവൺമെന്റ് കോളേജ്, കോഴിക്കോട് ഗവ: ആർട്സ് & സയൻസ് കോളേജ് എന്നിവിടങ്ങളിൽ സേവനമനുഷ്ഠി ച്ചു. രണ്ട് പതിറ്റാണ്ടിലേറെ കാലം തിരുവനന്തപുരം യുണി വേഴ്സിറ്റി കോളേജിൽ ലക്ചററായിരുന്നു. പ്രൊഫസ റായി പ്രമോഷൻ ലഭിച്ചു. ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെ ന്റായി 1999-ൽ റിട്ടയർ ചെയ്തു.

കേരള യുണിവേഴ്സിറ്റിയുടെ ഫാക്കൽറ്റി ഓഫ് ഓറിയന്റൽ സ്റ്റഡീസ് മെമ്പർ, ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ, കേരള ഗവൺമെന്റിന്റെ സ്കൂൾ അറബിക് ടെക്സ്റ്റ് ബുക്ക് എക്സ്പേർട്ട് കമ്മിറ്റി മെമ്പർ തുടങ്ങിയ നിരവധി പദവികൾ വഹിച്ചു.

ആദ്യ പുസ്തകം: ഇന്ത്യ മുസ്‌ലിം ഭരണത്തിന് കീഴിൽ എന്നതാണ്. തുടർന്ന് നിരവധി പുസ്തകങ്ങൾ കൈരളിക്ക് സമ്മാനിച്ചു.

നാല് പതിപ്പുകളിലായി അനേകായിരം കോപ്പി കൾ വിറ്റു തീർന്ന **നമ്മുടെ നബി** ആണ് ഏറ്റവും പ്രശ

സ്തമായ ഗ്രന്ഥം.

മറ്റു പ്രധാന കൃതികൾ:

ചുവന്ന തിരമാലകൾ, രണ്ട് രക്തസാക്ഷികൾ, ഹിന്ദ്, കടലിലെ ചെകുത്താൻ, ഹസ്രത്ത് ആയിശ(റ), പന്താരങ്ങാടി, നാല് പൂക്കൾ, ഉസ്ബെകിസ്ഥാന്റെ നെടുവീർപ്പുകൾ, യമാമയുടെ രോമാഞ്ചം, അഗ്നിയിൽ പടർന്ന ജീവിതം, സ്വാതന്ത്ര്യ സമര ചരിത്രത്തിലെ തീജ്ജ്വാലകൾ, ജീവിക്കുന്ന രക്തസാക്ഷി, ജഅ്ഫറുബ്നു അബീ ത്വാലിബ്(റ), ബിലാൽ(റ), അമ്മാറുബ്നു യാസിർ(റ), മുആദ്ബ്നു ജബൽ(റ), ഖാജാ മുഈനുദ്ദീൻ ചിശ്തി(റ), ശൈഖ് ജീലാനി(റ), സയ്യിദ് ഇബ്റാഹിം ബാദ്ശാഹ്(റ), ഫാത്വിമ(റ), സ്വാബിറിന്റെ ഉമ്മ, കുട്ടികളുടെ മുത്ത് നബി(സ), ഖലീഫ ഉമർ(റ), ഖലീഫ ഉസ്മാൻ(റ), ഖലീഫ അലി(റ), കറുത്ത വസന്തം തുടങ്ങിയവ പ്രധാന കൃതികളിൽ ചിലതാണ്.

ഈജിപ്തിലെ ബാല സാഹിത്യ പ്രസാധകരായ അഥ്ഫാലുനാ യുടെ 21 പുസ്തകങ്ങൾ മൊഴിമാററം നടത്തി സദാചാര കഥകൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചു. പ്രവാചകന്മാരുടെ ചരിത്രം 20-ലേറെ പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.

2001-ൽ ഖുതുബുസ്സമാൻ ശൈഖ് യൂസുഫ് സുൽത്താൻ ശാഹ് ഖാദിരി ചിശ്തിയുമായി സമ്പൂർണ്ണ ഖാദിരിയ്യ ത്വരീഖത്തിൽ ബൈഅത്ത് ചെയ്തു. ഹിജ്റ 1430 ശഅ്ബാൻ 26(ക്രിസ്താബ്ദം 2009 ആഗസ്റ്റ് 17)ന് ഖുതുബുസ്സമാനിൽ നിന്ന് ഖാദിരിയ്യ ത്വരീഖത്തിൽ ഖിലാഫത്തും ലഭിച്ചു.

ഭാര്യ: സൈനബ

മക്കൾ: മുഹമ്മദ് ജാസിം, ജാബിർ, ജുല്ലാ റൈഹാൻ, ജുനൈദ് അലി ഉമർ.

# തുടക്കം

കഥ കേൾക്കാൻ കൊതിയാണ്.
മൂന്നുപേർ ചേർന്ന് കഥ പറയുന്നു.
അരാണവർ, പുറത്തുള്ളവരല്ല.
നമുക്കിടയിലുള്ളവരാണ്.
മഹാനായ ഖുത്ബുസ്സമാന്റെ ജീവിതം.
മഹത്തായ ജീവിത സന്ദേശം.
ജീവിത വിജയം ആഗ്രഹിക്കുന്നവർ അതറിയണം.
മഹാന്റെ യഥാർത്ഥ മുരീദുമാർ,
അവർ പൂർണ്ണമായ തൗഹീദ് ചൊല്ലി
ചിരിച്ചു മരിക്കുന്നു.
ഓരോ മരണവും നാട്ടിൽ പ്രധാന വാർത്തയായി.
ഇത് വായിച്ചുതീരുമ്പോൾ ചിരിച്ചു മരിക്കാൻ കൊതി തോന്നും.
വായന തുടങ്ങിക്കോളൂ.

ആരാമ്പ്രം
3-10-2014

സ്നേഹപൂർവ്വം
കൊടുവള്ളി അബ്ദുൽഖാദിർ

# താളുകളിൽ

1 കൂട്ടുകാരൻ മരണപ്പെട്ടു.................................................11
2 ഇതു വരെ കേൾക്കാത്ത കാര്യങ്ങൾ................22
3 ബൈഅത്ത്...........................................................................34
4 തൗഹീദ് ..................................................................................42
5 ചത്തമനസ്സുകൾ ...............................................................52
6 മീലാദ് കാമ്പയിൻ.............................................................61
7 ശൈഖ് സയ്യിദ് ഹാശിമുദ്ദീൻ കൈലാനി......76
8 ചിരിച്ചു മരിക്കുക...............................................................85

# 1

# കൂട്ടുകാരൻ മരണപ്പെട്ടു.

മരണം.

അതൊരു യാഥാർത്ഥ്യമാണ്. അതിപ്പോൾ ബോധ്യമായി.

ജമാൽ ഫോൺ താഴെ വെച്ചില്ല. അമ്പരന്ന് നിൽക്കുകയാണ്.

ഈഗ്രാമത്തിൽ എത്രയോ മരണങ്ങൾ നടന്നിട്ടുണ്ട്. ഇന്നാട്ടിലും അയൽനാട്ടിലും എത്രയോ മരണ വീടുകളിൽ പോയിട്ടുണ്ട്. പലമസ്ജിദുകളിൽ മയ്യിത്ത് നിസ്കാരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. അപ്പോഴൊന്നും ഇങ്ങനെ ഒരമ്പരപ്പ് ഉണ്ടായിട്ടില്ല

കൂട്ടുകാർ എന്ന് പറയാൻ ധാരാളം പേരുണ്ട്. ഏറ്റവുമടുത്ത കൂട്ടുകാരൻ ആരാണെന്ന് ചോദിച്ചാൽ ഒറ്റമറുപടിയേയുള്ളു. അൻവർ.

തന്റെ മനസ്സിന് ഇത്രയും ഇണങ്ങിയ മറ്റൊരു കൂട്ടുകാരനില്ല. ഏറെകാലം സ്നേഹബന്ധത്തിൽ കഴിയാമെന്ന് മോഹിച്ചിരുന്നു. ആയുസ്സറുതിവന്നു പോയി.

അൻവർ വിശ്വസ്ഥനായിരുന്നു. ഏത് രഹസ്യവും പറയാം. പുറത്ത് പോവില്ല.

അന്വേഷണ തൃഷ്ണയാണ് അൻവറിന്റെ ഏറ്റവും നല്ല ഗുണം. ആരെന്ത് പറഞ്ഞാലും അപ്പടി വിശ്വസിക്കില്ല. അതിന്റെ സത്യാവസ്ഥ അന്വേഷിച്ചറിയും. അത്വരെ വിശ്രമമില്ല. കൊള്ളേണ്ടത് കൊള്ളും. തള്ളേണ്ടത് തള്ളും.

ചിലപ്പോഴൊക്കെ അൻവറിനോട് തർക്കിക്കേണ്ടി വന്നിട്ടുണ്ട്. തർക്കം മൂത്ത് വാഗ്വാദം വരെ ആയിട്ടുണ്ട്.

പണ്ഡിതന്മാരിൽ ചിലരുടെ പ്രസ്താവനകളിൽ സംശയം പ്രകടിപ്പിച്ചതാണ് കാരണം.

ജമാലും അൻവറും ഒരേ മതസംഘടനയിലാണ് പ്രവർത്തിച്ചു വന്നത്. ആസംഘടനയുടെ നേതാക്കൾ എന്ത് പ്രസ്താവിച്ചാലും അതപ്പടി വിശ്വസിക്കണം. അതാണ് ജമാലിന്റെ നിലപാട്.

അൻവർ കുറച്ചുകൂടി ഉയർന്നു ചിന്തിക്കും. യാഥാർത്ഥ്യബോധമുണ്ട്. സത്യമാവാൻ സാധ്യതയില്ലാത്ത പ്രസ്താവന വന്നാൽ സംശയിക്കും.

എതിർ സംഘടനകളെ വിമർശിക്കുമ്പോഴും. സംയമനം വേണം എന്നതാണ് അൻവറിന്റെ നിലപാട്.

എതിർ സംഘടനകൾ ശത്രുക്കളാണ്. അവരെ തറപറ്റിക്കണം. അതിനെന്ത് തന്ത്രവും പയറ്റാം. നേതാക്കളുടെ അനുമതി കിട്ടിയാൽ മതി. ഇതാണ് ജമാലിന്റെ നീതിബോധം. സംഘടനയിൽ ബഹുഭാരിഭാഗവും അങ്ങനെയല്ലേ ചിന്തിക്കുന്നത്? അൻവറിനെപ്പോലെ വളരെ ചുരുക്കം പേരെ ഉണ്ടാവുകയുള്ളു.

വിവേകം, വിവേചന ശക്തി, ഇതൊക്കെ അൻവറിന്റെ ഗുണങ്ങളായിരുന്നു.

ഇനിയതെല്ലാം പറഞ്ഞിട്ടെന്താ കാര്യം?

പെട്ടെന്ന് കൈയിലിരുന്ന മൊബൈൽഫോൺ ബെല്ലടിച്ചു. മറ്റൊരു സ്നേഹിതൻ വിളിക്കുന്നു.

ഹലോ...

ഹലോ.... മരണവിവരം അറിഞ്ഞില്ലേ?

അറിഞ്ഞു. ഇപ്പോൾ അറിഞ്ഞതേയുള്ളു.

മരണം നടന്നിട്ട് അരമണിക്കൂറായില്ല. നിങ്ങളുടനെ വരണം. വൈകുന്നേരം തന്നെ ഖബറടക്കണം. ഇൻശാ അല്ലാഹ്...

ഫോൺ വെച്ചപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകി.

ഇന്നലെ രാത്രി വളരെനേരം സംസാരിച്ചിരുന്നതാണ്. രാവിലെ കാണാം എന്ന് പറഞ്ഞാണ് പിരിഞ്ഞത്. അതിരാവിലെ ഫോൺ വന്നു. മരണവാർത്ത.

വൈകുന്നേരം അൻവറിന്റെ ശരീരം മണ്ണിന്നടിയിലേക്ക് പോകും. ഖബറിന്നു മുകളിൽ മീസാൻ കല്ലുകളുയരും. ആകല്ലുകളോട് മൂക ഭാഷയിൽ സംസാരിക്കാം.

അൻവറിന്റെ സത്യാന്വേഷണം. അത് പൂർണ്ണമായില്ല. പാതി വഴിയിലവസാനിച്ചു.

സത്യാന്വേഷണം തുടരേണ്ടത് തന്റെ കടമയാണെന്ന് ജമാലിന്ന് തോന്നി.

കൂട്ടുകാരൻ തുടങ്ങി വെച്ചത് താൻ പൂർത്തിയാക്കുക. അപ്പോൾ അൻവറിന്റെ ആത്മാവ് സന്തോഷിക്കും. ജമാൽ അങ്ങനെയൊക്കെ ചിന്തിച്ചുപോയി.

ഈയിടെ കേട്ട ഒരു പ്രസംഗമാണ് അൻവറിനെ കുഴക്കിയത്. അതിലെ ഒരു വാചകം മനസ്സിലുടക്കി നിന്നു.

ശരീഅത്ത് വേണം.

ത്വരീഖത്തും വേണം.

അപ്പോൾ മാത്രമാണ് ഒരാൾ യഥാർത്ഥ മുഅ്മിനായിത്തീരുന്നത്.

ഈ പരാമർശം കേട്ടിട്ട് ജമാലിനൊന്നും തോന്നിയില്ല.

അപ്പറഞ്ഞത് ശരിയാണെങ്കിൽ, നമ്മുടെ നേതാക്കളല്ലേ അതാദ്യം പറയേണ്ടത്? നമ്മുടെ നേതാക്കൾ ശരീഅത്തിനെക്കുറിച്ചാണ് എപ്പോഴും പറയുന്നത്.

ശരീഅത്തിന്റെ വിധി വിലക്കുകൾ അനുസരിച്ച് ജീവിക്കണമെന്ന് എപ്പോഴും ഉപദേശിക്കുന്നു.

നാം അവരുടെ ഉപദേശം സ്വീകരിക്കുക

നിസ്കാരം, സക്കാത്ത്, നോമ്പ്, ഹജ്ജ്, തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിച്ച് നല്ല ജീവിതം നയിക്കുക. അത് മതി. നാമിത് വരെ പേര് പോലും കേട്ടിട്ടില്ലാത്ത ഒരാളുടെ പ്രസംഗം അൻവറെ. നിന്നെയെന്തിനാണ് അസ്വസ്ഥനാക്കുന്നത്? ജമാൽ ചോദിച്ചു.

ആ ചോദ്യം അൻവറിന്റെ അസ്വസ്ഥത നീക്കിയില്ല, അന്ന് മഗ്‌രിബിന്ന് നേരത്തെ പള്ളിയിലെത്തി. ഇമാം ഒറ്റക്കിരിക്കുന്നു. കൂടെയാരുമില്ല.

അൻവറും ജമാലും അടുത്തേക്ക് വന്നു. സലാം ചൊല്ലി ഇമാം സമാം മടക്കി ഇരിക്കാൻ പറഞ്ഞു. വിനയത്തോടെ ഇരുന്നു. ജമാൽ ഇങ്ങനെ പറഞ്ഞു.

ഉസ്താദെ... ഞങ്ങളൊരു പ്രസംഗം കേട്ടു.

പ്രസംഗം കേട്ട് വല്ല മുസ്വീബത്തിലും ചെന്നുചാടിയോ? ഇമാം ഉത്കണ്ഠയോടെ ചോദിച്ചു.

ഉസ്താദെ.. പ്രസംഗത്തിലെ ഒരു വാചകം ഇങ്ങനെയാണ്. ശരീഅത്ത് വേണം. ത്വരീഖത്തും വേണം. അപ്പോൾ മാത്രമാണ് ഒരാൾ യഥാർത്ഥ മുഅ്മിനായിത്തീരുന്നത്. ഇപ്പറഞ്ഞത് ശരിയാണോ?

ഇമാമിന് രോഷം വന്നു തുടങ്ങി. അദ്ദേഹം പറഞ്ഞു. ശരിയും തെറ്റും പണ്ഡിതന്മാർ തീരുമാനിക്കും. അതവിടെയിരിക്കട്ടെ. ഞാനൊരുകാര്യം ചോദിക്കട്ടെ. നിങ്ങൾ മദ്രസയിൽ പഠിച്ചിട്ടില്ലേ?

ഉണ്ട്

7-ാം ക്ലാസ്സ് വരെ പഠിച്ചു.

ദർസിൽ ഓതിയിട്ടുണ്ടോ?

കുറച്ചൊക്കെ ഓതിയിട്ടുണ്ട്.

ദീൻകാര്യങ്ങൾ സാമാന്യം മനസ്സിലാക്കിയിട്ടില്ലേ. കുറ ച്ചൊക്കെ മനസ്സിലാക്കിയിട്ടുണ്ട്.

മനസ്സിലാക്കിയതനുസരിച്ച് പ്രവർത്തിക്കുക

ആവശ്യമില്ലാത്തതൊന്നും വായിക്കരുത്. കേൾക്കരുത്. ചിന്തിക്കരുത്. അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസാ ചാര നടപടികളുമായി മുമ്പോട്ട് പോവുക. ബാങ്കിന് സമയമായി എണീറ്റോളൂ.

ജമാലിന്റെ മുഖം തെളിഞ്ഞു. സമാധാനമായി ഇമാ മിൽനിന്ന് നല്ല ഒരു ഉപദേശം കിട്ടി. മനസ്സിലെ സംശയങ്ങളെല്ലാം നീങ്ങി.

ജമാൽ ഉത്സാഹത്തോടെ എഴുന്നേറ്റു.

അൻവർ മടിച്ചു മടിച്ചാണ് എണീറ്റത് മുഖം തെളിഞ്ഞിട്ടി ല്ല. ഒരുപാട് ചോദ്യങ്ങൾ ബാക്കിയുണ്ട്. ഒരു ചോദ്യത്തിന്നും അവസരം കൊടുക്കാതെ ഇമാം എഴുന്നേറ്റു. സന്ധ്യാനേരത്തെ ഔറാദിൽ മുഴുകി.

ആ രാത്രിയിൽ അൻവർ കൂടുതലൊന്നും സംസാരിച്ചില്ല. അഗാധമായ ചിന്തയിലായിരുന്നു.

ജമാലേ... നാളെ രാവിലെ ഞാനൊരു സ്ഥലം വരെ പോ വുകയാണ്.എന്തിനാ പോവുന്നത്.

ഒരു പരിചയക്കാരനെ കാണാൻ. അയാൾക്ക് എവിടെ നിന്നോ ഒരു മാസിക കിട്ടിയിട്ടുണ്ട്. അതിൽ ത്വരീഖത്തിനെപ്പറ്റി പറയുന്നുണ്ട്.

വേണ്ട പോവണ്ട വേണ്ടാത്തതൊന്നും വായിക്കണ്ട. ഉസ്താദ് പറഞ്ഞത് കേട്ടാൽ മതി. ആ പ്രസംഗം കേട്ടതാണ് ഈ കുഴപ്പത്തിനൊക്കെ കാരണം. അത് കേൾക്കരുതായിരുന്നു.

ജമാൽ ആവേശത്തോടെ സംസാരിച്ചു.

ഇല്ല നീ പറഞ്ഞതൊന്നും ഞാൻ അനുസരിക്കില്ല. എനിക്ക് ആ പ്രസംഗം ഒന്നു കൂടി കേൾക്കണം. വേണ്ടിവന്നാൽ ഞാൻ പ്രസംഗകന്റെ നാട് വരെ പോകും.

അൻവർ ആവേശത്തോടെ പ്രതികരിച്ചു.

ആത്മാർത്ത സുഹൃത്ത് വഴി തെറ്റിപ്പോകുമോ എന്നു ജമാലിന്ന് പേടി. നേതാക്കൾ പറയുന്നത് കേട്ടാൽ പോരേ? വേണ്ടാത്തവഴിക്കൊക്കെ പോവുന്നതെന്തിനാണ്?

അൻവർ നടന്നു. ജമാൽ കൂടെ നടന്നു.

ഇരുവരും അൻവറിന്റെ വീട്ടിലെത്തി

അൻവർ പ്രസംഗം വെക്കുകയാണ്. ജമാൽ തടയാൻ നോക്കി. അൻവറേ അത് കേൾക്കരുത്.

എന്താ കേട്ടാൽ? അൻവർ രോഷത്തോടെ ചോദിച്ചു. കേട്ടാൽ നമ്മുടെ മനസ്സിൽ വണ്ടാത്തചിന്തകൾ വരും ആ ചിന്തകൾ നമ്മെ വഴി തറ്റിക്കും. സൂക്ഷിക്കുന്നതാണ് നല്ലത്.

പ്രസംഗം ഒഴുകി വരികയാണ്. ഗാംഭീര്യമുള്ള ശബ്ദം

ദീൻ എന്നാലെന്താണ്?

ഇസ്ലാം, ഈമാൻ, ഇഹ്സാൻ

ഇവ മൂന്നും ചേർന്നതാണ് ദീൻ

ഇസ്ലാംകാര്യങ്ങൾ അഞ്ചാകുന്നു. അനുഷ്ഠാനകാര്യങ്ങളാണത്. കർമ്മങ്ങളാണ് പ്രവർത്തിക്കാനുള്ളത്.

അതിൽ ഒന്നാമത്തേത് തൗഹീദ്

തൗഹീദ് കർമ്മമാണ്.

തൗഹീദിന്റെ കർമ്മരൂപം നാം പഠിക്കണം

ഈമാൻ കാര്യങ്ങൾ ആറാകുന്നു.

ഒന്നാമത്തേത് അല്ലാഹുവിൽ വിശ്വസിക്കൽ

അല്ലാഹുവിനെ അറിഞ്ഞ് വിശ്വസിക്കുക

മഅ്രിഫത്തുള്ളാഹ്

അല്ലാഹുവിനെ അറിയുക. അത് പരമപ്രധാന വിജ്ഞാനം.

അതറിഞ്ഞവർ ആരിഫീങ്ങൾ

ആരിഫീങ്ങൾ ആദരിക്കപ്പെടണം.

ആരിഫീങ്ങളുടെ നേതാക്കന്മാരെപ്പറ്റി നാം ധാരാളം കേട്ടിട്ടുണ്ട്. സുൽത്വാനുൽ ആരിഫീൻ സയ്യിദ് അഹമദുൽ കബീർ രിഫാഇ (ഖ.സി)

ദീനിന്റെ ചൈതന്യം കാണാൻ ആരിഫീങ്ങളെ സമീപിക്കണം.

രിഫാഇ ത്വരീഖത്ത് കേട്ടിട്ടില്ലേ? ലോകമെങ്ങും ഇന്നും അതിന്റെ അനുയായികളില്ലേ ?

മഹാനവർകളുടെ കറാമത്തുകൾ ഇന്നും നിലനിൽക്കുന്നില്ലേ?

രിഫാഈ മൗലീദ്

രിഫാഈ മാല

രിഫാഇ റാത്തീബ്

ഇവയൊക്കെ ഇന്നും നിലനിൽക്കുന്നില്ലേ?

സയ്യിദ് അഹമദുൽ കബീരൽ റിഫാഇ (ഖ.സി) അവർകള് ബാഗ്ദാദിലെത്തിയാൽ ആദ്യം സന്ദർശിക്കാൻ പോയിരുന്നത് ആരെയാണ്?

ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി (ഖ.സി) മഹാനവർകളെ

ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി (ഖ.സി) ആരാണ്?

സുൽത്വനുൽ ഔലിയാഅ്

ഔലിയാക്കന്മാരുടെ സുൽത്വാൻ

ആരാണ് ഔലിയാക്കന്മാർ?

അല്ലാഹുവിനെ അറിഞ്ഞവർ. ആരിഫീങ്ങൾ

ആരിഫീങ്ങളെ തേടിപ്പിടിക്കണം. അതിന്ന് വേണ്ടി കഷ്ടപ്പെടണം. ആരിഫീങ്ങളെ സമീപിക്കണം. അവർ പറയുന്നത് വിശ്വസിക്കണം. അവരുടെ കൽപനകൾ അനുസരിക്കണം. അവരെ പിൻപറ്റണം. അതിലൂടെ ജീവിതവിജയം നേടണം

മുഹ്‌യിദ്ദീൻ

ദീനിനെ ഹയാത്താക്കിയവൻ

ദീനിന്ന് ജീവൻ നൽകിയവൻ

ദീൻ മരിച്ചു കിടക്കുകയായിരുന്നു

എവിടെ? ബാഗ്ദാദിൽ

ലോകത്തിന്റെ കേന്ദ്രമാണ് ബാഗ്ദാദ്

ബാഗ്ദാദിൽ മൃതപ്രായമായ ദീൻ അപ്പോൾ ലോകം മുഴുവൻ ആ അവസ്ഥ തന്നെ

ആ ബാഗ്ദാദിലേക്ക് കടന്നുവരുന്നു

ശൈഖ് അബ്ദുൽ ഖാദിർ (ഖ.സി)

ബാഗ്ദാദിൽ അത്യുന്നത മതപഠനശാലകളുണ്ടായിരുന്നു. ലോക പ്രസിദ്ധരായ പണ്ഡിതന്മാരുണ്ടായിരുന്നു. ഗ്രന്ഥാലയങ്ങളുണ്ടായിരുന്നു.

പ്രസംഗങ്ങളും ചർച്ചകളും സജീവമായിരുന്നു.

ദീനിന്റെ പേരിൽ നിരവധി പ്രവർത്തനങ്ങൾ നടന്നിരുന്നു.

ശൈഖ് അബ്ദുൽ ഖാദിർ (ഖ.സി) അവയെല്ലാം കണ്ടു. ഏറ്റവും പ്രധാനപ്പെട്ടത് കണ്ടില്ല, ദനിന്റെ ആത്മാവ്.

തൗഹീദ്

മനുഷ്യമനസ്സുകളിൽ തൗഹീദ് ഉല്ലേഖനം ചെയ്യപ്പെട്ടിട്ടില്ല. മുസ്ലിം മനസ്സുകളിൽ തൗഹീദ് രൂഢമൂലമായിരിക്കണം. ഇളകിയാടരുത്.

മുസ്ലിം മനസ്സുകളിൽ തൗഹീദിന്ന് പകരം ദുനിയാവ് സ്ഥാനം പിടിച്ചിരിക്കുന്നു.

കൊട്ടാരങ്ങൾ, ആഡംബരങ്ങൾ, പടക്കുതിരകൾ, സ്ഥാനമാനങ്ങൾ, സമ്പത്ത്, പേരും പെരുമയും

ഇവയെല്ലാം മനുഷ്യമനസ്സുകളെ അധീനപ്പെടുത്തിയിരിക്കുന്നു. തന്നെ പിന്തുണക്കാത്തവരോടുള്ള പക, ശത്രുത, കുടിപ്പക, അസൂയ, അഹങ്കാരം തൗഹീദ് ചുണ്ടുകളിൽ മാത്രം.

മനസ്സ് നിറയെ ദുനിയാവ് വെട്ടിപ്പിടിക്കാൻ മോഹം.

മുസ്ലിം ലോകത്ത് കലാപകലുഷിതമായ അന്തരീക്ഷം നിരന്തര യുദ്ധങ്ങൾ. മനുഷ്യരക്തം ചാലിട്ടൊഴുകുന്നു.

ആര് വധിക്കുന്നു

ആരെ വധിക്കുന്നു

വധിക്കുന്നത് മുസ്ലിംകൾ വധിക്കപ്പെടുന്നതും മുസ്ലിംകൾ

ദുനിയാവ് നേടാൻ യുദ്ധം വെട്ടുന്നു

രാജ്യം വേണം. രാജാധികാരം വേണം.

സിംഹാസനം വേണം, ചെങ്കോൽവേണം. സുഖഭോഗങ്ങൾ വേണം.

അതിന് വേണ്ടി ഒരു വിഭാഗം മുസ്ലിംകളെ തല്ലിതകർത്തു തരിപ്പണമാക്കുന്നു. ആ വിഭാഗത്തിലെ ചോരപ്പൈതലിനെപ്പോലും വെട്ടിനുറുക്കുന്നു.

ഇതെല്ലാം ചെയ്യുന്നവൻ നിസ്കരിക്കുകയും ചെയ്യുന്നു. വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നു.

നോമ്പും, സകാത്തും, ഹജ്ജും നിർവ്വഹിക്കുന്നു.

എവിടെ ദീനിന്റെ ആത്മാവ്?

ശൈഖ് അബ്ദുൽ ഖാദിർ (ഖ.സി) പ്രഖ്യാപിച്ചു.

മരിച്ചുകിടക്കുന്ന ദീനിനെയാണ് ഞാനിവിടെ കാണുന്നത്.

ഇതിന്ന് തുല്യമായ അവസ്ഥയല്ലേ ഇന്ന് കേരളത്തിലുള്ളത് എത്രയെത്ര സംഘടനകൾ

സംഘടനകൾ തമ്മിലുള്ള ശത്രുത എത്ര ഭീകരം.

പരസ്പരം വീമ്പ് നടിക്കുന്നു. വമ്പത്തരം പറയുന്നു വെല്ലുവിളിക്കുന്നു. അസൂയ വെക്കുന്നു. അഹങ്കാരം നടിക്കുന്നു. പോരടിക്കുന്നു. അനുയായികളുടെ മനസ്സിൽ ശത്രുത വളർത്തുക പേരും പെരുമയും നേടാൻ പരക്കം പായുന്നു.

അതിന്നിടയിൽ ദീനീസേവനങ്ങളും നടത്തുന്നു

വിജ്ഞാനം നേടാൻ ഉന്നതസ്ഥാപനങ്ങൾ

യുവ പണ്ഡിതന്മാരുടെ വലിയ മുന്നേറ്റം.

എഴുതിത്തെളിയാൻ പത്രങ്ങൾ

ആദർശപ്രചരണത്തിന് ചാനലുകൾ

വിധി വിലക്കുകൾ പ്രഖ്യാപിക്കാൻ സംഘടനാ നേതാക്കൾ

എവിടെ ദീനിന്റെ ആത്മാവ്?

മനുഷ്യമനസ്സുകളിൽ തൗഹീദ് രൂഢമൂലമാക്കിക്കൊടുക്കാൻ ഒരു മുഹ്‌യിദ്ദീൻ വരേണ്ട സമയമായില്ലേ?

അൻവർ ചാടിയെണീറ്റു. ജമാലിന്നുനേരെ വിരൽ ചൂണ്ടിക്കൊണ്ടു ചോദിച്ചു.

നീ കേട്ടില്ലേ? ചേദ്യം കേട്ടില്ലേ? നിനക്കെന്താണ് മറുപടി പറയാനുള്ളത്? ഒരു മുഹ്‌യിദ്ദീൻ വരാൻ സമയമായില്ലേ എന്നാണ് ചേദ്യം.

ജമാൽ തല താഴ്ത്തി നിന്നു. മറുപടിയില്ല.

പിന്നിൽനിന്ന് ഭാര്യയുടെ ശബ്ദം.

എന്തായിങ്ങനെ നിൽക്കുന്നത് വേഗം പോയിക്കൂടെ മര

ണവീട്ടിലേക്ക്

ശരിയാണ് സമയം വൈകിക്കൂടപോവണം

ഡ്രസ്സ് മാറ്റി. വേഗം വീട്ടിൽനിന്നിറങ്ങി.

വഴിയിൽ ആണുങ്ങളും പെണ്ണുങ്ങളും ദൃതിപിടിച്ച് നടക്കുന്നു എല്ലാ മുഖങ്ങളിലും ശേകം

വീടടുക്കുന്തോറും ജനങ്ങൾ കൂടിക്കൂടി വരുന്നു.

ആളുകൾക്കിടയിലൂടെ തിക്കിത്തിരക്കി മുമ്പോട്ടുനടന്നു. മുറ്റത്ത് ചെരിപ്പുകൾ ഊരിവെച്ച് കോലായിലേക്ക് കയറി. വെള്ളത്തുണികൊണ്ട് മൂടിയ മയ്യിത്ത്.

ജമാൽ അടുത്തെത്തി. മുഖത്തുനിന്ന് തുണിമാറ്റിനോക്കി പ്രസന്നമായ മുഖം ചുണ്ടിലെ പുഞ്ചിരി മാഞ്ഞിട്ടില്ല

ഇത് മരിച്ചുകിടക്കുകയാണോ? അതോ ഉറക്കമോ?

കുറെനേരം വിസ്മയത്തോടെ നോക്കിനിന്നു. മുഖത്ത് തുണിയിട്ടു. തിരിഞ്ഞുനടന്നു.

മുറ്റത്തേക്കിറങ്ങി കാലിൽ ചെരിപ്പിട്ടു. ഒരു ചെറുപ്പക്കാരൻ പത്രത്തിൽ കൊടുക്കാൻ റിപ്പോർട്ട് തയ്യാറാക്കുന്നു.

അൻവർ (39 വയസ്സ്) നിര്യാതനായി

അതെ മുപ്പത്തൊമ്പത് വയസ്സ് തനിക്ക് 38 വയസ്സ്. മരിച്ചത് താനായിരുന്നുവെങ്കിൽ 38 എന്നെഴുതുമായിരുന്നു.

# 2

# ഇതുവരെ കേൾക്കാത്ത കാര്യങ്ങൾ

മുറ്റത്ത് താർപായ വലിച്ചുകെട്ടിയിട്ടുണ്ട്. വെയിൽ കൊള്ളില്ല ചുവപ്പ് നിറമുള്ള കസേലകൾ മുറ്റത്ത് നിരത്തിയിട്ടുണ്ട്. കസേലകളിലെല്ലാം ആളുകൾ ഇരിക്കുന്നു.

ജമാൽ തെങ്ങുചാരി നിന്നു. വീണ്ടും ഓർമ്മകൾ ചുരുൾ നിവരാൻ തുടങ്ങുന്നു.

സ്വാബിർ എന്ന ചെറുപ്പക്കാരൻ ഈ മരണ വിവരം സ്വാബിർ അറിഞ്ഞുകാണുമോ?

അറിയാൻ വഴിയില്ല. ഒരുപാട് ദൂരെയാണ് സ്വാബിറിന്റെ വീട്. നാല്പതിലേറെ കിലോ മീറ്റർ വരും.

സ്വാബിറിന് ഫോൺ നമ്പറുണ്ടോ? അറിയില്ല.

സ്വാബിർ എന്ന ക്ഷമാശീലൻ. കടുത്ത ജോലികൾ ചെയ്തു കുടുംബം പുലർത്തുന്ന ചെറുപ്പക്കാരൻ.

മുപ്പത് വയസ്സ് തികയുന്നതേയുള്ളു. കുട്ടിക്കാലത്ത് തന്നെ അനാഥനായി കൂലിപ്പണിക്കിറങ്ങി. ഇന്നും അത് തുടരുന്നു.

പൊരിവെയിലിൽ വൈകുന്നേരം വരെ പണിയെടുക്കുക, ശരീരത്തിൽ നിന്ന് വിയർപ്പ് ചാലിട്ടൊഴുകും. കഠിനാധ്വാനം കഴിഞ്ഞ് കൂലിവാങ്ങും. അതാണ് ഉപജീവന മാർഗ്ഗം.

ഏതോ ഒരു ബസ് യാത്രയിലാണ് അൻവർ. തൊട്ടടുത്ത സീറ്റ് ഒഴിഞ്ഞു കിടന്നു.

വഴിയിൽ നിന്നൊരു ചെറുപ്പക്കാരൻ കയറി. അൻവറിന്റെ അടുത്ത് വന്നിരുന്നു. അത് സ്വാബിറായിരുന്നു. ജോലി സ്ഥലത്ത് നിന്ന് വരികയാണ്.

ജോലികഴിഞ്ഞ് നന്നായി കുളിച്ചു. നല്ല വസ്ത്രം ധരിച്ചു. മുഷിഞ്ഞത് കഴുകി ഉണക്കാനിട്ടു. പോക്കറ്റിൽ നിന്ന് അത്തർ കുപ്പിയെടുത്ത് വസ്ത്രത്തിൽ സുഗന്ധം പൂശി.

അടുത്തുവന്നിരുന്നപ്പോൾ നല്ല സുഗന്ധം. ചൂടുള്ള പകലുകളിൽ വൈകുന്നേരമായാൽ ആർക്കും വിയർപ്പ് നാറ്റമുണ്ടാകും. ഇവിടെയിതാസുഗന്ധം. ആസുഗന്ധമാണ് അൻവറിനെ ആകർഷിച്ചത്.

എന്താ പേര്?

അൻവർ ചോദിച്ചു.

സ്വാബിർ.

പേരും അൻവറിനെ ആകർഷിച്ചു. ക്ഷമാശീലൻ. എന്താ ജോലി? ഇപ്പോൾ ഒരു കെട്ടിടത്തിന്റെ തറ കെട്ടിക്കൊണ്ടിരിക്കുകയാണ്.

വലിയ കരിങ്കല്ല് അടിച്ചു പൊട്ടിച്ച് ചെറിയ കഷ്ണങ്ങളാക്കുന്ന പണിയായിരുന്നു ഇന്ന്.

അൻവർ ഞെട്ടി. ഈ ചെറിയ പ്രായത്തിൽ ഇത്രകടുത്ത പണിയോ? അല്ലാഹു ആരോഗ്യം നൽകിയിട്ടുണ്ട്. ആരോഗ്യമുള്ളവർ നന്നായി അധ്വാനിക്കണം അങ്ങനെകിട്ടുന്ന

ആഹാരമാണ് ഏറ്റവും നല്ല ആഹാരം.

എന്നും ഇങ്ങനെ സുഗന്ധം പൂശുമോ? അത് സുന്നത്താണ്. സുന്നത്ത് അവഗണിക്കാൻ പാടില്ല.

വീട്ടിലാരൊക്കെയുണ്ട്? ഉമ്മ, ഉപ്പ, ഭാര്യ, രണ്ട് വയസുള്ള മോൻ. ജോലിക്ക് പോവുമ്പോൾ നിസ്കാരമൊക്കെ എങ്ങനെയാണ്. ശരീരം ശുദ്ധിയായിരിക്കില്ലല്ലോ?

നല്ല ചോദ്യം തന്നെ. ജോലിസ്ഥലത്ത് വെച്ചുതന്നെ കൈകാലുകൾ കഴുകി വൃത്തിയാക്കിയാൽ പോരേ. മുഷിഞ്ഞ വസ്ത്രം മാറ്റി നല്ലതുടുക്കും, എന്നിട്ട് ളുഹർ നിസ്കരിക്കും. അൻവറിന്റെ നാവു താഴ്ന്നു.

അപ്പോൾ ചെറുപ്പക്കാരൻ ചോദിച്ചു. എന്താപേര്?

അൻവർ.

അൻവർ ഇക്കാക്ക ബാഹ്യമായ ശുദ്ധിയെപ്പറ്റി ചിന്തിച്ചതും ചോദിച്ചതും. ആന്തരിക ശുദ്ധിയെപ്പറ്റി ചിന്തിച്ചില്ല, ചോദിച്ചുമില്ല.

ശരിയാണ്. ആന്തരിക ശുദ്ധി എന്നാലെന്താണ്? മനസ്സിന്റെ വിശുദ്ധി. മനസ്സ് നന്നാവണം. അവിടെ അഴുക്കുണ്ടാവരുത്. മനസ്സിൽ അഴുക്കും പേറി പുറമെ നല്ല വസ്ത്രം ധരിച്ചിട്ട് കാര്യമൊന്നുമില്ല.

ഖൽബ് നന്നാവണം. ഖൽബ് നന്നായാൽ മൊത്തം നന്നായി. ഖൽബ് മോശമായാൽ എല്ലാം മോശമായി. സ്വന്തം ഖൽബ് നന്നാക്കുന്നതിനെക്കുറിച്ച് അൻവർ ഇക്കാക്ക എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

അൻവർ ഞെട്ടിപ്പോയി. എന്ത് മറുപടി പറയും? ഒരു കൂലിപ്പണിക്കാരന്റെ മുമ്പിൽ തോറ്റുപോയി.

സ്വാബിർ സംസാരം തുടർന്നു. ഖൽബിലെ മാലിന്യങ്ങൾ നീക്കിത്തരാൻ ഒരു ഗുരു വേണം. ആത്മീയ ഗുരു. ആത്മീയ ഗുരുവിന്റെ ശിക്ഷണം ലഭിക്കണം. അപ്പോൾ ഖൽബ് ശുദ്ധ

മാവും. ഖൽബ് ശുദ്ധമായാൽ ഈമാനിന്റെ പ്രകാശം കടന്നു ചെല്ലും. മനസ്സിൽ അഹങ്കാരമുള്ളവർ ആത്മീയ ഗുരുവിനെ അന്വേഷിച്ചു പോവില്ല മനസ്സിൽ ഖിബ്ർ ഉള്ള കാലത്തോളം ഈമാനിന്റെ പ്രകാശം കടന്നു ചെല്ലില്ല. കിബ്റുള്ളവർ ആത്മീയ ഗുരുക്കൻമാരെ കണ്ടാൽ വകവെക്കില്ല. അത്തരക്കാരുടെ അന്ത്യം വളരെ മോശമായിരിക്കും.

സ്വാബിറിന് നല്ല വിവരമുണ്ട്.

അൻവർ അറിയാതെ പറഞ്ഞുപോയി.

എനിക്കെന്ത് വിവരം? എന്റെ വിദ്യാഭ്യാസ യോഗ്യത കേൾക്കണോ? നാലാം ക്ലാസ്. മദ്രസാപഠനവും അത്ര തന്നെ.

ചെറുപ്പത്തിൽ തന്നെ കൂലിപ്പണിക്കിറങ്ങി. പിന്നൊരാശ്വാസമുണ്ട്, എന്റെ ഉമ്മാക്കും ഉപ്പാക്കും ഭാര്യക്കും മോനും ഞാൻ ഹലാലായ ആഹാരമാണ് നൽകുന്നത്. കഠിനാധ്വാനം നടത്തി നേടുന്ന  ഉപജീവനം.

സ്വാബിറിന്റെ കണ്ണുകൾ നിറയുന്നത് അൻവർ അതിശയത്തോടെ നോക്കിനിന്നു.

ആഴ്ചയിൽ ഏഴ് ദിവസവും പണിക്ക് പോകുമോ? ഒരു ദിവസം പോവില്ല. വെള്ളിയാഴ്ച.

ഈ വിവരങ്ങളൊക്കെ എവിടെ നിന്ന് കിട്ടി?

മാസംതോറും മാസിക വരും. അത് നിറയെ വിലപ്പെട്ട വിവരങ്ങളാണ് വായിച്ചു പഠിക്കും. ഇടക്കിടെ ഉസ്താദുമാരുടെ ക്ലാസുണ്ടാകും കേൾക്കാൻ പോകും.

നിങ്ങളുടെ വീട്ടിലേക്കുള്ള വഴി പറഞ്ഞുതരൂ. ഞാനൊരിക്കൽ വീട്ടിൽ വരാം. ഇൻശാഅല്ലാഹ്. ആ മാസിക എനിക്കൊന്ന് കാണണം. നിങ്ങളുടെ ഉപദേശവും കേൾക്കണം.

ഉപദേശമോ? എന്റെ ഉപദേശമോ?  ഞാനൊരു സാധാരണക്കാരൻ. വീട്ടിൽ വരുന്നത് സന്തോഷം തന്നെ. വീട്ടിലേക്കുള്ള വഴി പറഞ്ഞുകൊടുത്തു. ഇറങ്ങാൻ നേരം സ്വാബിർ

പറഞ്ഞു. ആത്മീയ ഗുരുവിനെ സ്വീകരിക്കണം. അന്വേഷിച്ചോളൂ. കണ്ടെത്തും

ഇൻശാഅല്ലാഹ്. കൈപിടിച്ചു സലാം പറഞ്ഞു. സ്വാബിർ എഴുന്നേറ്റു ക്ലീനർ ബെല്ലടിച്ചു. ബസ് നിന്നു രണ്ടോ മൂന്നോ പീടികകളുള്ള സ്ഥലത്ത് സ്വാബിർ ഇറങ്ങി.

കുറെ തൊഴിലാളികൾ കയറി. എന്തൊരു വിയർപ്പ് നാറ്റം തൊഴിൽ സ്ഥലത്ത്നിന്ന് അതേപടി വരികയാണ്.

ഒരു മലഞ്ചരിവിലേക്കുള്ള ഒറ്റയടിപ്പാതയിലൂടെ സ്വാബിർ നടന്നു പോവുന്നത് അൻവർ കൗതുകത്തോടെ നോക്കിനിന്നു.

സ്വാബിർ എല്ലാദിവസവും പാദങ്ങൾ വെക്കുന്ന ഒറ്റയടിപ്പാതയോടും അകലെ കാണുന്ന മലഞ്ചരിവിനോടും വല്ലാത്ത സ്നേഹംതോന്നി. ആ മലഞ്ചരിവിലെവിടെയോ ആയിരിക്കും സ്വാബിറിന്റെ ചെറിയവീട്.

മാസത്തിലൊരിക്കൽ പോസ്റ്റ്മാൻ ആ കൊച്ചുവീടിന്റെ മുറ്റത്തെത്തും മാസിക കൊടുക്കാൻ. ഭാര്യ മാസിക വായിക്കും. ഉമ്മയും ഉപ്പയും കേട്ട് മനസ്സിലാക്കും. അൻവർ ആ രംഗം മനസ്സിൽ കാണുകയാണ്.

ഒരു ദിവസം അൻവർ പറഞ്ഞു. ജമാലേ.. നാളെ എനിക്കൊരു സ്ഥലം വരെ പോവണം.

എങ്ങോട്ടാണ്?

അതിപ്പോൾ പറയില്ല. പോയിവന്നിട്ട് ഇൻശാഅല്ലാഹ് പറയാം.

എന്തിനാണ് പോവുന്നത്?

അതൊക്കെ പിന്നെ പറയാം. ഞാനും വരുന്നു നിന്റെകൂടെ.

വേണ്ട നീവന്നാൽ ശരിയാവില്ല.

നീയെന്ത്പറഞ്ഞാലും ശരി, ഞാൻ കൂടെവരും.

കൂടെക്കൂട്ടില്ലെന്ന് അൻവറിന് വാശി. കൂടെപ്പോവണമെന്ന്

ജമാലിനും വാശി.

പിറ്റേന്ന് ഇരുവരും ബസ്സ്റ്റോപ്പിലെത്തി. ബസ്സ് വന്നുനിന്നു. അൻവർ കയറി ജമാലും കയറി. നീയെങ്ങോട്ടാണ് അൻവർ ചോദിച്ചു. നീ പോവുന്നേടത്തേക്ക് തന്നെ.

എങ്കിൽ നീആദ്യം ടിക്കറ്റെടുക്ക്. പിന്നെ ഞാൻഎടുത്ത്കൊള്ളാം അൻവർ രോഷത്തോടെ പറഞ്ഞു.

ജമാൽ ചിരിച്ചുകൊണ്ടിങ്ങനെ പറഞ്ഞു. ഞാൻ ആദ്യം ടിക്കറ്റെടുക്കുന്നില്ല. അവസാനവും എടുക്കുന്നില്ല. രണ്ട് ടിക്കറ്റും നീഎടുത്താൽ മതി. അ

ൻവർ മൗനം പൂണ്ടു.

കണ്ടക്റ്റർ വന്നു. അൻവർ രണ്ട് ടിക്കറ്റെടുത്തു. ബസ് കുതിച്ചുപാഞ്ഞു. കുഗ്രാമത്തിന്റെ വിരിമാറിലൂടെ ബസ്സ് ഓട്ടംതുടർന്നു. സായാഹ്നമായി ബസ്സ് നിന്നു. അൻവർ ഇറങ്ങി കൂടെ ജമാലും ഇറങ്ങി. ഒറ്റയടിപ്പാതയിലൂടെ നടന്നു.

പാതവക്കിൽ ജുമാമസ്ജിദ്. അസ്വർ നിസ്കരിക്കാം മസ്ജിദിൽ കയറി നിസ്കരിച്ചു. നിസ്കാരശേഷം പള്ളി മുറ്റത്ത് കണ്ട ഒരാളോട് അൻവർ ചോദിച്ചു. നമ്മുടെ സ്വാബിറിന്റെ വീടെവിടെയാണ്?

അയാൾ അൻവറിനെ തുറിച്ചു നോക്കി. മൂന്നാളുകൾകൂടി നടന്നു വന്നു. അവരുടെ മുമ്പിൽ അൻവറും ജമാലും കാഴ്ചവസ്തുക്കളായി.

എവിടെ നിന്ന് വരുന്നു? അവർ ചോദിച്ചു.

അൻവർ നാടിന്റെ പേര് പറഞ്ഞു.

ഈചങ്ങാതിയെ കാണാൻ ഇത്ര ദൂരത്ത് നിന്ന് വരികയോ? എന്താകാര്യം?

ഒന്നുകാണാനാണ്. എന്തോ കാര്യമുണ്ട് അതെന്താണെന്ന് പറയൂ.ഞങ്ങളും കൂടെ ഒന്ന് കേൾക്കട്ടെ. അങ്ങനെയൊന്നുമില്ല. ഒന്നുകാണാനാണ്.

ആസ്വാബിർ എന്ന് പറയുന്നവനുണ്ടല്ലോ? അവന്റെ പോക്ക് അത്രശരിയല്ല. അവനുമായുള്ള കൂട്ടുകെട്ട് വേണ്ട. നിങ്ങൾ തിരിച്ചുപോകണം

സ്വാബിറിനെന്താ കുഴപ്പം?

എന്താ കുഴപ്പമെന്നോ? എല്ലാം കുഴപ്പം തന്നെ കുഴപ്പമില്ലാത്തതെന്താ ഉള്ളത് പറയൂ. ഈപള്ളിയിലെ ഉസ്താദിന്റെ വാക്കുകൾ ധിക്കരിച്ചവനാണവൻ വഴി തെറ്റിയവരുടെ പ്രസംഗം കേൾക്കരുതെന്ന് പറഞ്ഞു. അനുസരിച്ചില്ല അവൻ പോയി അവരുടെ മാസിക വായിക്കരുതെന്ന് വിലക്കി. അവൻ വായിച്ചു. ഇതിനപ്പുറം എന്ത് കുഴപ്പമാണ് വേണ്ടത്? ഇന്നാട്ടിൽ അവനെയാരും പണിക്ക് വിളിക്കില്ല ദൂരെ എവിടെയോ പോയാണ് പണിയെടുക്കുന്നത്. അവന്റെ ചരിത്രം കുറച്ച് കൂടുതൽ പറയാനുണ്ട്.

അൻവർ പുറത്തേക്കിറങ്ങി. കൂടെ ജമാലും എന്ത് ഏടാകൂടത്തിനാണിറങ്ങിപ്പുറപ്പെട്ടത്? ജമാൽ അരിശത്തോടെ ചോദിച്ചു.

നിന്നോട് ഞാനെന്താ പറഞ്ഞത് കൂടെ വരല്ലേ വരല്ലേ എന്നെത്ര തവണ പറഞ്ഞു. ഇനിമിണ്ടിപ്പോകരുത്. ജമാൽ നാവടക്കി. കൂടെനടന്നു.

പണികഴിഞ്ഞ് മടങ്ങി വരുന്ന ഹരിജനങ്ങൾ. അവരോട് അൻവർ ചോദിച്ചു. പണിക്ക് പോകുന്ന സ്വാബിറിന്റെ വീടറിയാമോ?

ഹരിജനങ്ങൾ നിന്നു. പിന്നെ ചിരിച്ചു. എന്നിട്ട് പറഞ്ഞു. കുറച്ചു നടക്കണം. ഞങ്ങളുടെ കൂടെവന്നോളൂ കാണിച്ചു തരാം.

സംസാരിച്ചുകൊണ്ട് നടന്നു. ഇടക്ക് അൻവർ ചോദിച്ചു.

സ്വാബിർ എങ്ങനെയുള്ള ആളാണ്?

നല്ലമനുഷ്യനാണ്. ആരെയും ഒന്നും പറയില്ല. കഴിയുന്ന ഉപകാരംചെയ്യും ദൈവാനുഗ്രഹമുള്ള ആളാണ്.

കുറെ ദൂരം നടന്നു. ഒരുകുന്നിലേക്ക് ചൂണ്ടിക്കൊണ്ട് അവർ പറഞ്ഞു. അവിടെ ഉയരത്തിൽ കാണുന്ന ആചെറിയ വീട് അവി

ടേക്ക് പോയ്ക്കോളൂ.

അൻവറും ജമാലും നടന്നു. കുന്നിന്റെ മുകളിൽ ചെറിയ വീട്. വീടും പരിസരവും വൃത്തിയാക്കി വെച്ചിട്ടുണ്ട്.

സ്വാബിറിന്റെ ഉപ്പ ഇറങ്ങി വന്നു.

അൻവർ സലാം ചൊല്ലി. സലാം മടക്കിക്കൊണ്ട് വൃദ്ധൻ ചോദിച്ചു ആരാണ്? എന്തിന് വന്നു?

സ്വാബിറിനെ ഒന്നുകാണാൻ വന്നതാണ്. അവനെത്തിയിട്ടില്ല. ഇനിയും വൈകും. ജമാലിന് വെപ്രാളം തുടങ്ങി. രാത്രിയാവാറായി. ഇരുട്ടിയാൽ എന്ത് ചെയ്യും. എങ്ങനെ മടങ്ങും. അപ്പോൾ ഒരാൾ കുന്ന് കയറി വരികയായിരുന്നു.

അൻവറിനെ തിരിച്ചറിഞ്ഞു. ആഹ്ലാദത്തോടെ സലാം ചൊല്ലി. അസ്സലാമുഅലൈക്കും.

അൻവറും ജമാലും സലാംമടക്കി. നിങ്ങൾ വാക്ക് പാലിച്ചു. വളരെ സന്തോഷം ഇനി മടങ്ങിപ്പോവാനൊന്നും പറ്റില്ല. ഞങ്ങളുടെ പട്ടിണിയിൽ കൂടാം. അൻവർ വെറുതെ ചിരിച്ചു. ജമാലിന് ചിരിവന്നില്ല.

മഗ്‌രിബ് നിസ്കരിച്ചു. ചായകുടിച്ചു. സ്വാബിർ ഒരു മാസിക നിവർത്തി. ഒരു ലേഖനം കാണിച്ചു. എന്നിട്ടിങ്ങനെ പറഞ്ഞു. ഞാനൊരുപണ്ഡിതനൊന്നുമല്ല. എന്റെ മനസ്സിലെ ഇരുട്ട് അകറ്റേണ്ടത് എന്റെ കടമയാണ്. അതിന്നാവശ്യമായ വിജ്ഞാനം ഞാൻ നേടിക്കൊണ്ടിരിക്കുന്നു. ഞാൻ മഹത്തായ ഖാദിരിയ്യാ ത്വരീഖത്തിന്റെ ശൈഖുമാരുമായി ബന്ധപ്പെടാറുണ്ട്. അവരുടെ ക്ലാസുകളിൽ പങ്കെടുക്കും ധാരാളം വിവരങ്ങൾ അങ്ങനെ ലഭിക്കും. അവരുമായി പലവിഷയങ്ങളെ കുറിച്ചും സംസാരിക്കും സംശയങ്ങൾ ചോദിക്കും. നമ്മുടെ സംശയങ്ങളെല്ലാം തീർത്തു തരാൻ കഴിവുള്ള പണ്ഡിതന്മാർ നമുക്കുണ്ട്. അവർ ശരീഅത്തിന്റെ പണ്ഡിതന്മാരാണ്. ത്വരീഖത്തിന്റെയും പണ്ഡിതന്മാരാണ്. പിന്നെന്താഭയം? കാര്യങ്ങൾ ചെന്ന് ചോദിക്കാൻ എത്രയെത്ര

പണ്ഡിതന്മാർ. എത്ര സന്തോഷകരമായ അവസ്ഥ.

ഈലേഖനം നോക്കൂ? ലേഖനത്തിന്റെ തലക്കെട്ട് തൗഹീദിൽ ബൈഅത്ത് പ്രസക്തിയും പ്രാധാന്യവും രണ്ട് വാചകങ്ങൾ ഞാൻ വായിക്കാം. വിശുദ്ധതൗഹീദിൽ ബൈഅത്ത് ചെയ്യേണ്ടതിന്റെ പ്രസക്തിയും പ്രാധാന്യവും വ്യക്തമായി മനസ്സിലാക്കണമെങ്കിൽ മനുഷ്യോൽപ്പത്തിയുടെ തുടക്കത്തിൽ ആത്മാക്കളുടെ ലോകത്ത് വെച്ചുനടന്ന ചില സുപ്രധാന സംഭവവികാസങ്ങൾ നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. സർവ്വ മനുഷ്യരുടെയും ആത്മാക്കളെ സൃഷ്ടിച്ച് ആദിപിതാവ് ഹസ്രത്ത് ആദം നബി(അ)ന്റെ മുതുകിൽ നിക്ഷേപിച്ച ശേഷം ആത്മാക്കളുടെ ലോകത്ത്വെച്ച് മുഴുവൻ മനുഷ്യരിൽ നിന്നും അല്ലാഹു ചില പ്രതിജ്ഞകളും കരാറുകളും ഉറപ്പുകളും വാങ്ങിയിട്ടുണ്ട്.

വായന ഇത്രയെത്തിയപ്പോൾ അൻവർ ചോദിച്ചു. ഈകരാറിനെ കുറിച്ച് ഖുർആനിൽ പറയുന്നുണ്ടോ?

ഖുർആനിൽ പറയുന്നുണ്ട്.

ഏത് സൂറത്തിൽ പറയുന്നു?

സൂറത്ത്അഅ്റാഫ്. നൂറ്റി എഴുപത്തി രണ്ടാം ആയത്ത്.

ആ ആയത്ത് ഓതിക്കേൾപ്പിക്കാൻ കഴിയുമോ?

ഓതിത്തരാം. സ്വാബിർ നല്ല ശൈലിയിൻ ഓതി. ആയത്തിന്റെ അർത്ഥം കൂടി പറഞ്ഞുതരാം

താങ്കളുടെ റബ്ബ് ആദമിന്റെ മക്കളിൽ നിന്ന് അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താന പരമ്പരകളെ പുറത്തെടുക്കുകയും അവരുടെ മേൽ അവരെത്തന്നെ സാക്ഷികളാക്കുകയും ചെയ്ത സന്ദർഭം ഓർക്കുക. ഞാനല്ലേ നിങ്ങളുടെ റബ്ബ്. എന്ന് അവൻ അവരോട് ചോദിച്ചു. അതെ, നീതന്നെയാണ് ഞങ്ങളുടെ റബ്ബ്. ഞങ്ങളിതാസാക്ഷിനിന്നിരിക്കുന്നു. (അല്ലാഹു അങ്ങനെ കരാർ ചെയ്യിച്ചത്) നിശ്ചയമായും ഞങ്ങൾ ഇത് അറിഞ്ഞിരുന്നില്ല എന്ന് അന്ത്യനാളിൽ നിങ്ങൾ പറയാതിരിക്കാനാണ്.

സ്വാബിർ അൽപ്പനേരം മൗനമായി ഇരുന്നു.

അൻവറും ജമാലും വിസ്മയത്തോടെ പരസ്പരം നോക്കി. വലിയൊരു പണ്ഡിതന്റെ മുന്നിലിരിക്കും പോലെ തോന്നി.

ആത്മാവുകളുടെ ലോകം. അവിടെ വെച്ചുനടന്ന കരാർ ഈകരാർ പുതുക്കണം. തൗഹീദിൽ ബൈഅത്ത് ചെയ്യണം. കാലാകാലങ്ങളിൽ പ്രവാചകന്മാരും അവരെ സമീപിച്ച കരാർ പുതുക്കണം. നബിമാരുടെ കാലം കഴിഞ്ഞലോ? അവരുടെ പ്രതി നിധികളെ സമീപിക്കണം. അവരുടെ മുമ്പിൽ വെച്ച് കരാർ പുതുക്കണം. അന്ത്യനാൾ വരെ ഈനില തുടരും. ദീൻ നില നിൽക്കാൻ അല്ലാഹുവെച്ച വ്യവസ്ഥയാണത്.

സ്വാബിർ ലേഖനത്തിൽ നിന്ന് ഇങ്ങനെ വായിച്ചു. ഈക രാർ സംഭവം വിശദീകരിച്ച് കൊണ്ട് പ്രമുഖ സ്വഹാബി പണ്ഡി തനായ ഇബ്നുഅബ്ബാസ്(റ) പറയുന്നു. നിശ്ചം അല്ലാഹു ആദം( അ) ന്റെ വലതുചുമലിൽ തട്ടി. അപ്പോൾ സ്വർഗ്ഗത്തിന്ന് വേണ്ടി സൃഷ്ടിക്കപ്പെട്ട മുഴുവൻ ആത്മാക്കളും, കലർപ്പ് അശേഷം ഏൽക്കാത്ത വെളുത്തവരായി പുറത്ത് വന്നു.

അവരെപ്പറ്റി അല്ലാഹു പറഞ്ഞു. ഇവരാണ് സ്വർഗ്ഗവാസി കൾ. ശേഷം അല്ലാഹു ആദംനബി(അ)ന്റെ ഇടതു ചുമലിൽ തട്ടി. അപ്പോൾ നരകത്തിന്ന് വേണ്ടി സൃഷ്ടിക്കപ്പെട്ട ആത്മാവു കളെല്ലാം കറുത്തവരായി പുറത്തുവന്നു. അവരെ കുറിച്ച് അല്ലാഹു പറഞ്ഞു. ഇവരാണ് നരകവാസികൾ. എന്നിട്ട് അല്ലാഹു എല്ലാവരിൽ നിന്നും ഈമാനിന്റെയും മഅ്രിഫത്തിന്റെയും, അല്ലാ ഹുവിന്റെ കൽപ്പനകൾ അനുസരിക്കുന്നതിന്റെയും മേലിൽ പ്രതിജ്ഞ എടുപ്പിച്ചു. ഈ പ്രതിജ്ഞക്ക് അവരെത്തന്നെ അല്ലാഹു സാക്ഷികളാക്കുകയും ചെയ്തു.

ഇത്രയും വായിച്ചശേഷം സ്വാബിർ പറഞ്ഞു. ഇതാണ് ആദ്യത്തെ കരാർ ഭൂമിയിൽ വെച്ചുള്ള ബൈഅത്ത് രണ്ടാമത്തെ കരാർ.ആദ്യത്തെ കരാറിന്റെ പ്രയോജനം ലഭിക്കണമെങ്കിൽ രണ്ടാമത്തെ കരാർകൂടി നിർവ്വഹിക്കണം. അൻവർ ഇക്കാക്കയും

ജമാൽ ഇക്കാക്കയും ഗൗരവത്തിൽ മനസ്സിലാക്കണം. മുറബ്ബി യായ ശൈഖിന്റെ മുമ്പിൽ ചെന്ന് നാം കരാർ പുതുക്കണം. ബൈഅത്ത് ചെയ്യണം. എന്നാൽ ആദ്യകരാറിന്റെ പ്രയോജനം നമുക്ക് ലഭിക്കും. ശൈഖിന്റെ മുമ്പിൽ ചെന്ന് ബൈഅത്ത് ചെയ്യാതെ നാം മരിച്ച്പോയാലോ? നമുക്ക് ആദ്യകരാറിന്റെ പ്രയോജനം ലഭിക്കില്ല. ഇത് നിസ്സാരകാര്യമല്ല.

ഇന്നത്തെ സംഘടനാ നേതാക്കൾ ജനങ്ങൾക്ക് ഇത് പറ ഞ്ഞുകൊടുക്കുന്നില്ല. ബൈഅത്തിന് പോവാൻ സമ്മതിക്കുന്നി ല്ല. തടഞ്ഞുവെക്കുന്നു. ഇതെത്രഗുരുതരമായ തെറ്റാണ്.

അൻവർ ചോദിച്ചു. ഇക്കാര്യങ്ങൾ ഏത് കിതാബിലാണ് പറയുന്നത്.

പല ഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. നമ്മുടെ പണ്ഡിതന്മാരെ സമീപിച്ചാൽ കിതാബുകൾ തുറന്നുകാണിച്ചുതരും. ഈലേഖ നത്തിൽ ഉദ്ധരിച്ചത് തഫ്സീർ ഇബ്നു കസീർ, തഫ്സീർ ഖാസിൻ എന്നീകിതാബുകളിൽ നിന്നാണ്. ഭൂമിയിൽ വെച്ച് ബൈഅത്ത് ചെയ്യാതെ മരിച്ചുപോയ കുട്ടികൾക്ക് കുറ്റമില്ല. ആത്മാവുകളുടെ ലോകത്ത് വെച്ച് കരാർ ചെയ്ത ദിവസത്തിന്ന് ഒരു പേരുണ്ട്. അഹ്ദ് - മീസാഖിന്റെ ദിവസം.

ഈ ദിവസത്തെ കുറിച്ചും കരാറിന്റെ പ്രാധാന്യത്തെക്കു റിച്ചും എല്ലാ നബിമാരും തങ്ങളുടെ സമുദായത്തെ ഓർമ്മിപ്പി ച്ചു കൊണ്ടിരിക്കുന്നു. ബൈഅത്തിന്റെ പ്രാധാന്യം വ്യക്തമാ ക്കുന്ന നിരവധി ഹദീസുകളുണ്ട്.

ലേഖനത്തിൽ വന്ന മൂന്ന് ഹദീസുകൾ നമുക്കു വായി ക്കാം. സ്വാബിർ ഇങ്ങനെ വായിച്ചു.

നബി(സ)നമ്മെ ഉണർത്തുന്നു. പ്രതിജ്ഞ ചെയ്യാതെയാണ് ഒരാൾ മരിക്കുന്നതെങ്കിൽ അവൻ ഇസ്ലാമിന്റെ പിടുത്തത്തിൽ നിന്ന് പുറപ്പെട്ടുകൊണ്ടാണ് മരിക്കുന്നത്. നബി(സ) പറഞ്ഞു. പ്രതിജ്ഞ ചെയ്യാതെയാണ് ഒരാൾ മരിക്കുന്നത് എങ്കിൽ അവൻ ജാഹിലിയ്യാ മരണയാണ് വരിച്ചത്. ഹ.ഇബ്നു ഉമർ(റ) പറയു

ന്നു. ഒരാൾ ബൈഅത്ത് ചെയ്യാതെയാണ് അല്ലാഹുവിനെ കണ്ടുമുട്ടുന്നതെങ്കിൽ അവൻ ന്യായമില്ലാതെയാണ് അല്ലാഹുവിനെ കണ്ടുമുട്ടുന്നത്. ഒരാൾ ബൈഅത്ത് ചെയ്യാതെയാണ് മരിക്കുന്നതെങ്കിൽ അവൻ ന്യായമില്ലാതെയാണ് അല്ലാഹുവിനെ കണ്ടുമുട്ടുന്നത്.

അൻവറും ജമാലും അമ്പരന്ന്പോയി.

എത്രയോ വർഷങ്ങളായി തങ്ങൾ സംഘടനയുടെ സജീവ പ്രവർത്തകരാണ്. എന്തുമാത്രം പ്രസംഗങ്ങൾ കേട്ടു. എത്രയെത്ര ലേഖനങ്ങളും പുസ്തകങ്ങളും വായിച്ചു. ഈ വിവരം ഇത് വരെ ഞങ്ങൾക്ക് കിട്ടിയില്ല. ഇങ്ങനെ ഒരു ബൈഅത്തിന്റെ കാര്യം കേട്ടിട്ടേയില്ല. നേതാക്കൾ ഇതെല്ലാം അറിഞ്ഞ പണ്ഡിതന്മാരാണല്ലോ. ഇങ്ങനെയാണെങ്കിൽ പിന്നെന്തിന് സംഘടന? ആദ്യമായി സംഘടനയെ സംശയത്തോടെ വീക്ഷിക്കാൻ തുടങ്ങി.

# 3

# ബൈഅത്ത്

സ്വാബിർ സംസാരം തുടർന്നു.

സയ്യിദിനാ മുഹമ്മദ് റസൂലുല്ലാഹി സ്വല്ലല്ലാഹു അലൈഹി വസ്സല്ലം അന്ത്യപ്രവാചകരുടെ കാലഘട്ടം.

സ്വഹാബികളെല്ലാം ബൈഅത്ത് ചെയ്തു. വിശുദ്ധ തൗഹീദിലാണ് ബൈഅത്ത്.

ഇമാം ബൈഹഖി (റ) വിന്റെ ഒരു റിപ്പോർട്ട് ഈ ലേഖനത്തിലുണ്ട് ഞാൻ വായിക്കാം.

ഇബ്നു അബ്ബാസ് (റ) പറയുന്നു. എല്ലാ ജനങ്ങളും തീരുദൂതരെക്കൊണ്ട് വിശ്വസിക്കണമെന്നും സത്യവിശ്വാസത്തിൽ ബൈഅത്ത് ചെയ്യണമെന്നും തിരുനബി(സ) അതിയായി ആഗ്രഹിച്ചിരുന്നു.

സ്വാബിർ ഗൗരവത്തിൽ സംസാരിച്ചു. അക്കാലത്തെ മുസ്ലിംകളുടെ കാര്യത്തിൽ മാത്രമല്ല ഈ ആഗ്രഹം. എല്ലാ

കാലത്തുമുള്ള മുസ്ലിംകൾ തൗഹീദിൽ ബൈഅത്ത് ചെയ്യണമെന്നാണ് നബി(സ) തങ്ങൾ ആഗ്രഹിക്കുന്നത്.

ആ ആഗ്രഹത്തിന്ന് എതിര് നിൽക്കാമോ?

സ്വാബിർ ലേഖനഭാഗം വായിച്ചു. ഹ: മുഹമ്മദ്ബ്നു അസ്‌വദുൽ ഖലഫ് (റ) പറയുന്നു. എന്റെ പിതാവായ അസ്‌വദ് നബി(സ) തങ്ങൾ ജനങ്ങളിൽ നിന്ന് ബൈഅത്ത് സ്വീകരിക്കുന്ന സന്ദർഭത്തിൽ അവിടെ സന്നിഹിതനായിരുന്നു. ഈ സമയത്ത് സ്ത്രീകളും പുരുഷന്മാരും കുട്ടികളും മുതിർന്നവരുമൊക്കെ തിരുസന്നിധിയിൽ ചെന്ന് ഇസ്ലാമിന്റെയും ശഹാദത്തിന്റെയും മേലിൽ നബി(സ) തങ്ങളോട് ബൈഅത്ത് ചെയ്തു. ഇമാം ഇബ്നു റജബ്(റ) പറയുന്നു. ഇസ്ലാം സ്വീകരിക്കുന്ന സമയത്ത് തന്നെ ഇസ്ലാമിന്റെ വിധിവിലക്കുകൾ മുറികെ പിടിക്കണമെന്നതിന്റെ മേലിൽ നബി(സ) സ്വഹാബികളിൽ നിന്ന് പതിജ്ഞ എടുക്കാറുണ്ടായിരുന്നു.

പ്രായപൂർത്തിയാകാത്ത കുട്ടികളായിരിക്കെത്തന്നെ നബി(സ) തങ്ങളോട് ഹസൻ (റ), ഹുസൈൻ (റ), ഇബ്നു അബ്ബാസ് (റ), അബ്ദുല്ലാഹിബ്നു ജഅ്ഫർ (റ) എന്നിവർ ബൈഅത്ത് ചെയ്തു.

അൻവർ ഇടക്കുകയറി ഒരു ചോദ്യം ചോദിച്ചു.

നബി (സ) തങ്ങൾ സ്വഹാബിമാരിൽ നിന്ന് ബൈഅത്ത് സ്വീകരിച്ചു. അത് വളരെ പ്രസിദ്ധവുമാണ്. നബി തങ്ങൾക്കു ശേഷം ബൈഅത്ത് എങ്ങനെയാണ്?

സ്വാബിർ ആവേശത്തോടെ മറുപടി നൽകി.

മക്കാ വിജയദിവസം.

ജനങ്ങൾ ബൈഅത്ത് ചെയ്യാൻ തിക്കിതിരക്കിവന്നു. സഫാ കുന്നിൽ ഇരുന്നുകൊണ്ടാണ് നബി (സ) ബൈഅത്ത് സ്വീകരിച്ചത്.

സഫാ കുന്നിന്റെ താഴ്ഭാഗത്ത് ഇരിക്കാനും ജനങ്ങളിൽ

നിന്ന് ബൈഅത്ത് സ്വീകരിക്കാനും ഉമർ (റ) വിനെട് കൽപ്പിക്കുകയും ചെയ്തു.

അതനുസരിച്ച് ഉമർ(റ) ജനങ്ങളിൽ നിന്ന് ബൈഅത്ത് സ്വീകരിച്ചു. പുരുഷന്മാരുടെ ബൈഅത്തിനുശേഷം സ്ത്രീകളുടെ ബൈഅത്ത് നടന്നു.

നബി(സ) തങ്ങളുടെ പ്രതിനിധി എന്ന നിലവിലാണ് ബൈഅത്ത് സ്വീകരിച്ചത്. ബനൂ ആമിർ ഗോത്രക്കാർ ബൈഅത്തിന് വന്നപ്പോൾ നബി(സ) തങ്ങളുടെ പ്രതിനിധി എന്ന നിലയിൽ ഖാലിദുബ്നുൽ വലീദ്(റ) അവരിൽ നിന്ന് ബൈഅത്ത് സ്വീകരിച്ചു.

മുആദുബ്നു ജസൽ(റ) നിരവധി പേരിൽ നിന്ന് ബൈഅത്ത് സ്വീകരിച്ചിട്ടുണ്ട്.

മിസ്അബുബ്നു ഉമൈർ(റ) വിന്റെ കഠിനാധ്വാനഫലമായി ഹിജ്റക്കു മുമ്പുതന്നെ മദീനയിൽ ഇസ്ലാം മതം പ്രചരിച്ചു. നിരവധിപേർ മുസ്ലിംകളായി. മിസ്ബ് (റ) അവരിൽ നിന്ന് ബൈഅത്ത് സ്വീകരിച്ചു.

ഇസ്ലാം മത പ്രചരണത്തിനായി ലോകത്തിന്റെ നാനാ ഭാഗത്തിലേക്ക് പോയ പ്രമുഖ സഹാബികൾ അതാതു നാടുകളിലെ ജനങ്ങളിൽ നിന്ന് ബൈഅത്ത് സ്വീകരിച്ചു.

നബി(സ) തങ്ങളുടെ യഥാർത്ഥ പിൻഗാമികളാണ് ത്വരീഖത്തിന്റെ മശാഇഖന്മാർ. അവർ ജനങ്ങളിൽ നിന്ന് ബൈഅത്ത് സ്വീകരിക്കുന്നു.

ഗൗസുൽ അഅ്ളം ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി (ഖ:സി) ജനങ്ങളിൽ നിന്ന് ബൈഅത്ത് സ്വീകരിച്ചിരുന്നു. പൂർണ്ണ തൗഹീദിൽ ബൈഅത്ത് ചെയ്തു. ബഗ്ദാദി(റ), ശൈഖ് അബൂബക്കർ ശിബ് ലി(റ), ശൈഖ് സരിയ്യുസ്വിഖ്ത്വി(റ) തുടങ്ങി നിരവധി ശൈഖുമാർ ജനങ്ങളിൽ നിന്ന് ബൈഅത്ത് സ്വീകരിച്ചു.

അൻവർ ഇങ്ങിനെ ചോദിച്ചു.

ഇപ്പറഞ്ഞ ആളുകളുടെയെല്ലാം കാലഘട്ടം കടന്നുപോയില്ലേ ഇന്ന് നമ്മളെന്ത് ചെയ്യും.

മലയാളികളായ നമ്മുടെ സൗഭാഗ്യം.

ഈ കാലഘട്ടത്തിന്റെ ഖുത്ബ് ഇന്ത്യക്കാരനാണ്. മലയാളിയാണ്. ബൈഅത്ത് സ്വീകരിക്കാൻ മഹാനെ സമീപിക്കാം.

സ്വാബിർ മഹാന്റെ പേര് പറഞ്ഞു.

ഖുത്വബുസ്സമാൻ ശൈഖ് യൂസുഫ് സുൽത്താൻ ശാഹ് ഖാദിരി ചിശ്തി.

ജമാൽ ചിന്തയിലാണ്ടു. ഈ പേര്

ഇതെവിടെയോ കേട്ടിട്ടുണ്ട്. എവിടെവെച്ചാണ്?

സംഘടനാ നേതാവിന്റെ പ്രസംഗത്തിൽ ഈ പേര് പരാമർശിച്ചിട്ടുണ്ടല്ലോ.

ശൈഖാവാൻ യോഗ്യതയില്ലാത്ത ആളാണെന്നാണല്ലോ നേതാവ് പറഞ്ഞത്.

സ്വാബിർ പറയുന്നു. ഖുത്വബുസ്സമാനാണെന്ന്.

ആർക്കാണ് തെറ്റുപറ്റിയത്.

സ്വാബിർ കാര്യങ്ങൾ വളരെ കൃത്യമായി അവതരിപ്പിക്കുന്നു. തെറ്റ് പറ്റാൻ സാധ്യത കാണുന്നില്ല. നേതാവിന് തെറ്റുമോ, ജമാൽ ആശയക്കുഴപ്പത്തിലായി, ലക്ഷക്കണക്കായ അനുയായികളുള്ള നേതാക്കന്മാരാണ്.

അവർ പറഞ്ഞാൽ പറഞ്ഞത് തന്നെ. അനുയായികളായ നാം അതനുസരിക്കുക. തെറ്റും ശരിയും അവർ തീരുമാനിക്കട്ടെ. അപ്പോൾ ഈ കേട്ട കാര്യങ്ങളോ?

ജമാലിന്റെ ചിന്തകൾ എവിടെയും ഉറച്ചു നിൽക്കുന്നില്ല. ജമാലിന്റെ നയനങ്ങൾ ലേഖനത്തിലെ ചില വരികളിൽ പതിഞ്ഞു.

യമനിലെ സുദാഅ് ഗോത്രക്കാരനായ സിയാദുബ്നു ഹാരിഥ് അസ്സദാഇ (റ) പറയുന്നു. ഞാൻ നബി(സ) യുടെ സന്നിധിയിലെത്തി ഇസ്ലാമിൽ ബൈഅത്ത് ചെയ്തു.

ഉമ്മുആമിർ അൽ അശ്ഹലിയ്യ, ലൈലാ ബിൻത് അൽ ഖതീം, ഹവ്വാഅ് ബിൻത് യസീദ് എന്നീ മൂന്ന് മഹതികൾ നബി(സ)യുടെ തിരുസന്നിധിയിലെത്തി ഇസ്ലാമിൽ ബൈഅത്ത് ചെയ്തു. (ത്വബഖാതുൽ കുബ്റ)

വായിച്ചപ്പോൾ ഉൾപ്പുളകം വന്നുപോയി. നബി(സ) തങ്ങളുടെ സന്നിധിയിലെത്തുക. ആ തിരുവദനം ദർശിക്കുക. ആ സ്വരം കേൾക്കുക.

എന്തൊരു സൗഭാഗ്യം.

പെട്ടെന്ന് സ്വാബിർ വാചാലനായി.

നിങ്ങൾ ഖുത്വബുസ്സമാനെ കണ്ടിട്ടുണ്ടോ? ഇല്ല അൻവറും ജമാലും ഒന്നിച്ച് മറുപടി പറഞ്ഞു.

നിങ്ങൾ കേരളത്തിൽ ജീവിക്കുന്നു. അതേ കേരളത്തിൽ ഖുത്വബുസ്സമാനും ജീവിക്കുന്നു. എന്നിട്ട് നിങ്ങൾക്കിത് വരെ കാണാൻ കഴിഞ്ഞിട്ടില്ല. ഇതാണ് നിർഭാഗ്യം. ഈ നിർഭാഗ്യം നീക്കണം. നിങ്ങൾ സൗഭാഗ്യവാൻമാരായി മാറണം.

ഖുത്വബുസ്സമാനെ കണ്ട കണ്ണുകൾ അനുഗ്രഹീതമാണ്. ആ സ്വരം കേട്ട കാതുകൾ അനുഗ്രഹീതമാണ്.

തൗഹീദിലേക്കാണ് മഹാൻ വിളിക്കുന്നത്.

മഹാൻ മരണത്തെയാണ് ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നത്. പൂർണ്ണ തൗഹീദ് ചൊല്ലി ചിരിച്ചു മരിക്കുക. മനുഷ്യരെ ആ അവസ്ഥയിലെത്തിക്കുകയാണ് മഹാന്റെ ദൗത്യം. മനുഷ്യരെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കുന്നു. ആകാശത്തിന് താഴെ ഒരു മനുഷ്യന്ന് ചെയ്യാവുന്ന ഏറ്റവും മഹത്തായ ദൗത്യം.

ജനങ്ങൾ തിങ്ങിനിറഞ്ഞ സദസ്സുകളിൽ മഹാൻ പ്രസംഗിക്കുന്നു. മഹാൻ പറയുന്നതിങ്ങനെയാണ്.

എന്റെ യഥാർത്ഥ മുരീദുമാർ എങ്ങനെയാണ് മരിക്കുന്ന തെന്ന് നിങ്ങൾ നോക്കണം.

പൂർണ്ണതൗഹീദ് ചെല്ലി ചിരിച്ചുമരിക്കുന്നു. അതൊരു പച്ച പരമാർത്ഥമാണ്.

എത്രയോ മുരീദുമാർ മരിച്ചുപോയി. ആണുങ്ങളും പെണ്ണു ങ്ങളും മരണപ്പെട്ടു, പല നാടുകളിൽ മരണം സംഭവിച്ചു. ഓരോ മരണവും ആ നാട്ടിൽ ഒരതിശയമാണ്.

നിഷ്കളങ്കരായ നാട്ടുകാർ ഇങ്ങനെ പറയും. ഇത്പോ ലൊരു മരണം നാട്ടിൽ നടന്നിട്ടില്ല. ചിരിച്ചു മരിച്ചുകിടക്കുക യല്ലേ ചെയ്തത്.

ഇത്കേട്ട് ആളുകൾ അതിശയിച്ച് നിൽക്കുന്നു.

അൻവർ ഇക്കാക്കാ

ജമാൽ ഇക്കാക്കാ

ഇത്പോലുള്ള മരണമല്ലേ നമുക്കും വേണ്ടത്?

മരണത്തെപ്പറ്റി മഹാൻമാർ പറഞ്ഞതെന്താണെന്നറി യാമോ?

സത്യവിശ്വാസിക്ക് മരണം ഒരു പാരിതോഷികമാകുന്നു.

അത് മൗത്തു ത്വഹ്ഫത്തുൽ മുഅ്മിനീൻ.

അല്ലാഹു നൽകിയ പാരിതോഷികമാണത്. സമാധാനവും സന്തോഷവും നിറഞ്ഞലോകത്തേക്കുള്ള യാത്രയുടെ തുടക്ക മാണ് മരണം.

വേദനയും വേവലാതികളുമില്ലാത്ത ലോകം

അവിടെയെല്ലാം സലാം.... സലാം....

സത്യവിശ്വാസികളായിത്തീരണം. അവർക്കുമാത്രമാണ് മരണം പാരിതോഷികമായിത്തീരുക

സ്വാബിർ പെട്ടെന്നൊരുചോദ്യം ചോദിച്ചു.

പഴയ ഇസ്ലാം അതിന്റെ പൂർണ്ണ രൂപത്തിൽ ഇന്നത്തെ

സംഘടനകൾ പ്രചരിപ്പിക്കുന്നുണ്ട് എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

അൻവർ മറുപടി പറഞ്ഞില്ല.

ജമാലും മറുപടി പറഞ്ഞില്ല.

എന്താ നിങ്ങൾ ഒന്നും മിണ്ടാത്തത്? നിങ്ങൾ നടത്തുന്ന മദ്രസ്സയിൽ പഠിച്ച് പത്താം ക്ലാസ്സ് പാസ്സായ കുട്ടിക്ക് ബൈഅത്തിനെക്കുറിച്ച് വല്ല വിവരവും കാണുമോ? ആ ഭാഗം വിട്ടുകൊണ്ടുള്ള മതപ്രചാരണമല്ലേ ഇന്നിവിടെ നടക്കുന്നത്? വിശുദ്ധ ഖുർആനിലെ ശാസനകൾ എല്ലാ കാലക്കാർക്കുമുള്ളതല്ലേ. സ്വാബിർ ചോദിച്ചു.

സൂറത്തുന്നഹ്ലിൽ അല്ലാഹു പറഞ്ഞു അല്ലാഹുവുമായി ചെയ്ത കരാർ നിങ്ങൾ നിറവേറ്റുക. സൂറത്തു മാഇദയിൽ പറഞ്ഞതിങ്ങനെയാണ്. അല്ലാഹു നിങ്ങൾക്കു ചെയ്ത അനുഗ്രഹങ്ങളെയും അവനുമായി നിങ്ങൾ ചെയ്ത പ്രതിജ്ഞകളെയും നിങ്ങൾ ഓർക്കുക.

സൂറത്തുനഹ്ലിലെ ആയത്തിൽ (അഹ്ദ്, കരാർ-പ്രതിജ്ഞ)എന്ന വാക്കാണ് ഉപയോഗിച്ചത്. ഈ വാക്ക് വിശദീകരിച്ചുകൊണ്ട് മസീദത്തുബ്നു ജാബിർ (റ) പറയുന്നു.

നബി(സ) തങ്ങളോട് ചെയ്ത ബൈഅത്തിന്റെ വിഷയത്തിലേക്ക് ഈ വാക്യം അവതരിച്ചത്. ഒരാൾ ഇസ്ലാം സ്വീകരിക്കുന്നപക്ഷം നബി(സ) അദ്ദേഹത്തെ ഇസ്ലാമിൽ ബൈഅത്ത് ചെയ്യിക്കാറുണ്ടായിരുന്നു. ഇത്രയും പ്രാധാന്യമുള്ള ബൈഅത്തിനെ ഇളംതലമുറക്ക് പരിചയപ്പെടുത്തേണ്ടതില്ലേ? നിങ്ങളെന്താ ഒന്നും പറയാത്തത്

ഞങ്ങളെന്ത് പറയാൻ. ഞങ്ങളിതൊക്കെ ഇപ്പോൾ ആദ്യമായി കേൾക്കുകയാണ്.

അൻവർ മെല്ലെ പറഞ്ഞു.

ഇതു തന്നെയാണ് അധിക പേരുടെയും അവസ്ഥ.

നിങ്ങൾക്കറിയാമോ? ഇവിടെ ദീനിന്റെ വിധി നടപ്പാക്കിയിരുന്നത് ആരാണെന്ന്?

ത്വരീഖത്തിന്റെ മഹാന്മാരായ ശൈഖുമാർ.

നിങ്ങൾ ശൈഖ് സൈനുദ്ദീൻ മഖ്ദൂം (റ) വിനെപ്പറ്റികേട്ടിട്ടുണ്ടോ?

കേട്ടിട്ടുണ്ട്. കൂടുതലായൊന്നും അറിയില്ല.

മഖ്ദൂമി പണ്ഡിതന്മാർ

അവരാണിവിടെ ദീൻ നടത്തിയിരുന്നത്.

അവരായിരുന്ന ഒരു കാലത്ത് ഖാദിമാരും ഖത്വീബുമാരും മുദരിസുമാരും അവരുടെ കേന്ദ്രമായിരുന്നു പൊന്നാനി.

ശരീഅത്തും ത്വരീഖത്തും ഹഖീഖത്തും വേണമെന്നാണ് അവർ പഠിപ്പിച്ചത്.

ശരീഅത്തില്ലാത്ത ത്വരീഖത്ത് തള്ളിക്കളയണം.

ത്വരീഖത്തില്ലാത്ത ശരീഅത്ത് കൊണ്ടും കാര്യമില്ല.

രണ്ടും വേണം. കോഴിക്കോട്ടെ ഖാസിമാരും അതു തന്നെയാണ് പ്രചരിപ്പിച്ചത്.

ഇതാണ് ചരിത്രസത്യം. പുതിയ തലമുറക്ക് ഈ ചരിത്രസത്യമറിയില്ല. കുറെകാലമായില്ലെ മറന്നു കിടക്കുകയാണ്.

ഈ ചരിത്ര സത്യം ഇപ്പോൾ പൊടിതട്ടിയെടുത്ത് പൊക്കിക്കൊണ്ട് വന്നതാരാണ്.

ഖുത്ബുസ്സമാൻ.

ഖുത്ബുസ്സമാൻ ശൈഖ് യൂസുഫ് സുൽത്വാൻ ശാഹ് ഖാദിരി ചിശ്തി.

മഹാനവർകൾക്ക് അല്ലാഹു ദീർഘായുസ്സ് നൽകി അനുഗ്രഹിക്കട്ടെ.

അൻവറും ജമാലും ഒന്നിച്ചു പറഞ്ഞുപോയി.

ആമീൻ.

# 4

# തൗഹീദ്

മുഹ്‌യിദ്ദീൻ മാല പാടാറുണ്ടോ? സ്വാബിർ ചോദിച്ചു.

ചെറുപ്പത്തിൽ പാടിയിട്ടുണ്ട്. അൻവർ പറഞ്ഞു.

പിന്നെ പാടിയിട്ടില്ല. അല്ലേ? എന്തേ നിങ്ങളുടെ സംഘടനക്കാർ അത് പാടാൻ പ്രേരിപ്പിക്കാത്തത്?

പാടിയാൽ പലതും പഠിക്കും. പഠിച്ചാൽ ബുദ്ധിമുട്ടാകും. പാടാഞ്ഞാൽ പിന്നെ ബുദ്ധിമുട്ടില്ല. ആഖിറത്തിന്റെ ചിന്ത വന്നു പോകും.

ആഖിറത്തെക്കുറിച്ചു ചിന്തിച്ചാൽ പേടി തോന്നും.

ആഖിറത്തിൽ രക്ഷപ്പെടണം. അതിനെന്ത് വഴി. അതായിരിക്കും ചിന്ത.

ആഖിറം രക്ഷപ്പെടാനുള്ളവഴി മുഹ്യുദ്ദീൻ മാലയിൽതന്നെ പറഞ്ഞിട്ടുണ്ട്.

സ്വാബിർ നല്ല ഈണത്തിൽ ഒരു വരി പാടി.

ആഖിറം തന്നെ കൊതിയുള്ള ലോകരെ

അവരെ മുരിദായിക്കൊള്ളുവിനപ്പോളെ

ആഖിറത്തിൽ കൊതിയുള്ള ലോകരേ നിങ്ങൾ മുഹ്യു ദ്ദീൻ ശൈഖ്(റ) വിന്റെ മുരീദായിക്കൊള്ളുക.

ആഖിറത്തിനെക്കുറിച്ച് ചിന്തിക്കാൻ അനുയായികളെ പ്രേരിപ്പിക്കുന്ന നേതാക്കളല്ലല്ലോ ഇന്നുള്ളത്.

ദുൻയാവിനെക്കുറിച്ചാണവർ ചിന്തിക്കുന്നത്. അനുയായികളെക്കൊണ്ട് ചിന്തിപ്പിക്കുന്നതും അതു തന്നെ. സംഘടനകൾ വരുന്നതിനു മുമ്പ് അവസ്ഥ ഇതല്ല.

സമൂഹത്തിൽ ഏറ്റവും കൂടുതൽ ആജ്ഞാശക്തിയുള്ള വർ ശൈഖുമാരായിരുന്നു. ഔലിയാക്കൾ

അവർ പറയുന്നത് ജനങ്ങൾ പൂർണ്ണമായി വിശ്വസിക്കും. സംശയിക്കില്ല. കൽപിച്ചാൽ ചെയ്തിരിക്കും.

ഒരു കൽപനയും ലംഘിക്കില്ല.

അവർ അല്ലാഹുവിന്റെ ആരിഫീങ്ങളാണ്.

അവർ ജനങ്ങളെ അല്ലാഹുവിലേക്ക് നയിച്ചു.

ജനങ്ങൾ അല്ലാഹുവിനുവേണ്ടി ജീവിക്കും.

അല്ലാഹുവിന് വേണ്ടി മരിക്കും.

ശൈഖന്മാർ ജനങ്ങളെ വിട്ടോടിപ്പോവുകയില്ല. ജന ങ്ങൾക്കൊപ്പം നിൽക്കും. അവരുടെ ജീവിതം സംശുദ്ധമാക്കി ത്തീർക്കും. സത്യത്തിന്നും നീതിക്കും വേണ്ടി നിലകൊള്ളും. അനീതിക്കെതിരെ വാളെടുക്കേണ്ടിവന്നാൽ വാളെടുക്കും.

കേരളത്തിൽ ഇസ്ലാം മതപ്രചരണത്തിനു വന്ന ആദ്യമി ഷണറി സംഘം ഏതായിരുന്നു.?

ചോദ്യം കേട്ട് അന്തിച്ചുപോയി. മറുപടിയില്ല.

സ്വാബിർ പറഞ്ഞു. മഹാനായ മാലിക്ബ്നു ദീനാർ(റ) വിന്റെ നേതൃത്വത്തിൽ വന്ന സംഘം

അവർ കൊടുങ്ങല്ലൂരിൽ മസ്ജിദ് നിർമ്മിച്ചു. അതാണ് ആദ്യത്തെ പള്ളി. പിന്നെ വടക്കോട്ട് നീങ്ങി. മംഗലാപുരം വരെ പോയി. കടൽ തീരത്ത് പത്ത് പള്ളികൾ നിർമ്മിച്ചു. അവയി ലൊന്ന് ചാലിയത്തായിരുന്നു.

പിൽക്കാലത്ത് പോർത്തുഗീസുകാർ വന്നു. രാജ്യം വെട്ടി പിടിച്ചു. മുസ്ലിംകളെ കൊന്നൊടുക്കാൻ തുടങ്ങി. ചാലിയത്തു വന്നു. മാലിക്കുബ്നുദീനാർ(റ) നിർമ്മിച്ച മസിജിദ് പൊളിച്ചു. തറപോലും തകർത്തു. എന്നിട്ടവിടെ കോട്ടകെട്ടി പള്ളിയുടെ കല്ലുകൾ അതിന്നുപയോഗിച്ചു.

ഈ ധിക്കാരത്തിന്നെതിരെ പടപൊരുതിയതാരാണ്? ശൈഖുമാർ. അവരുടെ ധീരമുരീദുമാർ.

പണ്ഡിത ശ്രേഷ്ഠനായ ശൈഖ് അബ്ദുൽ അസീസ് മഖ്ദൂം കോഴിക്കോട് ഖാളി അബ്ദുൽ അസീസ്.

ശൈഖ് ശംസുദ്ദീൻ മുഹമ്മദ്ബ്നു അലാഉദ്ദീൻ ഹിംസി.

ഇവരൊക്കെ യുദ്ധമുഖത്തുണ്ടായിരുന്നു.

ധീരനായ നാവികപടത്തലവന്മാർ. കോട്ടക്കൽ കുഞ്ഞാ ലിമരക്കാർമാർ

ത്വരീഖത്തിലൂടെ ലഭിച്ച ശക്തിയാണവർ പ്രയോഗിച്ചത്. നായർപടയോടൊപ്പം അവരെല്ലാം ചാലിയത്തെത്തി. കോട്ട ക്ക്ചുറ്റും കിടങ്ങ് കീറി. മാസങ്ങളാളം സാമൂതിരി രാജാവിന്റെ ഉപരോധം തുടർന്നു.

കടൽക്കരയിലും ചാലിയാറിന്റെ തീരങ്ങളിലും കാവൽ ശക്തമാക്കി. കടൽ നിറയെ കുഞ്ഞാലിയുടെ നാവികക്കപ്പലു കൾ.

കോട്ടക്കകത്ത് സാധനങ്ങൾ തീർന്നു. പട്ടിണിയായി.

പട്ടിയെയും കാക്കയെയും വരെ കൊന്നുതിന്നേണ്ട അവസ്ഥ വന്നു. ഒടുവിൽ ഗതികെട്ട് വെള്ളപ്പതാക ഉയർത്തി കീഴടങ്ങി.

കോട്ടപൊളിച്ചു. മസ്ജിദ് സ്ഥാപിച്ചു.

ഇതാണ് ശൈഖുമാരും മുരീദുമാരും ഇവിടെ സൃഷ്ടിച്ച ചരിത്രം. ഇതൊന്നും മറന്നുപോവണ്ട.

ലോകം മുഴുവൻ ഇതാണവസ്ഥ. അധിനിവേശശക്തി കൾക്കെതിരെ ധീരമായി പടപൊരുതി.

ഖുത്വബുസ്സമാൻ സയ്യിദലവി തങ്ങൾ (ഖ.സി) വെള്ളക്കാർക്കെതിരെ പടനയിച്ച ധീരനായകനാണ്. വെളിയങ്കോട് ഉമർഖാളി(റ)വിന്റെ പാരമ്പര്യവും അതു തന്നെ. ഉമർഖാളി(റ)വിന്റെ ശൈഖ് ആരായിരുന്നുവെന്ന് നിങ്ങൾക്കറിയുമോ? ഖുത്ബുസ്സമാൻ സയ്യിദ് അലവി തങ്ങൾ.(ഖ.സി)

1921 ലെ ഖിലാഫത്ത് ലഹള കേട്ടിട്ടില്ലേ?

അടിച്ചമർത്തപ്പെട്ട ജനങ്ങൾക്കു വേണ്ടിയുള്ള യുദ്ധമായി രുന്നു അത്. മർദ്ദക ഭരണത്തിനെതിരെ രോഷം പൊട്ടിപ്പടർന്നു. അതിന്റെ നേതാവായിരുന്നു ആലി മുസ്ല്യാർ. ഖാദിരിയ്യ ത്വരീഖ ത്തിന്റെ ശൈഖായിരുന്നു.

വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ്ഹാജി ത്വരീഖത്തുകാ രനായിരുന്നു. അങ്ങനെ അനേകം മഹാന്മാരുടെ പേരുകൾ നാം ആദരവോടെ ഓർമ്മിക്കേണ്ടതുണ്ട്.

ചാലിയം യുദ്ധത്തിന്ന് നേതൃത്വം നൽകിയ ശൈഖുമാരിൽ ഒരാളായ ഖാളി അബ്ദുൽ അസീസ് അവർകളുടെ പുത്രനാണ് ഖാളി മുഹമ്മദ് തങ്ങൾ

ആരാണ് ഖാളി മുഹമ്മദ്? സ്വാബിർ ചോദിച്ചു.

മുഹ്യുദ്ദീൻ മാലയുടെ രചയിതാവ്? അൻവർ മെല്ലെ പറ ഞ്ഞു.

മഹാന്മാർ കോഴിക്കോട്ടെ ഖാളിയായിരുന്നു. കുറ്റിപ്പുറം ജുമുഅത്ത് പള്ളിയുടെ മുറ്റത്താണ് ഖബർ.

ഖാദിരിയ്യ ത്വരീഖത്തിന്റെ ശൈഖായിരുന്നു മഹാന

വർകൾ.

കോഴിക്കോട് ഖാളിയുടെ ആസ്ഥാനം ചാലിയത്ത് നിന്ന് കോഴിക്കോട്ടേക്ക് മാറ്റിയത് അക്കാലത്താണ്. കേരളം മുഴുവൻ ഖാദിരിയ്യ ത്വരീഖത്ത് പ്രചരിച്ചു.

ഖാദിമുഹമ്മദ് മുഹ്യുദ്ദീൻ മാല രചിച്ചു.

ഓരോ മുസ്ലിം വീട്ടിലും അത് പാരായണം ചെയ്യപ്പെട്ടു. മുഹ്യുദ്ദീൻ മാല രചിച്ചിട്ട് കാലമെത്രയായെന്ന് നിങ്ങൾക്കറിയാമോ?

നാനൂറ്റി എട്ട് വർഷം

അച്ചടിയില്ലാത്ത കാലം

തന്റെ ആത്മീയഗുരുവിന്റെ ചരിത്രം പഠിച്ചു ബഗ്ദാദിലെ പ്രസംഗങ്ങൾ നന്നായി പഠിച്ചു. ഗദ്യവും പദ്യവും പഠിച്ചു. അതിലെ ആശയങ്ങൾ സാധാരണക്കാരുടെ ഭാഷയിലാക്കി മാല എഴുതിയുണ്ടാക്കി.

എന്തിനാണ് മാല എഴുതിയത്?

ജനങ്ങൾക്കിടയിൽ ഖാദിരിയ്യ ത്വരീഖത്ത് പ്രചരിപ്പിക്കാൻ. ആത്മീയഗുരുവിന്റെ ചരിത്രം മാലയിലുണ്ട്.

മഹാനവർകളുടെ സന്ദേശവും മാലയിലുണ്ട്.

ശൈഖ് കാണിച്ചവഴിയിലൂടെ പോയാൽ അല്ലാഹുവിൽ എത്തിച്ചേരും.

ശൈഖില്ലാത്തവന്റെ വഴി ഇരുട്ടിലേക്കാണ്.

മുഹ്യുദ്ദീൻ മാല ജനങ്ങൾ മനഃപ്പാഠമാക്കി.

ഓരോ വീട്ടിലും മനഃപ്പാഠം പാടാൻ തുടങ്ങി. ഇളം തലമുറ കേട്ടു പഠിച്ചു പാടാൻ തുടങ്ങി.

പതിനായിരങ്ങൾ മാല പാടുന്നു. കാണാതെ പാടുന്നു. എത്രകാലം?

മൂന്നൂറ് കൊല്ലക്കാലം

പിന്നെ അത് അച്ചടിച്ചു പുറത്തിറങ്ങി.

മലയാളക്കരയിൽ ഖാദിരിയ്യ ത്വരീഖത്ത് എത്ര വ്യാപകമായിരുന്നു എന്ന് മനസ്സിലാക്കാനാണ് ഞാനിത്രയും പറഞ്ഞത്.

മസ്ജിദുകളിലും വീടുകളിലും മുഹ്‌യുദ്ദീൻ മൗലീദ് പാരായണം ചെയ്യപ്പെട്ടു.

റബീഉൽ ആഖർ മാസം വന്നാൽ മുഹ്‌യിദ്ദീൻ മൗലിദ് എല്ലായിത്തും പാരായണം ചെയ്യും.

12 ദിവസത്തെ പാരായണം. അതു കഴിഞ്ഞാൽ മുഹ്‌യിദ്ദീൻ ശൈഖിന്റെ ആണ്ട് കഴിക്കും. പള്ളികളിൽ വളരെ വിപുലമായി നടക്കും. വീട്ടുകാർ കഴിവനുസരിച്ച് നടത്തും.

പള്ളികളിൽ എല്ലാ മാസവും മുഹ്‌യിദ്ദീൻ റാത്തീബ് നടത്തും ധാരാളമാളുകൾ പങ്കെടുക്കും. നവജാത ശിശുക്കൾക്ക് പേരിടുമ്പോൾ മുഹ്‌യിദ്ദീൻ എന്ന പേരിന് പലതരം വിളിപ്പേരുകൾ വന്നു. മുഹ്‌യിദ്ദീൻ മൊയ്തീനായി, പിന്നെയത് പലവിധത്തിലായി. മൊയതീൻകുട്ടി, മൊയ്തീൻ കുഞ്ഞി, മൊയ്തു, മൊയ്തുട്ടി, കുഞ്ഞിമൊയ്തീൻ, മൊയ്തുണ്ണി തുടങ്ങിയവ ഉദാഹരണങ്ങൾ.

കേരള മുസ്‌ലിംകളുടെ ഒരു സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് പറയാം. എല്ലാ വിശേഷ സന്ദർഭങ്ങളിലുമുള്ള ദുആ. വിശേഷ ദിവസങ്ങളിലെല്ലാം ദുആ നിർവ്വഹിക്കുന്നു. ദുആക്ക് വേണ്ടി മുസ്‌ലിയാരെ ക്ഷണിക്കുന്നു.

വിവാഹ നിശ്ചയ വേളകളിൽ ദുആ, പുതിയാപ്പിള ഇറങ്ങുമ്പോഴും പുതിയപെണ്ണ് ഇറങ്ങുമ്പോഴും ദുആ, മുടികളച്ചിലിനും, സുന്നത്ത് കല്യാണത്തിനും, പുതിയ വീട്ടിൽ താമസം തുടങ്ങുമ്പോഴും എല്ലാം ദുആയുണ്ട്.

മരണവീട്ടിൽ നിരവധി തവണ ദുആ ഉണ്ട്. മതപ്രസംഗത്തിനും, മറ്റ് യോഗങ്ങൾക്കും ദുആ കാണും. എണ്ണിയാൽ തീരാത്ത അത്ര അവസരങ്ങൾ

ഫാത്തിഹയും സൂറത്തുകളും ഓതി ഹദ്‌യ ചെയ്യുന്നു. ആദ്യം ഹദ്‌യ ചെയ്യുന്നത് നബി(സ) തങ്ങൾക്കാകുന്നു. പിന്നെ ബദ്‌രീങ്ങൾക്കും മുഹ്‌യുദ്ദീൻ ശൈഖ്(റ)വിനുമാകുന്നു.

ആളുകളുടെ മനസ്സുകളിൽ മുഹ്‌യുദ്ദീൻ ശൈഖ് (റ) വിന്ന് പ്രത്യേക സ്ഥാനമുണ്ട്.

മഹാനവർകളുടെ പേരിൽ നിത്യവും യാസീൻ ഓതുന്ന വർ നിരവധിയുണ്ട്.

ഈ അവസ്ഥ എങ്ങിനെ ഉണ്ടായി.?

ഖാദിരിയ്യ ത്വരീഖത്തിന്റെ ശക്തമായ സാന്നിദ്ധ്യമാണ തിന്റെ കാരണം.

മഹാനവർകളുടെ മുരീദായിത്തീരണം.

ഖാദിരിയ്യാ ത്വരീഖത്തിന്റെ ശൈഖുമാർ എല്ലാ കാലത്തു മുണ്ടാകും. അത് കുറ്റിയറ്റുപോകില്ല. സ്വാബിർ മുഹ്‌യുദ്ദീൻ മാലയിലെ ഈരടി പാടി

എല്ലാരെകോഴിയും കൂകിയടങ്ങുമേ

മുഹ്‌യുദ്ദീൻ കോഴികോഴി ഖിയാമത്തോലം കൂടും.

അത് പാടികഴിഞ്ഞ് സ്വാബിർ പുഞ്ചിരി തൂകി. വല്ലാത്തൊ രനുഭൂതിയുടെ ചിരി.

ശൈഖ് മുഹ്‌യുദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി (ഖ:സ) മഹാനവർകൾ പറഞ്ഞ ഒരു കാര്യം ഞാൻ പറഞ്ഞു തരാം. അതിങ്ങനെയാണ്.

നബി(സ) തങ്ങൾ വരെ സിൽസില ചെന്നെത്തുന്ന ഒരു ശൈഖിൽ നിന്ന് തൗഹീദ് സ്വീകരിക്കാത്തവർക്ക് മരണ സമയത്ത് അത് ഓർമ്മ വരൽ വിദൂര സാധ്യതയാണ്.

അത്രയും പറഞ്ഞ് സ്വാബിർ നിർത്തി.

അൽപനേരത്തെ നിശ്ശബ്ദതക്കുശേഷം തുടർന്നു.

മരണസമയത്ത് കലിമ ചൊല്ലണം തൗഹീദ് ചൊല്ലണം.

തൗഹീദ് കലിമ ചൊല്ലാൻ കഴിയണമെങ്കിൽ ഒരു ശൈഖിൽ നിന്നത് സ്വീകരിക്കണം.

ശൈഖിന് സിൽസില വേണം

സിൽസില നബി(സ) തങ്ങളിൽ ചെന്ന് ചേരണം. ഖുത്ബുസ്സമാന്റെ സിൽസിലയെക്കുറിച്ച് നിങ്ങൾക്കറിയാമോ?

അത് അങ്ങനെയുള്ളസിൽസിലയാണ്.

മഹാന്റെ മുരീദുമാർ മരണസമയത്ത് തൗഹീദ് ചൊല്ലുന്നു. ചിരിച്ചു മരിക്കുന്നു.

ഇങ്ങനെയുള്ള മരണങ്ങൾ പലതും സംഭവിച്ചുകഴിഞ്ഞു. നമുക്കും അങ്ങിനെയുള്ള മരണം വേണ്ടേ?

വേണം, വേണം, അൻവർ ധൃതിയിൽ പറഞ്ഞു. ഖുത്വബു സ്സമാനെ നേരിട്ടുകാണാം.

അല്ലെങ്കിൽ മഹാന്റെ ഏതെങ്കിലും ഖലീഫയെക്കാണാം. ബൈഅത്ത് സ്വീകരിക്കാം.

സ്വാബിർ ഒരു ഈരടി പാടി.

കൺകൂടാവട്ടത്തിൽ നിന്റെ മുരീദുകൾ

സ്വർഗ്ഗത്തിൽ പോമെന്ന് അല്ലാഹ് കൊടുത്തോവർ

തൗഹീദിന്റെ വചനത്തിന്റെ പ്രാധാന്യം ജിബ്രീൽ(അ) ന്റെ വാക്കുകളിലൂടെ നമുക്ക് മനസ്സിലാക്കാം.

അതിപ്രകാരമാകുന്നു.

ലാഇലാഹ ഇല്ലല്ലാഹ്

മുഹമ്മദുറസ്സൂലുല്ലാഹ്

എന്ന തൗഹീദിന്റെ കലിമയെക്കാൾ വലിയൊരു വാക്യ വുമായിട്ട് ഞാൻ ഭൂമിയിൽ വന്നിട്ടില്ല.

ആകാശങ്ങളും ഭൂമികളും പർവ്വതങ്ങളും വൃക്ഷങ്ങളും കരയും കടലും നിലനിൽക്കുന്നത് ഈ വചനം കൊണ്ടാണ്. അറിയുക. അതാണ് ഇഖ്ലാസിന്റെ വചനം.

അതാണ് ഈമാനിന്റെ വചനം

അതാണ് ദിവ്യസാമീപ്യത്തിന്റെ വചനം

അതാണ് തഖ്‌വയുടെ വചനം

അറിയുക. അതാണ് രക്ഷയുടെ വചനം

അതാണ് ഉയർച്ചയുടെ വചനം

തൗഹീദ് മീസാന്റെ ഒരു തട്ടിലും എഴ് ആകാശങ്ങളും ഏഴ് ഭൂമിയും മറ്റേ തട്ടിലും വെച്ചാൽ തൗഹീദിന്റെ തട്ടായിരിക്കും കനം തൂങ്ങുക.

തൗഹീദിന്റെ കലിമയിൽസകലവിധ വിജ്ഞാനങ്ങളും അടങ്ങിയിരിക്കുന്നു. അതുകൊണ്ടാണത് ഇരുട്ടിന്റെയും സ്വർഗ്ഗത്തിന്റെയും താക്കോലായത്. മീസാനിൽ അതിനെക്കാൾ കനം കൂങ്ങുന്ന മറ്റൊന്നില്ല. സർവ്വ നബിമാരും മൊഴിഞ്ഞതിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായ വചനമാണത്.

സ്വാബിർ മാസിക നോക്കി വായിക്കുകയാണ്.

ഒരുപാട് മഹത്വമുള്ള ദിക്റുകളും അമലുകളും നാം കേട്ടിട്ടുണ്ട്. എന്നാൽ മീസാനിൽ തൗഹീദിനേക്കാൾ കനം തൂങ്ങുന്ന ഒരു അമലും ദിക്റുമില്ല. അത്കൊണ്ടാണ് ഈ ദിക്റിന്റെ വക്താക്കൾക്ക് അല്ലാഹുവിന്റെയും റസൂൽ (സ)യുടെയും ഔലിയാക്കളുടെയും അടുത്ത് പ്രത്യേകമായ സ്ഥാനവും ബഹുമതിയും ലഭിക്കുന്നത്.

പരിശുദ്ധ റസൂൽ (സ) പറഞ്ഞു.

തൗഹീദിനെ മുൻകടക്കുന്ന ഒരു അമലുമില്ല. അത് ഒരൊറ്റ ദോഷം പോലും ബാക്കിയാവാതെ പൊറുപ്പിക്കുന്നതാണ്.

മുറാഖബയെ തൗഹീദു കൊണ്ട് ധന്യമാക്കിയവരുടെ സ്ഥാനം അവർണ്ണനീയമാണ്.

ഖബർ മനുഷ്യനോട് പറയും. ഞാൻ മുൻകർ, നകീർ എന്നീ മലക്കുകളുടെ ചോദ്യസ്ഥലമാണ്. ധാരാളമായി തൗഹീദ് വർദ്ധിപ്പിച്ച ശേഷമേ നിങ്ങളിങ്ങോട്ട് വരാൻ പാടുള്ളൂ.

മാസികയിൽ നിന്ന് സ്വാബിർ ഇങ്ങിനെ വായിച്ചു. പൂർണ്ണ തൗഹീദ് നൂറ് പ്രാവശ്യം ചൊല്ലിയവരെ അന്ത്യനാളിൽ കൊണ്ട് വരുമ്പോൾ പതിനാലാം രാവിലെ ചന്ദ്രനെപ്പോലെ അവരുടെ മുഖം പ്രകാശിക്കുമെന്ന് നബി(സ) തങ്ങൾ പറഞ്ഞു.

എന്നിട്ടിങ്ങനെ തുടർന്നു.

അയാളുടേത് പോലെയുള്ള ഒരു അമൽ മറ്റൊരാളുടെ അടുത്തും ഉണ്ടാവുകയില്ല. അയാൾ ചൊല്ലിയത് പോലെ ചൊല്ലി യവരുടെ അടുത്തല്ലാതെ. (ഖസീനത്തുൽ അസ്റാർ)

റസൂൽ(സ) പറഞ്ഞു. തൗഹീദ് സ്വർഗ്ഗത്തിന്റെ വിലയാണ് മറ്റൊരിക്കൽ നബി(സ) പറഞ്ഞു. ഞാൻ സ്വർഗ്ഗത്തിൽ കടന്ന പ്പോൾ അതിന്റെ കവാടത്തിൽ മൂന്നു വരികൾ ഞാൻ ശ്രദ്ധിച്ചു. അതിൽ ഒന്നാമത്തെ വരി പൂർണ്ണ തൗഹീദ് ആയിരുന്നു.

റസൂൽ (സ) പറഞ്ഞു. പൂർണ്ണ തൗഹീദു കൊണ്ട് പിശാ ചിനെ നിങ്ങൾ തളർത്തുക. കഴുതപ്പുറത്ത് ധാരാളം സമയം യാത്ര ചെയ്യുകയും അനവധി ഭാരങ്ങൾ അതിന്റെ പുറത്ത് വെക്കുകയും ചെയ്യുമ്പോൾ അത് ക്ഷീണിക്കുന്നത് പോലെ തൗഹീദു കൊണ്ട് പിശാച് തളരും. (അൽഫത്ഹുൽ റബ്ബാനി)

ആദം (അ) കണ്ണ് തുറന്നപ്പോൾ ആദ്യം കണ്ടത് തൗഹീ ദായിരുന്നു. അതിലേക്കാണ് ആദം (അ) ന്റെ വിശുദ്ധ നയന ങ്ങളെ അല്ലാഹു ആദ്യമായി തിരിച്ചത്.

ലൈലത്തുൽ ഖദ്റിൽ എഴുപതിനായിരം മലക്കുകളുടെ അകമ്പടിയോടെ ഭൂമിയിലേക്ക് ആനയിക്കപ്പെടുന്ന ഓരോ പതാ കയിലും കുറിക്കപ്പെട്ടിരിക്കുന്നതും ഈ ദിവ്യ വചനമാണ്.

നമ്മുടെ ഹൃദയത്തിലും ആത്മാവിലും തൗഹീദ് കൊത്തിവെക്കണം. ഉറപ്പിച്ചു നിർത്തണം.

ഉറപ്പിച്ചു തരുന്നത് ഖുത്ബുസ്സമാനാകുന്നു.

സമയം പാഴാക്കരുത്. ഇനിയും വൈകിക്കരുത്

സ്വാബിറിന്റെ സ്വരത്തിൽ ഗൗരവം കലർന്നു.

# 5

# ചത്തമനസ്സുകൾ

എനിക്കൊരു കാര്യം അറിയാനാഗ്രഹമുണ്ട്. അൻവർ പറഞ്ഞു. എന്താണത്? എനിക്കറിയാവുന്നതാണെങ്കിൽ പറഞ്ഞു തരാം. അറിയാത്തതാണെങ്കിൽ അറിവുള്ളവരോട് ചോദിച്ചു പറഞ്ഞുതരാം. ചോദിച്ചോളൂ. സ്വാബിർ പറഞ്ഞു.

എനിക്കു ഖുത്ബുസ്സമാനെപ്പറ്റി അറിയാനാഗ്രഹമുണ്ട്. നിങ്ങൾ പറഞ്ഞു തരണം.

എനിക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞു തരാം. നാലു നൂറ്റാണ്ടുകൾക്കു മുമ്പ് മദീനയിൽ നിന്ന് നാല് സഹോദരന്മാർ കൊച്ചിയിൽ വന്നു. മൂത്ത സഹോദരന്റെ പേര് മുഹമ്മദ് മുഹ്യിദ്ദീൻ എന്നായിരുന്നു. പിന്നെ മൂന്ന് അനുജന്മാർ.

ആലുവായിലെ വെണ്ണിപ്പറമ്പ് എന്ന സ്ഥലത്ത് മുഹമ്മദ് മുഹ്യിദ്ദീൻ വന്ന് താമസമാക്കി. മൂന്ന് സഹോദരങ്ങൾ മൂന്ന് പ്രദേശങ്ങളിലേക്ക് പോയി. പാനായിക്കുളം, പെരുമുറ്റം, തൊടു

പുഴ എന്ന സ്ഥലങ്ങളിൽ താമസമാക്കി. എല്ലാവരും ദീനി പ്രചരണത്തിൽ മുഴുകി. അവരുടെ സാന്നിധ്യം തദ്ദേശ വാസികൾക്ക് വലിയ അനുഗ്രഹമായി അനുഭവപ്പെട്ടു. ധാരാളമാളുകൾ ഇസ്ലാം മതം സ്വീകരിച്ചു. ദീനി സ്ഥാപനങ്ങളുണ്ടായി. വെണ്ണിപ്പറമ്പിൽ താമസമാക്കിയ മുഹമ്മദ് മുഹ്‌യിദ്ദീൻ അവർകളുടെ സന്താനപരമ്പരയിലാണ് ഖുത്ബുസ്സമാൻ ജനിച്ചത്.

ഖുത്ബുസ്സമാൻ ശൈഖ് യൂസുഫ് സുൽത്താൻ അവർകളുടെ പിതാവ് പണ്ഡിതനായ അഹമദ്പിള്ള. മാതാവ് ഫാത്വിമ എന്നവർ. 1945 മാർച്ചു മാസം 26 നായിരുന്നു മഹാനവർകളുടെ ജനനം. അന്ന് റമളാൻ 17 തിങ്കളായ്ചയായിരുന്നു. പ്രസവ സമയത്ത് തന്നെ അത്ഭുതങ്ങൾ നടന്നിട്ടുണ്ട്. അല്ലാഹുവിൽ നിന്ന് ഒരു ഉറപ്പ് വാങ്ങിയ ശേഷമേ ഭൂമിയിൽ ജനിച്ചുള്ളു. മൂന്നു ദിവസം നിരാഹാര സമരം. നന്നാകാൻ വേണ്ടി, നല്ല ഉദ്ദേശ്യത്തോടെ എന്റെ കൈപിടിക്കുന്ന ഒരു മുരീദിന്നും നരകശിക്ഷ നൽകരുതെന്ന ഉറപ്പ് വാങ്ങിയ ശേഷം ജനനം നടന്നു.

യഥാർത്ഥ മുരീദുമാരുടെ മരണരംഗം കണ്ടാൽ നമുക്ക് ഇതു ബോധ്യപ്പെടും. പൂർണ്ണ തൗഹീദ് ചൊല്ലി ചിരിച്ചു മരിക്കുന്ന രംഗം ധാരാളമാളുകൾ കണ്ടിട്ടുണ്ട്. കുട്ടിക്കാലത്ത് ഉപ്പ തന്നെ പഠിപ്പിച്ചു. ഫരീദ് മുസ്‌ലിയാരാണ് പിന്നെ പഠിപ്പിച്ചത്. പത്ത് കിതാബ്, ഉംദ, നഹ്‌വ്, സ്വർഫ് എന്നിവ പഠിച്ചു. പൊന്നാനിക്കാരൻ ബാപ്പുട്ടി മുസ്‌ലിയാരാണ് പ്രധാന ഉസ്താദ്. ബോംബെയിലെ ടിറ്റ്‌വാലയിൽ അദ്ദേഹം ദർസ്നടത്തിയിരുന്നു. ബഹുഭാഷാ പണ്ഡിതൻ നാലു മദ്ഹബുകളിലും അവഗാഹം നേടിയ മഹാൻ ആ പണ്ഡിതനിൽ നിന്ന് ഓതിപ്പഠിക്കണമെന്നായിരുന്നു അല്ലാഹുവിന്റെ വിധി.

ഒരു വിശ്വാസിക്കും തന്റെ റബ്ബിനെ കാണാതെ സ്വസ്ഥത കൈവരില്ല. എന്ന നബിവചനം യൂസുഫ് എന്ന കുട്ടിയുടെ ഇളം മനസ്സിനെ വല്ലാതെ സ്വാധീനിച്ചു.

റബ്ബിനെത്തേടിയുള്ള യാത്ര

കുട്ടിക്കാലത്ത് തന്നെ ആയാത്ര ആരംഭിച്ചു. ഉപ്പാപ്പമാരുടെ കൂട്ടത്തിൽ വലിയ ഔലിയാക്കന്മാരുണ്ട്. അവർക്ക് യാസീൻ ഓതി ഹദ്‌യ ചെയ്യുന്ന പതിവ് ചെറുപ്പത്തിൽ തന്നെയുണ്ട്. കുട്ടി ടിറ്റ് വാലിലെത്തി. വന്ദ്യരായ ബാപ്പുട്ടി മുസ്ല്യാരുടെ ദർസിൽ മുത അല്ലിമായി. തഫ്സീർ, മിശ്ക്കാത്ത്, ഇഹ്‌യ തുടങ്ങിയ കിതാബുകൾ ഓതിപ്പഠിച്ചു. അതിബുദ്ധിയും, അത്യുത്സാഹവും, ത്യാഗ സന്നദ്ധതയും, ധൈര്യവും കുട്ടിയുടെ സവിശേഷഗുണങ്ങളായിരുന്നു. ഉപ്പാപ്പമാരോടുള്ള വല്ലാത്ത മഹബ്ബത്തും. വളരെ വേഗത്തിലാണ് ഓതിപ്പഠിച്ചത്. ഉസ്താദിനെയും സഹപാടികളെയും അതിശയിപ്പിച്ച പഠനം. സോലാപ്പൂരിലെ ഖബർ സ്ഥാനിൽ നിരവധി മഹാൻമാർ അന്ത്യവിശ്രമം കൊള്ളുന്നുണ്ട്. അവിടെയാണ് ബാപ്പുട്ടി മുസ്‌ലിയാരുടെ ഖബറിടം.

പരിത്യാഗത്തിന്റെ പതിനേഴു വർഷങ്ങൾ കിടിലം കൊള്ളിക്കുന്ന ജീവിതയാത്ര. ആത്മീയതയുടെ ഉന്നത സോപാനത്തിലേക്കുള്ള ത്യാഗനിർഭരമായ യാത്ര. ബിസ്തിമുഹല്ല, ഹാജിഅലി, ഹാജി മലങ്ക്, ബാണ്ടൂപ്പ്, താന, കല്യാൺ, ശിവാപ്പൂർ, രാജസ്ഥാനിലെ അജ്മീർ, ഡൽഹിയിലെ നിസാമുദ്ദീൻ, കർണാടകയിലെ മുർഗിമുല്ല, ദാദാഹയാത്ത് തുടങ്ങി എത്രയെത്ര കേന്ദ്രങ്ങൾ. ജീവിതത്തിന്റെ വഴിത്തിരിവായി മാറിയ ബഗ്ദാദ് സന്ദർഭം. സൂഫി ഫഖ്റുദ്ദീൻ മൗലാന(റ) ആത്മീയ യാത്രയിൽ ആദ്യം കണ്ടെത്തിയ ശൈഖ്. നബി(സ)യിലെത്തിച്ചേരണം. അവിടേക്കെത്താനുള്ള കവാടമാണ് അലി(റ). ആദ്യം അലി(റ)വിനെ കിട്ടണം. അതിനെന്ത് വഴി? ശൈഖ് വഴി പറഞ്ഞു കൊടുത്തു. നാല്പത്തൊന്ന് ദിവസത്തെ രിയാള. രാത്രി ഒറ്റക്കിരുന്ന് പ്രത്യേക ദിക്റ് ചൊല്ലണം. പ്രഭാതം വരെ. ശിഷ്യന് അലതിനുള്ള ധൈര്യമുണ്ടെന്ന് ശൈഖിനറിയാം.

ജൂലാൻ മൈതാനിയിൽ ഒറ്റക്കിരുന്ന് ദിക്റ് ചൊല്ലി പല അനുഭവങ്ങളുണ്ടായി. പേടിച്ചില്ല പിടിച്ചു നിന്നു. നാല്പത്തൊന്നാം ദിവസം രിയാള തീർന്നു മടങ്ങുമ്പോൾ ഒരാളെ കണ്ടു. ഫരീദ്മുസ്ല്യാരുടെ രൂപത്തിൽ. അത് അലി(റ) ആയിരുന്നു.

ഭാവിയിൽ നടക്കാൻ പോവുന്ന പലകാര്യങ്ങൾ സംസാരിച്ചു. അല്ലാഹുവിനെ കിട്ടാൻ കാട്ടിൽ പോവണം. ഹിള്റ്(അ)നെ കിട്ടണം. അതിന് വേണ്ടി ശൈഖ് സൂഫി ഫക്റുദ്ദീൻ മൗലാന മറ്റൊരു രിയാള നിർദ്ദേശിച്ചു. ഹാജി അലി ദർഗയുടെ സമീപം കടൽക്കരയിൽ നാല്പത്തൊന്ന് ദിവസം ഇരുന്ന് ദിക്റ് ചൊല്ലണം. രാത്രിയാണ് ഇരിക്കേണ്ടത്. ചൊല്ലിത്തീരുമ്പോൾ സ്വുബ്ഹിയാവും. നാല്പത്തൊന്ന് രാവുകൾ കടന്നുപോയി. നാല്പത്തൊന്നാം രാവ് തീരാറാവുമ്പോൾ ദിക്റ് കഴിഞ്ഞ് എഴുന്നേറ്റ് മുമ്പോട്ട് നടന്നു. വിശേഷപ്പെട്ട ഒരാൾ ചുമലിൽ ചാക്കും തൂക്കി നിൽക്കുന്നു. കുട്ടിയുടെ പേര്ചൊല്ലി വിളിച്ചു. നിങ്ങൾക്കെങ്ങനെ എന്റെ പേരറിയാം? അങ്ങനെ ചോദിച്ചപ്പോൾ ഉപ്പായുടെ പേര്ചേർത്തു വിളിക്കുന്നു. ഉപ്പൂപ്പായുടെ പേര് ചേർത്ത് വിളിക്കുന്നു. അത് ഹിള്റ്(അ) ആയിരുന്നു. ഭാവികാര്യങ്ങൾ പലതും പറഞ്ഞു.

മൈതാനിയിലും കടൽത്തീരത്തും തിരഞ്ഞാൽ അല്ലാഹുവിനെ കിട്ടില്ല. കാട്ടിൽ പോവണം. ആത്മീയമായ ഉയർച്ച ലഭിക്കാൻ ജനസമ്പർക്കം വെടിയണമെന്ന്. മനസ്സിലായി. പരിത്യാഗം അനിവാര്യം.

കൊടും വനത്തിലേക്കുള്ള യാത്രയാണ് പിന്നെ നടന്നത്. വന്യജീവികൾക്കിടയിലേക്കാണ് കയറിചെന്നത്. പർവ്വത ശിഖരങ്ങളിൽ ഒറ്റക്കിരുന്ന് ഇബാദത്തെടുത്തു. ദീർഘകാലം നോമ്പെടുത്തു. ആഹാരമില്ലാത്ത നാളുകൾ കടന്ന് പോയിട്ടുണ്ട്.

കൊടും വനത്തിൽ ഒരു വലിയ്യിന്റെ മഖ്ബറ. വൈകുന്നേരമായാൽ പുലിയിറങ്ങും. വാല് കൊണ്ട് ഖബർ തൂത്തുവാരി വൃത്തിയാക്കും. ആ പുലിക്കിടയിലാണ് ശൈഖുനാ കുറെകാലം ജീവിച്ചത്.

ഹാജിമലങ്കിന്റെ ഉയർന്ന ശിഖരത്തിൽ കഴിയുന്ന കാലം. നോമ്പ് തുറക്കാൻ ഒരു റൊട്ടി. പകുതി ശൈഖുനാ കഴിക്കും. മറ്റേ പകുതിക്ക് കൈനീട്ടിക്കൊണ്ട് സിംഹം വരും. സിംഹം നിത്യസന്ദർശകനായിരുന്നു.

ഒരിക്കൽ മരത്തിന്റെ വേരിൽ തലവെച്ചു കിടന്നുറങ്ങി. കുറെകഴിഞ്ഞപ്പോൾ വേര് ഇളകാൻ തുടങ്ങി. അതൊരു തടിയൻ പാമ്പായിരുന്നു.

വന്യജീവികൾ ശൈഖുനായെ സ്നേഹിച്ചു. ശൈഖുന അവയേയും സ്നേഹിച്ചു. റൗളാശരീഫിലേക്ക് ആത്മീയ യാത്ര നടത്തിയിട്ടുണ്ട്. നബി(സ) തങ്ങളെ നേരിൽ കണ്ടു. നബി(സ) തങ്ങൾ ശൈഖുനായെ അണച്ചു പിടിച്ചു. പലകാര്യങ്ങൾ സംസാരിച്ചു. അന്ന് മുതൽ വിയർപ്പ് ഗന്ധമില്ല.

മഖ്ബറയിലുള്ളവരെ കാണും സംസാരിക്കും. ബഗ്ദാദിൽ പോയി ഗൗസുൽ അഅ്ളം ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽഖാദിർ ജീലാനി(ഖ.സി.) മഹാനവർകളുടെ ദർഗാശരീഫിൽ ചെന്നു. അവർണ്ണനീയമായ അനുഭവങ്ങളുണ്ടായി. തഹജ്ജുദ് നിസ്കരിച്ചു. ഭക്തി നിർഭരമായ മനസ്സുമായി ഇരിക്കുകയാണ്. അപ്പോൾ ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽഖാദിർ ജീലാനി അവർകൾ വന്നു. ശൈഖുനായുടെ ശിരസിൽ കൈവെച്ചു കൊണ്ട് വിളിച്ചു. സൂഫി മുഹമ്മദ് യൂസുഫ് സുൽത്താൻ. അങ്ങനെ സുൽത്താനായി. പിന്നീട് ഔലിയാക്കന്മാർ സുൽത്താൻ എന്ന് വിളിക്കുകപതിവായി.

കരാർ പുതുക്കണം എന്നു ഗൗസുൽഅഅ്ളം പറഞ്ഞു കരാർ പുതുക്കൽ നടന്നത് പിന്നീട് ശിവാപ്പൂരിൽ വെച്ചാണ്. ശിവാപ്പൂരിലെ ജുമാമസ്ജിദിൽ ഖത്വീബായി ജോലിചെയ്യുന്ന കാലം. ധാരാളം പൗരാണിക ഗ്രന്ഥങ്ങൾ അവിടെയുണ്ട്. അവ നോക്കണം. അവയിലെ ആത്മീയജ്ഞാനം ഉൾക്കൊള്ളണം. പുണ്യ പുരുഷനായ ഖമറലി ദർവേശ്(റ) അന്ത്യവിശ്രമം കൊള്ളുന്നതവിടെയാണ്.

ഒരു വെള്ളിയാഴ്ച ദിവസം ഖുത്ബ ഓതിക്കൊണ്ടിരിക്കുന്നു. സദസ്സിൽ രണ്ട് മഹാൻമാർ ഇരിക്കുന്നു. തന്നെ സൂക്ഷിച്ചു നോക്കുന്നുണ്ട്. നിസ്കാരമൊക്കെ കഴിഞ്ഞശേഷം അവരുമായി സംസാരിച്ചു. സയ്യിദ് മുഹമ്മദ് ബാദ്ഷാ ഖാദിരി ചിശ്ത്തി യമ

നി(റ), അവരുടെ ഖലീഫ സയ്യിദ് മദാർശാഹ് ഖാദിരി(റ) എന്നീ മഹാൻമാർ ആയിരുന്നു അത്.

പൂർണ്ണ തൗഹീദിൽ ബൈഅത്ത് ചെയ്യുന്നതിനെ കുറിച്ചും. കരാർ പുതുക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ചുമൊക്കെയാണ വർ സംസാരിച്ചത്. ബാഗ്ദാദിൽ നിന്ന് കേട്ട കരാർ പുതുക്ക ലിന്റെ കാര്യം ഓർമ്മ വന്നു. അന്ന് രാത്രിയാണ് ബൈഅത്ത് നടന്നത്. അതിനു വേണ്ടി സയ്യിദ് മദാർശാഹ് ഖാദിരിയെ അവിടെ നിർത്തി. സയ്യിദ് മുഹമ്മദ് ബാദ്ശാഹ് ഖാദിരി ചിശ്ത്തി യമനി അവർകൾ തന്റെ ആസ്ഥാനയായ വാഡിയിലേക്ക് പോയി.

പൂർണ്ണ തൗഹീദിൽ ബൈഅത്ത് നടന്നു. 1975 നവംബർ 25 ന് ഖിലാഫത്ത് കിട്ടി. സയ്യിദ് മുഹമ്മദ് ബാദ്ശാഹ് ഖാദിരി ചിശ്ത്തി യമനി അവർകളിൽ നിന്നാണ് ഖിലാഫത്ത് കിട്ടിയത്. ശൈഖുനാ അവർകൾ ഖുത്ബുസ്സമാൻ പദവിയിലേക്കുയർന്നു. വർഷങ്ങളോളം അക്കാര്യം രഹസ്യമാക്കിവെച്ചു. വെളിവാക്കാൻ കൽപ്പനകിട്ടിയപ്പോൾ പ്രഖ്യാപനം നടത്തി.

ഖുത്ബുസ്സമാന്റെ കർമ്മരംഗം കേരളമോ പരിസര സം സ്ഥാനങ്ങളോ അല്ല. ഇന്ത്യാരാജ്യം മാത്രവുമല്ല. ലോകം മുഴുവ നുമാണ്. ഖാദിരിയ്യ, ചിശ്തിയ്യ, ഖിള്രിയ്യ, രിഫാഇയ്യ, ശാദുലിയ്യ, നഖ്ശബന്ദിയ്യ തുടങ്ങിയ ത്വരീഖത്തുകളിലായി ആയിരക്കണ ക്കായ ഖലീഫമാരുണ്ട്. അവരിലൂടെ ലോകമെങ്ങും ത്വരീഖ ത്തിന്റെ പ്രചാരണം നടക്കുന്നു.

ഇന്ന് വിജ്ഞാനകേദാരത്തിന്റെ അധിപതി ആരാണ്?

ഖുത്ബുസ്സമാൻ.

ലോകത്തിന്റെ ഏത് ഭാഗത്തുള്ളവർക്കും ഖുത്ബുസ്സമാനെ സന്ദർശിക്കാം. അവരുടെ ഭാഷയിൽ സംസാരിക്കാം. ആശയവി നിമയം നടത്താം. മനുഷ്യരും, ജിന്നുകളും, മലക്കുകളും, പരേ തരുടെ ആത്മാവുകളും ഖുത്ബുസ്സമാനുമായി ആശയവിനിമയം നടത്തുന്നു. നേർക്കുനേരെ സംസാരിക്കുന്നു. ഏത് കൊടിയ ശൈത്വാനും മഹാന്റെ മുമ്പിൽ ആയുധം വെച്ചുകീഴടങ്ങും. തന്റെ

മുമ്പിലെത്തുന്ന ഓരോ വ്യക്തിയുടെയും കടന്നുപോയ ഇന്ന ലെകൾ മഹാൻ വായിച്ചെടുക്കും. അവരുടെ ഭാവികാലവും മഹാൻ മനസ്സിലാക്കുന്നു. അത്യാവശ്യകാര്യങ്ങൾ പറയും. ബാക്കിയെല്ലാം മനസ്സിലൊതുക്കും.

സ്വാബിർ സംസാരം നിർത്തി.

അൻവറിന്റെയും ജമാലിന്റെയും മുഖത്തേക്ക് മാറിമാറി നോക്കി. എന്നിട്ട് പതിയെ ചോദിച്ചു.

ഞാൻ പറഞ്ഞതെല്ലാം നിങ്ങൾക്ക് മനസ്സിലായോ?

ഞങ്ങൾ അതിശയിച്ചിരിക്കുകയാണ്.

നിങ്ങൾക്കിതൊക്കെ ഉൾകൊള്ളാൻ ആവുന്നുണ്ടോ?

ഞങ്ങളതിന്ന് ശ്രദ്ധിക്കുകയാണ്.

മഹാന്റെ ഓരോമുരീദിന്നും ഒരായിരം അനുഭവങ്ങൾ പറ യാനുണ്ടാവും. അയാളുടെ വ്യക്തിജീവിതത്തിലെ അനുഭവങ്ങൾ എല്ലാം ശൈഖുനായുടെ കറാമത്തുകൾ. ഒരുകാര്യം ഗൗരവത്തോടെ മനസ്സിലാക്കിക്കൊള്ളണം. മുരീദിന്റെ മരണ സമയത്ത് ഖുത്ബുസ്സമാൻ അവിടെയെത്തും ഇബ്‌ലീസ് പേടിച്ച് ഓടിപ്പോകും. പൂർണ്ണ തൗഹീദിലും ഈമാനിലുമായി മരിക്കാൻ മുരീദിനെ സഹായിക്കും. ഖുത്ബുസ്സമാൻ മുരീദുമാർക്ക് നൽകുന്ന ഏറ്റവും വലിയ അനുഗ്രഹമാണിത്. ഈ അനുഗ്രഹം നേടിയെടുക്കണം. മടിച്ചു നിൽക്കരുത്. ഈ അനുഗ്രഹം നേടി യെടുക്കാൻ അവസരമുണ്ടായിട്ടും അത് ഉപയോഗപ്പെടുത്താത്ത വനാണ് നിർഭാഗ്യവാൻ.

മഹാന്റെ ഏറ്റവും വലിയ കറാമത്ത് എന്താണ്?

അൻവറും ജമാലും പരസ്പരം നോക്കിയിരുന്നതേയുള്ളു.

സ്വാബിർ തുടർന്നു. ഞാൻ പറഞ്ഞുതരാം. ചത്തുകിട ക്കുന്ന മനസ്സുകൾക്ക് തൗഹീദ്കൊണ്ട് ജീവൻ നൽകുന്നു. ഇതാണ് മഹാന്റെ സേവനം.

ഈസേവനം നടത്താൻ ഏത് നേതാവിന് കഴിയും? കഴി

യില്ല. ചത്ത മനസ്സുമായിട്ടല്ലേ പലരും നടക്കുന്നത്. അതിന് ജീവൻ നൽകാൻ എങ്ങനെ കഴിയുമെന്നവർക്കറിയില്ല. ആരെ സമീപിക്കണമെന്ന് പറഞ്ഞു കൊടുത്താൽ അവർ പരിഹസിച്ചു തള്ളിക്കളയും.

ഈ മഹല്ലിലെ അവസ്ഥയെന്താണെന്ന് അറിയാമോ? ഇതൊരു കുഗ്രാമമാണ്. പട്ടണത്തിൽ നിന്ന് എത്രയോ അകലെയാണ്. എന്നിട്ടും ഓരോവീട്ടിലും ഫസാദ് പരന്നിരിക്കുന്നു. മുസ്ലിം വീടുകൾ മുന്നൂറോളം വരും. കൃത്യമായി നിസ്കരിക്കുന്നവർ വളരെ കുറവാണ്. പാതിരാത്രി വരെ ടി. വി. യുടെ മുമ്പിലാണ്. സീരിയലും സിനിമയുമാണവരുടെ ജീവിതം. അതിലെ കഥാപാത്രങ്ങളാണ് മനസ്സു നിറയെ. സ്ത്രീകളുടെ സംഭാഷണം മുഴുവൻ സീരിയലും സിനിമയുമാണ്. അയൽക്കാരികൾ ഒത്തുകൂടുമ്പോൾ അതാണ് ചർച്ച. മക്കളുടെ കാര്യത്തിൽ ശ്രദ്ധയില്ല. പഠിച്ചാലെന്ത്? ഇല്ലെങ്കിലെന്ത്? ചെറുപ്പക്കാർക്കിടയിൽ മദ്യപാനം വർദ്ധിക്കുന്നു. മയക്കുമരുന്നും പ്രചരിച്ചു വരുന്നു.

സ്ത്രീകളുടെ വേഷവിധാനം പരിതാപകരമാണ്. വീട്ടിലൊതുങ്ങി ജീവിക്കുക എന്നസമ്പ്രദായം തന്നെ ഇല്ലാതായി. ഒരു തരം സൊസൈറ്റിലൈഫ്. പള്ളിയും മദ്രസയുമൊക്കെ ഒരു മാമൂലുപോലെ നടന്നുപോവുന്നു. അവഭരിക്കുന്ന കമ്മറ്റിക്കാരുടെ കാര്യം കഷ്ടമാണ്. നിസ്കരിക്കാത്തവർ, മദ്യപാനികൾ, വട്ടിപ്പലിശക്കാർ എല്ലാവരും തലപ്പത്തുണ്ട്. ഇവിടത്തെ ഖത്വീബ് പള്ളിയിൽവെച്ചു തീപ്പൊരി പ്രസംഗം നടത്തും. ജീർണ്ണതക്കെതിരെ ആഞ്ഞടിക്കും. യുവജന സംഘടനയുടെ നേതാവുകൂടിയാണദ്ദേഹം. എത്ര ഗൗരവത്തിൽ പറഞ്ഞാലും ജനം ശ്രദ്ധിക്കില്ല. ഒരൊറ്റ വാക്കും മനസ്സിലേക്കിറങ്ങില്ല. ശബ്ദഘോഷം ഉണ്ടാക്കിയത് വെറുതെ.

ഈ പ്രതിഭാസത്തെക്കുറിച്ച് ഞാനൊരിക്കൽ ഖത്വീബിനോട് സംസാരിച്ചു.

ഉസ്താദേ.... ചത്ത മനസ്സിൽ ആത്മീയതയുടെ ചലനമു

ണ്ടാവില്ല. ചത്ത മനസ്സിനെ ജീവനുള്ളതാക്കി മാറ്റണം. നാട്ടുകാരുടെ മനസ്സ് ചത്തുപോയി. നിങ്ങളുടെ ഗൗരവമുള്ള പ്രസംഗം കേട്ടിട്ടും അവരുടെ മനസ്സ് ചലിക്കുന്നില്ല. കാരണം അത് ചത്തുപോയിരിക്കുന്നു. ചത്തമനസ്സിനെ ജീവിപ്പിക്കാൻ ഒരു ദിവ്യ ഔഷധമുണ്ട്. തൗഹീദ്.

തൗഹീദ് കൊണ്ട് ചത്തമനസ്സിന്ന് ജീവൻ നൽകാം. ആദ്യം ഉസ്താദിന്റെ മനസ്സിനു ജീവൻ കിട്ടണം. മുറബ്ബിയായ ശൈഖിൽ നിന്ന്. തൗഹീദ് സ്വീകരിക്കണം. എന്നിട്ട് യഥാവിധി നിർവ്വഹിക്കണം. ജനങ്ങളെയും അതിന് പ്രേരിപ്പിക്കണം. ചുരുങ്ങിയ കാലം കൊണ്ട് ഈ മഹല്ല് സജീവമായിത്തീരും. താങ്കൾ ഇവിടത്തെ പരിഷ്കർത്താവായി വാഴ്ത്തപ്പെടും.

തൗഹീദ് എന്ന് കേട്ടപ്പോൾ തന്നെ ഉസ്താദിന്റെ മുഖം കറുത്തു. മുറബ്ബിയായ ശൈഖ് എന്നൊക്കെ കേട്ടതോടെ തിരിഞ്ഞു പോയ്ക്കളഞ്ഞു.

അടുത്ത വെള്ളിയാഴ്ച ഖത്വീബ് പ്രസംഗിച്ചതിങ്ങനെയായിരുന്നു. സ്വാബിർ എന്ന ചെറുപ്പക്കാരനെ സൂക്ഷിക്കണം. അവന്റെ വലയിൽ ആരും പെട്ടുപോകരുത്. അവൻ ആലുവാ ത്വരീഖത്തുകാരനാണ്. ആരും അവനുമായി ബന്ധപ്പെടരുത്.

ഖത്വീബ് പറയുന്നതൊന്നും ജനങ്ങൾ സ്വീകരിക്കാറില്ല. എന്നാലും അക്കാര്യം ജനങ്ങൾ സ്വീകരിച്ചു. ആ പ്രസംഗം കേട്ട ശേഷം ആരും എന്നെ കണ്ടാൽ സലാം പറയില്ല. കണ്ട ഭാവം നടിക്കില്ല. പള്ളിയിൽ ചെന്നാൽ ഖത്വീബ് മുഖം വീർപ്പിക്കും.

കുടുംബജീവിതം കുത്തഴിഞ്ഞുപോയതിൽ ആർക്കും പ്രയാസമില്ല. എന്നോടുള്ള ബന്ധം മുറിക്കുന്നതിൽ അതീവ താല്പര്യം. എങ്ങോട്ടാണീ സമൂഹം പോവുന്നത്?

തൗഹീദിലേക്കു മടങ്ങാതെ രക്ഷയില്ല. ആസത്യം നേതാക്കൾക്കറിയാം. പക്ഷെ ഒരക്ഷരം മിണ്ടില്ല. മിണ്ടിയാൽ പലതും നഷ്ടപ്പെടും. വല്ലാത്ത പേടിതന്നെ.

# 6

## മൗലിദ് കാമ്പയിൻ

എന്റെ കൂടെ വരേണ്ടിയിരുന്നില്ല എന്ന് നിനക്ക് തോന്നുന്നുണ്ടോ? തിരിച്ചു പോരുമ്പോൾ അൻവർ ചോദിച്ചു.

അങ്ങനെ തോന്നുന്നില്ല. കുറെ കാര്യങ്ങൾ കേട്ടല്ലോ. ജമാൽ അങ്ങിനെയാണ് മറുപടി പറഞ്ഞത്.

കാര്യങ്ങൾ കേട്ടിട്ടെന്താ? നിനക്കത് സ്വീകരിക്കാൻ ധൈര്യമുണ്ടോ? സ്വാബിറിന്റെ അനുഭവം കേട്ടില്ലേ.

നമ്മളെയും ആളുകൾ ഒറ്റപ്പെടുത്തുമോ?

എന്താ സംശയം?

പിന്നെ എന്തു ചെയ്യും ?

ഒഴുക്കിനൊപ്പം നീന്താൻ സുഖമാണ്. നീയങ്ങനെ നീന്തിക്കോ.

അപ്പോൾ നീയോ?

ഞാനൊന്നാലോചിക്കട്ടെ

ഒരു തരം മാനസികമായ അകൽച്ച അപ്പോൾ മുതലേ തോന്നി. നാട്ടിലെത്തി ഇരുവരും തങ്ങളുടെ വീടുകളിലേക്ക് പോയി.

ജമാൽ വൈകുന്നേരം പള്ളിയിലെത്തി. ഇമാം വിളിച്ചു. ജമാലേ, എന്തൊക്കെയാ വശേഷങ്ങൾ?

ഇമാം സുസ്മേരവദനനായി ചോദിച്ചു. ഇന്നലത്തെ മുഖ ഭാവമല്ല, ജമാലിന്ന് സന്തോഷമായി.

ഇമാം ചെറുപ്പക്കാരനാണ്. സംഘടനാ സാരഥിയാണ്. വിശേഷങ്ങൾ ചോദിക്കുന്നു.

കേട്ടതെല്ലാം വിശേഷം തന്നെ. തൗഹീദിനെക്കുറിച്ച് ചോദി ച്ചാലോ?

ബൈഅത്തിനെക്കുറിച്ച് ചോദിച്ചാലോ ?

ചോദിക്കണോ? വേണ്ടയോ?

മനസ്സിൽ സംഘർഷം. അത് മുഖത്ത് പ്രകടമായിക്കാണ ണം. ഇമാം അനുനയത്തിൽ ചോദിച്ചു.

പറയൂ ജമാൽ. എന്ത്ണ്ടെങ്കിലും എന്നോട് പറയൂ.

ഇമാമിന്റെ വലയിൽ ജമാൽ വീണുപോയി. ഓരോരോ കാര്യങ്ങൾ പറയാൻ തുടങ്ങി.

ഇമാം എല്ലാം അംഗീകരിക്കുന്നത് പോലെ നടിച്ചു. കൂടു തൽ കൂടുതൽ ചോർത്തിയെടുത്തു.

ബൈഅത്ത്, തൗഹീദ്, ശൈഖ് എല്ലാം ജമാലിന്റെ നാവി ലൂടെ ഒഴുകി വന്നു.

പിന്നെന്തൊക്കെ കാര്യങ്ങളാണ് കേട്ടത്? ഇമാം പ്രോത്സാ ഹിപ്പിച്ചു.

ഓർമ്മയിൽ വന്നതെല്ലാം പറഞ്ഞുകഴിഞ്ഞു.

എല്ലാം ചെർത്തിയെടുത്തു കഴിഞ്ഞപ്പോൾ ഇമാമിന്റെ മുഖത്ത് ഗൗരവം വന്നു.

ജമാൽ വളരെ സൂക്ഷിക്കണം. വഴിതെറ്റിപ്പോകാൻ എളുപ്പമാണ്. പിന്നെ ഖേദിച്ചിട്ട് കാര്യമില്ല.

വ്യക്തിയല്ല. സംഘടനയാണ് പ്രധാനം.

സംഘടന തീരുമാനമെടുക്കുന്നത് വളരെ ചിന്തിച്ചിട്ടാണ്. എല്ലാവശങ്ങളും പരിശോധിച്ച് ഉറപ്പ് വരുത്തിയാണ് തീരുമാനം പ്രഖ്യാപിക്കുക.

ആലുവാ ത്വരീഖത്ത് പിഴച്ചതാണെന്ന് തീരുമാനമെടുത്തു. അതാണു തീരുമാനം. ഇനിയൊരു തിരുത്തില്ല.

നിങ്ങളെപ്പോലുള്ള സാധാരണ പ്രവർത്തകർ എന്ത് വേണം? നേതാക്കൾ പറഞ്ഞതനുസരിക്കണം. എന്താവേണ്ടത്? ഇമാം ഒന്നമർത്തി ചോദിച്ചു.

നേതാക്കൾ പറഞ്ഞതനുസരിക്കണം. ജമാൽ മെല്ലെ പറഞ്ഞു.

ജമാൽ. നീ നല്ലൊരു പ്രവർത്തകനാണ്. നിനക്ക് നല്ല ഭാവിയുണ്ട്. അതൊന്നും കളഞ്ഞുകുളിക്കരുത്. ഞാൻ പറയുന്നത് മനസ്സിലാവുന്നുണ്ടോ? ഉണ്ട് ഉസ്താദെ.

നിന്റെ കൂട്ടുകാരനുണ്ടല്ലോ, അവൻ ആളത്ര ശരിയല്ല. അവന്റെ പോക്ക് ശരിയല്ല. നിങ്ങൾ രണ്ടാളും കൂടിയല്ലേ ഇന്നലെ എന്നെ ചോദ്യം ചെയ്യാൻ വന്നത്. ഞാൻ പിന്നെ കൂടുതലൊന്നും പറഞ്ഞില്ല. ആട്ടി വിടേണ്ടതായിരുന്നു.

നീ അൻവറിനെ ഉപദേശിക്കണം. നന്നാവാൻ പറയണം. നന്നായാൽ അവനു കൊള്ളാം

നേരെ പോകുകയില്ല എന്നാണെങ്കിൽ അവനെ സംഘടനയിൽ നിന്ന് പുറത്താക്കും. അവൻ ഒറ്റപ്പെടും. അവന്റ ഭാവി ഇരുളടയും. എല്ലാ പറഞ്ഞ് മനസ്സലാക്കികൊടുക്ക്.

ജമാൽ ശരിക്കും പേടിച്ചുപോയി.

അൻവറിന്റെ ഭാവിയോർത്ത് അവൻ സങ്കടപ്പെട്ടു. അന്ന് രാത്രിയാണ് അൻവറിനെ കണ്ടത്.

ഇമാം പറഞ്ഞ കാര്യങ്ങളെല്ലാം അൻവറിനോട് പറയണമെന്നുണ്ട്. പറയാൻ പേടി. എന്തായിരിക്കും പ്രതികരണം?

സ്വാബിർ പറഞ്ഞ കാര്യങ്ങളെല്ലാം നീ എന്തിന് ഇമാമിനോട് പറഞ്ഞു? അങ്ങിനെ അൻവർ ചോദിക്കുമോ?

പറയേണ്ടിയിരുന്നില്ല. പറഞ്ഞത് അബദ്ധമായെന്ന് ഇപ്പോൾ തോന്നുന്നു.

കേട്ട കാര്യങ്ങൾ എല്ലാം ഇമാം എല്ലാവരോടും പറയും. അൻവറിനെ സംഘടനയിൽനിന്ന് പുറത്താക്കും. അവന്റെ ഭാവി ഇരുളടയും. എല്ലാറ്റിനും കാരണക്കാരൻ ഞാൻ.

ജമാൽ നിന്നു പരുങ്ങുന്നു. അൻവർ അടുത്തേക്ക് വന്നു. ജമാലേ നീ പള്ളിയിൽ നിന്നാണോ വരുന്നത്? അതെ, ഒരുവിധത്തിൽ പറഞ്ഞൊപ്പിച്ചു. ഇമാമിനെ കണ്ടിരുന്നോ?

കണ്ടിരുന്നു. സ്വാബിർ പറഞ്ഞ കാര്യങ്ങളെല്ലാം നീ ഇമാമിനോട് പറഞ്ഞോ?

ജമാൽ മിണ്ടുന്നില്ല. കണ്ണുകൾ നിറഞ്ഞു.

അൻവർ ചിരിച്ചു. സ്വാബിർ പറഞ്ഞതെല്ലാം വളരെ വിലപ്പെട്ടതാണ്. ഒളിച്ചു വെക്കാനുള്ളതല്ല. പുറത്ത് പറയുവാനുള്ളതാണ്.

അൻവറെ... എനിക്കൊരബദ്ധം പറ്റിപ്പോയി. എന്നോട് പൊറുക്കണേ.

അബദ്ധമോ? എന്താണത്?

ഇമാം വളരെ തന്ത്രത്തിൽ എന്നിൽ നിന്നെല്ലാം ചോർത്തിയെടുത്തു. ഒടുവിലാണ് അബദ്ധം മനസ്സിലായത്.

സാരമില്ല. നീ രഹസ്യം സൂക്ഷിക്കാൻ കഴിയാത്തവനാണ്. അതു കൊണ്ടാണ് നീ കൂടെ വരേണ്ടെന്ന് ഞാൻ പറഞ്ഞത്. നീ പറഞ്ഞ കാര്യങ്ങളിൽ പൊടിപ്പും തൊങ്ങലും ചേർക്കും.അങ്ങനെ മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കും. നാടാകെ ഫസാദ് പരക്കും. സാരമില്ല. നടക്കട്ടെ നമുക്ക്

സൂക്ഷ്മത വേണം. അത് മറക്കണ്ട.

ബൈഅത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇമാമിനോട് സംസാരിക്കണമെന്നുതന്നെയാണ് ഞാൻ തീരുമാനിച്ചിട്ടുള്ളത്. ത്വരീഖത്തിലുള്ള ഒരു പണ്ഡിതനെ കാണണം. കാര്യങ്ങൾ വിശദമായി മനസസിലാക്കണം ഇമാമും ആ പണ്ഡിതനും തമ്മിൽ സംസാരിക്കണം. അതിന്ന് വേദിയൊരുക്കുക എന്നതാണ്. എന്റെ പ്ലാൻ അൻവറെ... അതിനൊന്നും പോണ്ട.

അതെന്താ?

അതിനൊക്കെപ്പോയാൽ അവർ നിന്നെ സംഘടനയിൽ നിന്നും പുറത്താക്കും. നീ ഒറ്റപ്പെടും. നിനക്ക് പിടിച്ചു നിൽക്കാൻ കഴിയില്ല.

ജമാലിന്റെ കണ്ണുകൾ നിറഞ്ഞു.

നീ ഇത്ര പേടിത്തൊണ്ടനായിപ്പോയല്ലോ. ഞാൻ ബസിൽവെച്ച് നിന്നോടൊരു കാര്യം പറഞ്ഞു. ഒഴിക്കിനൊപ്പം നീന്താൻ സുഖമാണ് നീ അങ്ങിനെ നീന്തിക്കോ.

നിന്നെപ്പോലുള്ളവർക്ക് അതാ നല്ലത്.

ജമാലിന്റെ മനസ്സിൽ അസ്വസ്ഥത വളർന്നു. ആ അവസ്ഥയിൽ കൂട്ടുകാർ പിരിഞ്ഞുപോയി.

ജമാൽ ഉറക്കം വരാതെ കിടന്നു. ഞാൻ തെറ്റ് ചെയ്തോ?

ബൈഅത്തിന്റെ പ്രാധാന്യം പറഞ്ഞുകൊടുത്തിലെന്താണ് തെറ്റ്? തെറ്റില്ല.

പറയാൻ സമയമായിട്ടില്ല. ഒരു പണ്ഡിതനെക്കൊണ്ട് പറയിപ്പിക്കണമായിരുന്നു. അങ്ങിനെയാണ് അൻവർ പറഞ്ഞത്.

മനസ്സിൽ നേർത്ത ആശ്വാസം. ജമാൽ ഉറങ്ങി.

പിറ്റേന്ന് കണ്ടപ്പോൾ അൻവർ അക്കാര്യങ്ങളൊന്നും സംസാരിച്ചില്ല. മറ്റ് കാര്യങ്ങളൊക്കെ സംസാരിച്ചു. നല്ല സന്തോഷവാനായിരുന്നു.

അൻവർ ഇമാമിന്റെ കൺവെട്ടത്തൊന്നും പോയില്ല. ഇമാം നോക്കി നടക്കുകയാണ്. ഉപദേശിക്കാൻ ആളെ കിട്ടണ്ടെ. ഇമാം ജമാലിനോട് വളരെ ലോഹ്യത്തിൽ പെരുമാറി. ഒരു ദിവസം അൻവറിനെ പുറത്തെങ്ങും കണ്ടില്ല. പിറ്റേന്ന് കണ്ടപ്പോൾ ജമാൽ ചോദിച്ചു.

ഇന്നലെ നിന്നെ കണ്ടില്ലല്ലോ. ഒരു സ്ഥലം വരെ പോയിരുന്നു.

വിശദീകരണമൊന്നും കിട്ടിയില്ല. അൻവർ വിഷയം മാറ്റി.

ജമാലിന്ന് വിഷമം തോന്നി.

പിന്നെയും ചില ദിവസങ്ങളിൽ അൻവറിനെ കാണാതായി. എങ്ങോട്ട് പോയി എന്ന് ചോദിക്കാൻ മടി. ചോദിച്ചില്ല. അൻവർ പറഞ്ഞുമില്ല. മറ്റു കാര്യങ്ങൾ നന്നായി സംസാരിക്കും.

ഒരു കാര്യം ജമാലിന് മനസ്സിലായി അൻവർ കൂടുതൽ സന്തോഷവാനാണ്.

ദിവസങ്ങൾ പിന്നെയും കടന്നുപൊയിക്കൊണ്ടിരുന്നു. ഒരു ദിവസം അൻവറിന്റെ വീട്ടിലേക്ക് ജമാൽ കയറിചെന്നു. അവന്റെ ഉമ്മ മുറ്റത്തുണ്ടായിരുന്നു.

അൻവർ എവിടെ? ജമാൽ ചോദിച്ചു. മുറിയിലുണ്ട് ചെന്നോളൂ. ഉമ്മ പറഞ്ഞു.

മുറിയുടെ വാതിൽ അടഞ്ഞുകിടക്കുന്നു. മെല്ലെ വാതിൽ തള്ളിതുറന്നു.

നിലത്ത് മുസ്വല്ല വിരിച്ചിട്ടുണ്ട്.

അൻവർ അതിലിരിക്കുന്നു. തലയിൽ തൊപ്പി. വെള്ളത്തുണിയും വെള്ളഷർട്ടും വേഷം

കയ്യിൽ തസ്ബീഹ് മാല

കണ്ണടച്ചാണിരിപ്പ്. മാലയിലെ മണികൾ മറിഞ്ഞുകൊണ്ടിരുന്നു. ചുണ്ടുകൾ ചലിക്കുന്നു.

എന്താണ് ചൊല്ലുന്നതെന്ന് കേൾക്കാൻ വയ്യ. താൻ

വന്നതോ വാതിൽ തുറന്നതോ അൻവർ അറിഞ്ഞിട്ടില്ല. മെല്ലെ വാതിൽ ചാരി തിരിച്ചു നടന്നു.

വൈകുന്നേരം അൻവറിനെ അങ്ങാടിയിൽ വെച്ച് കണ്ടു. വളരെ സന്തോഷവാനായിരുന്നു. ആഹ്ലാദത്തോടെ സംസാരിച്ചു. പറഞ്ഞത് വീട്ടുകാര്യങ്ങളും മറ്റും.

ജമാലിന് നേർത്ത മനോവേദന തോന്നി.

കൂട്ടുകാരൻ മനസ്സ്കൊണ്ടകലുകയാണോ?

ജമാലിന്റെ മനസ്സിന്റെ അടിത്തട്ടിൽ ഒരു മോഹമുണർന്നു. സ്വാബിറിനെ കാണണം. ആ സംസാരം കേൾക്കണം.

പെട്ടെന്ന് പേടിയും തോന്നി

ഇമാം എങ്ങാനുമറിഞ്ഞാൽ.

തൽക്കാലം സ്വാബിറിനെ കാണേണ്ട.

അൻവറിന് മാറ്റങ്ങൾ വരുന്നുണ്ടോ? മുഖത്തിന്ന് പ്രസന്നത കൂടിയിട്ടുണ്ടോ? കണ്ണിന്റെ തിളക്കം വർദ്ധിച്ചിട്ടുണ്ടോ?

ഒരു രാത്രി അൻവർ നന്നായി സംസാരിച്ചു. നല്ല ഉപദേശങ്ങൾ നൽകി. മരണസ്മരണ വേണം. ഏത് സമയവും മരണം സംഭവിക്കാം.

നമുക്ക് നിശ്ചയിച്ച ആഹാരവും വെള്ളവും വായുവും തീർന്നാൽ നാം പോകണം.

കാമിലായ മുഅ്മിനായി മരിക്കണം.

കേട്ടപ്പോൾ മനസ്സിളകിപ്പോയി.

എത്ര നല്ല രീതിയിലാണ് അൻവർ സംസാരിക്കുന്നത്. നാളെയും കേൾക്കണം.

നാളെക്കാണാമെന്ന പ്രതീക്ഷയിൽ പിരിഞ്ഞു. അത് അവസാനത്തെ കാഴ്ചയാണെന്ന് കരുതിയില്ല. രാവിലെ ഫോൺ വന്നു. ഞെട്ടിപ്പോയി. അൻവർ മരണപ്പെട്ടു. വല്ലാത്ത നഷ്ടബോധം വന്നു. മരിച്ചു കിടക്കുന്ന കിടപ്പ് കണ്ടില്ലേ? നന്നായി

കലിമ ചൊല്ലി ചിരിച്ചു മരിച്ചു. വീട്ടുകാർ അതിശയത്തോടെ പറഞ്ഞു.

വന്നവരെല്ലാം ആ അതിശയത്തിൽ പങ്കാളികളായി. വീട്ടുകാർ ആഗതരോട് സംസാരിക്കുന്നു. അതിശയം കലർന്ന പദങ്ങൾ ഒഴുകി വരുന്നു. അൻവറിന്റെ അവസാനത്തെ നാളുകൾ. ദിക്റും സ്വലാത്തും കൊണ്ട് സജീവമായ നാളുകൾ. മയ്യിത്ത് കുളിപ്പിച്ചു. കഫൻ ചെയ്തു. പള്ളിയിൽ കൊണ്ടുപോയി. ജനാസ നിസ്കാരത്തിൽ നിരവധി പേർ പങ്കെടുത്തു.

പള്ളി തിങ്ങി നിറഞ്ഞു.

ഖബറടക്കൽ കർമ്മം തുടങ്ങി. ജമാലിന്റെ നിയന്ത്രണം വിട്ടുപോയി. അവൻ പൊട്ടിക്കരഞ്ഞു. കരഞ്ഞു കൊണ്ട് പിടി മണ്ണ് വാരിയിട്ടു. മിൻഹാ... ഖലഖ്നാക്കും....

പുതുമണ്ണിൽ കണ്ണുനീർത്തുള്ളികൾ വീണു. ദിവസങ്ങൾ പിന്നെയും കൊഴിഞ്ഞുവീണുകൊണ്ടിരുന്നു. ജമാലിന്റെ മനസ്സിന് ഒരു സ്വസ്ഥതയും ഇല്ല. സ്വസ്ഥത കിട്ടണമെങ്കിൽ സ്വീബിറിനെ കാണണം. ഒറ്റക്കുപോവണം. അൻവർ കൂട്ടിനില്ല. ഉറക്കം വരാത്ത രാവുകൾ. മനസ്സ് നീറിയ പകലുകൾ. അവസാനം ജമാൽ പറപ്പെട്ടു. ഒറ്റക്ക്. ബസ്സിൽ കയറിയിരുന്നു. ടിക്കറ്റെടുത്തു. കുഗ്രാമങ്ങൾ പിന്നിട്ടു. സ്ഥലം പിടികിട്ടുന്നില്ല. അടുത്തിരിക്കുന്നവരോട് ചോദിച്ച് മനസ്സിലാക്കി ബസ്സിറങ്ങി.

മാസങ്ങൾക്കുമുമ്പ് നടന്നുപോയ ഒറ്റയടിപ്പാതയിലൂടെ വീണ്ടും നക്കുന്നു. മലഞ്ചെരുവിലേക്ക്. പിന്നെ കുന്നിന്റെ നെറുകയിലേക്ക്. സ്വാബിറിന്റെ ഉപ്പ മുറ്റത്ത്തന്നെ നിൽപ്പുണ്ട്. ജമാൽ സലാം ചൊല്ലി. സലാം മടക്കിക്കൊണ്ട് ഉപ്പ ചോദിച്ചു. കൂട്ടുകാരനെവിടെ?

ജമാലിന്റെ ശബ്ദം നിലച്ചു. നാവനങ്ങിയില്ല.

അൻവർ പലതവണ ഇവിടെ വന്നിരുന്നു. നിങ്ങളെന്താ പിന്നെ വരാഞ്ഞത്? ഉപ്പ ചോദിച്ചു.

ജമാലിന് ശബ്ദം കിട്ടിയില്ല. മറുപടി പറഞ്ഞില്ല. കോലാ

യിലേക്ക് കയറി ഇരുന്നോളൂ. അവിടെ മേശപ്പുറച്ച് മാസികകൾ ഭംഗിയായി അടുക്കിവെച്ചിരിക്കുന്നു. ജമാൽ കണ്ണുതുടച്ചു. ഒരു മാസിക കയ്യിലെടുത്തു.

റൗളാശരീഫിന്റെ മനോഹരമായ ഫോട്ടോയാണ് മുഖചിത്രം. കവർ പേജ് മറിച്ചു.

ഖുത്വബുസ്സമാൻ ആദ്യത്തെ കാഴ്ചയാണ്. വളരെ നേരം നോക്കിനിന്നു. ഇത് വല്ലാത്തൊരു മുഖം തന്നെ. മഹാന്റെ സന്ദേശം വായിക്കാൻ തുടങ്ങി. അതിന്റെ തലവാചകം ഇങ്ങനെയായിരുന്നു. അത്ഭുതങ്ങൾ കാണിക്കുകയല്ല. ഹൃദയങ്ങൾക്ക് ജീവൻ നൽകുകയാണ് ആവശ്യം. ജമാൽ ഇങ്ങനെ വായിച്ചു.

റബീഉൽ അവ്വൽ സമാഗതമാവുകയാണ്. വിശ്വാസികളുടെ ഹൃദയങ്ങളിൽ മുഹമ്മദ് റസൂലുല്ല സ്ഥാപിക്കുന്നതിലൂടെയാണ് ആദ്യവസന്തം ഉണ്ടാവേണ്ടത്.

തിരുനബി(സ) തന്റെ പ്രബോധനത്തിന്റെ പ്രധാന ഭാഗം ചെലവഴിച്ചത് സമ്പൂർണ്ണ തൗഹീദ് അനുചരന്മാരുടെ മനസ്സിൽ സ്ഥാപിച്ചാണ്. കേവലം 'ലാഇലാഹ ഇല്ലല്ലാഹ്' കൊണ്ട് മുസ്ലീമാവാൻ പോലും സാധ്യമല്ല. ഈമാനിന്റെ ഔന്നത്യങ്ങളിലേക്ക് മുഹമ്മദുർ റസൂലുല്ല മാറ്റിവെച്ച് ഒരടിപോലും വെക്കാനാവില്ല.

നിസ്കാരവും സക്കാത്തും, നോമ്പും, ഹജ്ജുമെല്ലാം പരിശുദ്ധ തൗഹീദിന്റെ സംസ്ഥാപനത്തെ തുടർന്നുവരുന്നത് മാത്രമാണ്. എല്ലാം തൗഹീദിൽ നിക്ഷിപ്തമാണെന്നർത്ഥം.ആധ്യാത്മിക രംഗത്തെ ശൂന്യതക്ക് പരിഹാരം കാണാൻ ഏതാനും പ്രഭാഷണങ്ങൾക്കും ലേഖനങ്ങൾക്കും കഴിയില്ല.

റസൂലുല്ലാഹി (സ) നൽകി. പരിഹാര മാർഗ്ഗമാണ് അവലംബിക്കേണ്ടത്.

ആദ്യകാലക്കാർ നന്നായത് എന്തു കൊണ്ടാണോ അതുകൊണ്ട് മാത്രമേ അവസാന കാലത്തെ സമൂഹവും നന്നാവുകയുള്ളൂ.

സ്വഹാബത്തിന് കലിമത്തുതൗഹീദ് പകർന്നു കൊടുത്ത്

നബി (സ) പരിശുദ്ധരാക്കി മാറ്റി.

അത് വഴി ഉത്തമ സമൂഹമായി അവർ പരിവർത്തിതരായി.

ഈ ദൗത്യമാണ് ത്വരീഖത്തിന്റെ ശൈഖുമാർ ഇന്ന് നിർവ്വഹിക്കുന്നത്.

ശൈഖ് ജീലാനി(റ) നിർവ്വഹിച്ചത് ആ ദൗത്യമായിരുന്നു.

പള്ളികളും പണ്ഡിതന്മാരും കലാലയങ്ങളും ഗ്രന്ഥശാലകളും വൈജ്ഞാനിക സംവാദങ്ങളും നിറഞ്ഞ് നിന്നിരുന്ന ഒരു സമൂഹത്തിൽ ജീവനില്ലാത്ത ഇസ്ലാമിനെയായിരുന്നു മഹാനവർകൾ കണ്ടത്. വിശുദ്ധ തൗഹീദ് ജനഹൃദയങ്ങളിൽ സ്ഥാപിച്ച് മരിച്ച് കിടന്നിരുന്ന ഇസ്ലാമിന് മഹാനവർകൾ ജീവൻ നൽകി.

ഇസ്ലാമിക സംഘടനകൾക്കും ഇസ്ലാമിക പാഠശാലകൾക്കും ഇസ്ലാമിക പ്രഭാഷണ പ്രസിദ്ധീകരണങ്ങൾക്കും ഇസ്ലാമിക വൈജ്ഞാനിക ചർച്ചകൾക്കുമിടയിൽ മരിച്ചുകിടക്കുന്ന ഇസ്ലാമിനെ ഇന്ന് ഞാൻ കാണുന്നു. റസൂൽ(സ)യും ശൈഖ് ജീലാനി(റ)വും ഇസ്ലമിന് ജീവൻ നൽകിയതു പോലെ മരിച്ചു കിടക്കുന്ന ഇസ്ലാമിന്ന് യഥാർത്ഥ ജീവൻ നൽകുകയാണ് ഞാൻ ചെയ്യുന്നത്.

ഞാൻ ധാരാളം കറാമത്തുകൾ കാണുകയും കാണിക്കുകയും ചെയ്തിട്ടുണ്ട്. എനിക്കതൊരു പ്രശ്നമുള്ള കാര്യമല്ല. അത്ഭുതങ്ങൾ കാണിച്ചിരിക്കുകയല്ല. ജനങ്ങളുടെ മരിച്ച ഹൃദയങ്ങളെ പൂർണ്ണ തൗഹീദ് നൽകി ജീവിപ്പിക്കുകയാണ് വേണ്ടതെന്ന് റസൂൽ (സ)യും അലി (റ) വും ഗൗസുൽ അഅ്ളം (റ)വും മറ്റ് ശൈഖുമാരും എന്നോട് പറഞ്ഞു.

അവരിലൂടെ ഏൽപിക്കപ്പെട്ട ദൗത്യത്തിൽ നിന്ന് പിൻമാറുന്ന പ്രശ്നമേ ഇല്ല

ഞാൻ ആരെയും വേദനിപ്പിക്കുകയല്ല. യഥാർത്ഥ വേദന

അകറ്റി കാരുണ്യം പകരുകയാണ് ചെയ്യുന്നത്. പരിശുദ്ധമായ തൗഹീദിന്റെ സമ്പൂർണ്ണതയിലേക്ക് ജനങ്ങളെ കൈപിടിച്ച് ഉയർത്തുകയും, പൂർണ്ണ തൗഹീദിലായി ചിരിച്ചു മരിക്കാൻ ജനങ്ങളെ പാകപ്പെടുത്തുകയുമാണ് ഞാൻ ചെയ്യുന്നത്.

എന്റെ യഥാർത്ഥ മുരീദുമാർ മരിക്കുന്നത് ശ്രദ്ധിച്ചാൽ ഈ സത്യം ആർക്കും ബോദ്ധ്യപ്പെടും.

റസൂലുല്ലാഹി(സ)യെ പുകഴ്ത്താനും പ്രശംസിക്കാനും, ആ മഹാനുഭവന്റെ പേരിൽ ഒത്തുകൂടാനും ആഹ്ലാദം പങ്കുവെക്കാനും അവസരമുണ്ടാകുന്ന റബീഉൽഅവ്വൽ മാസത്തിൽ റസൂലുല്ലാഹി(സ) നിർവ്വഹിച്ച സുപ്രധാന ദൗത്യത്തെക്കുറിച്ച് ആലോചിക്കാനും അന്വേഷിക്കാനും എല്ലാവരും തയ്യാറാവണം.

ഖുത്വബുസ്സമാന്റെ റബീഉൽ അവ്വൽ സന്ദേശം വായിച്ചുകഴിഞ്ഞപ്പോൾ ജമാലിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. എത്ര കരുത്തുറ്റ വാക്കുകൾ!

ഒരു ഖുത്ബുസ്സമാന് മാത്രമേ ഇത് പറയാൻ കഴിയുകയുള്ളൂ. മറ്റാർക്കും കഴിയില്ല. നാടാകെ നബിദിനം പൊടിപൊടിക്കുന്നു.

ആ സന്ദർഭത്തിൽ നബി(സ) നിർവ്വഹിച്ച സുപ്രധാന ദൗത്യത്തെക്കുറിച്ചു ആലോചിക്കണമെന്നും അന്വേഷിക്കണമെന്നും ഖുത്ബുസ്സമാൻ ആവശ്യപ്പെടുന്നു.

സംഘടനകളോ നേതാക്കളോ റസൂൽ(സ) യുടെ ദൗത്യത്തെക്കുറിച്ച് ചിന്തിക്കുമോ?

സുപ്രധാന ദൗത്യത്തെക്കുറിച്ച് അവർ ചിന്തിക്കില്ല. മറ്റുള്ളവരെ ചിന്തിക്കാൻ അനുവദിക്കുകയും ഇല്ല അതാണവരുടെ സേവനം.

ജമാൽ തൊട്ടടുത്ത മാസത്തിലെ മാസികയെടുത്തു. ഖുത്ബുസ്സമാൻ പ്രസംഗിക്കുന്ന ഫോട്ടോ കൊടുത്തിരിക്കുന്നു.

സ്റ്റേജിൽ നിറയെ പണ്ഡിതന്മാർ ജമാൽ ഇങ്ങനെ വായിച്ചു.

അല്ലാഹുവിലേക്കും അവന്റെ ദൂതരിലേക്കും മടങ്ങുക. ശൈഖ് യൂസുഫ് സുൽത്താൻ ശാഹ് ഖാദിരി ചിശ്ത്തി

തിരുവനന്തപുരം: സമകാലിക ലോകത്ത് മാനവ സമൂഹം നേരിടുന്ന സകല പ്രശ്നങ്ങളും പരിഹരിക്കാൻ അല്ലാഹുവിലേക്കും അവന്റെ ദൂതരിലേക്കും മടങ്ങിപോവാൻ തയ്യാറാവണമെന്ന് ശൈഖ് യൂസുഫ്സുൽത്താൻ ഖാദിരി ചിശ്തി പ്രസ്താവിച്ചു.

പ്രവാചകരുടെ വഴി കാരുണ്യത്തിന്റെ വഴി എന്ന പ്രമേയം അധികരിച്ച് ജീലാനി സ്റ്റഡി സെന്റർ നടത്തുന്ന മീലാദ് കാമ്പയിനിന്റെ ഉദ്ഘാടനം തിരുവനന്തപുരം ഗാന്ധിപാർക്ക് മാതിനിയിൽ വെച്ച് നിർവ്വഹിക്കുകയായിരുന്നു. മഹാനവർകൾ.

നബി(സ) കാരുണ്യവും സ്നേഹവുമാണ് പഠിപ്പിച്ചു തന്നത്. ഭീകരതയും തീവ്രവാദവും പ്രവാചകധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. മതത്തിന്റെ പേരിൽ ഭീകരത നടത്തുന്നവർ മതത്തെക്കുറിച്ച് അറിയാത്തവരും മതത്തിന്റെ ശത്രുക്കളുമാണ്. മനുഷ്യാത്മാവുകളുടെ ലോകത്തു വെച്ച് പ്രപഞ്ചനാഥനുമായി ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആ കരാർ പുതുക്കാനും പാലിക്കാനും അവൻ നിർബന്ധിതനാണ്. അത് ഓർമ്മപ്പെടുത്താനാണ് പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചത്. ഓരോ സമൂഹവും തങ്ങളുടെ പ്രവാചകന്മാരിലൂടെ അത് നിർവ്വഹിച്ച് പോന്നു.

നബി(സ) അവസാനത്തെ പ്രവാചകനാണ്. സ്വഹാബത്ത് നബി(സ) തങ്ങളെ വിശ്വസിക്കുകയും അംഗീകരിക്കുകയും നബി(സ)യുമായി ബൈഅത്ത് ചെയ്യുകയും ചെയ്തിട്ടുണ്ട്.

നബി(സ) ക്ക് ശേഷം മുഹ്‌യുദ്ദീൻ ശൈഖ് (റ) വിനെ പോലെയുള്ള ആത്മീയ പുരുഷന്മാരിലൂടെയാണ് ആളുകൾ ബൈഅത്ത് ചെയ്തിരുന്നത്.

ആത്മീയ പുരുഷന്മാരെ കണ്ടെത്തി അവരെ അംഗീക

രിക്കാനും ബൈഅത്ത് സ്വീകരിക്കാനും സമകാലിക സമൂഹം തയ്യാറാവട്ടെ.

ആ ആത്മീയതയെ അവഗണിക്കുന്നത് അപകടങ്ങളിലേക്ക് നയിക്കും. മരണസമയത്ത് ഈമാൻ ഏറ്റവും പ്രധാനമാണ്. അത് ലഭിക്കാൻ ത്വരീഖത്ത് അനിവാര്യമാണ്.

ത്വരീഖത്ത് നിർബന്ധമാണെന്ന് സത്യം ബോധ്യപ്പെട്ടിട്ടും അത് അംഗീകരിക്കാനോ ജനങ്ങളോട് തുറന്ന് പറയാനോ ചില സംഘടനകളും പണ്ഡിതവേഷധാരികളും തയ്യാറാവുന്നില്ല. ഈ സമൂഹത്തെ എങ്ങോട്ടാണ് തങ്ങൾ നയിക്കുന്നതെന്ന് അവർ ആലോചിക്കട്ടെ.

ശൈഖുനാ ഓർമ്മിപ്പിച്ചു. ജമാൽ വളരെ നേരം ചിന്തിച്ചിരുന്നു പോയി കേരളത്തിന്റെ തലസ്ഥാനനഗരിയിൽ ശൈഖുനായുടെ ശബ്ദം മുഴങ്ങിയിരിക്കുന്നു.

തൗഹീദിലേക്ക് ജനഹങ്ങളെ ക്ഷണിച്ചു.

മഹാൻ ദൗത്യം നിർവ്വഹിച്ചു മുന്നേറുകയാണ്. കേരളത്തിന്റെ പല ഭാഗങ്ങളിലും മീലാദ് സമ്മേളനങ്ങൾ നടന്നു. ജമാൽ തൊട്ടടുത്ത മാസിത്തിലെ മാസിക എടുത്ത് മറിച്ചു നോക്കി. സമാപന സമ്മേളനത്തിൽ ശൈഖുനാ പ്രസംഗിക്കുന്ന ഫോട്ടോ കൊടുത്തിരിക്കുന്നു. ഒപ്പമുള്ള റിപ്പോർട്ട് ജമാൽ ഇങ്ങനെ വായിച്ചു.

പരലോക വിജയം കൈവരിക്കാൻ ശരീഅത്തും, ത്വരീഖത്തും അനിവാര്യം. ശൈഖ് യൂസുഫ് സുൽത്താൻ ഖാദിരി ചിശ്തി എറണാകുളം പരോലക വിജയം കൈവരിക്കാൻ ശരീഅത്തും, ത്വരീഖത്തും അനിവാര്യമാണെന്ന് ശൈഖ് യൂസഫ്സുൽത്താൻ ഖാദിരി ചിശ്ത്തി  പ്രസ്താവിച്ചു.

പ്രാവചകരുടെ വഴി കാരുണ്യത്തിന്റെ വഴി എന്ന പ്രമേയം അധികരിച്ച് ജീലാനി സ്റ്റഡി സെന്റർ സംഘടിപ്പിച്ച മീലാദ് കാമ്പയിന്റെ എറണാകുളത്ത് നടന്ന സമാപന സമ്മേളനത്തിൽ

മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു മഹാനവർകൾ.

ശരീഅത്തിന്റെയും ത്വരീഖത്തിന്റെയും പൂർത്തീകരണമാണ് നബി(സ) നിർവ്വഹിച്ചത്. രണ്ടിന്റെയും പ്രഭവ കേന്ദ്രം ഒന്നുതന്നെയാണ്.

ഇസ്ലാമിന്റെ അടിസ്ഥാന തത്വം തൗഹീദാണ്. നിസ്കാരവും ഇതരകർമ്മങ്ങളും നിർബന്ധമാക്കുന്നതിന്റെ മുമ്പ് തൗഹീദ് സ്ഥാപിക്കുക എന്ന പ്രധാന കർത്തവ്യമാണ് നബി(സ) നിർവ്വഹിച്ചത്. മനുഷ്യന്റെ സകല പ്രവർത്തനങ്ങളും അല്ലാഹുവിന്റെയടുക്കൽ സ്വീകാര്യമാകാൻ തൗഹീദ് അനിവാര്യമാണ്.

പള്ളികളും മദ്രസകളും യൂണിവേഴ്സിറ്റികളും മതപണ്ഡിതന്മാരും ധാരാളമുള്ള സമൂഹത്തിലാണ് ശൈഖ് മുഹ്യുദ്ദീൻ (റ) ദീനിന്ന് ജീവൻ നൽകിയത്. അന്ന് ബാഗ്ദാദിൽ ദീൻ മരിച്ചു കിടക്കുകയായിരുന്നു.

തൗഹീദ് ജനഹൃദയങ്ങളിൽ സ്ഥാപിച്ചാണ് മഹാനവർകൾ ദീനിന്ന് ജീവൻ നൽകിയത്. ശൈഖ് മുഹ്യുദ്ദീൻ (റ) ബാഗ്ദാദിൽ നടത്തിയ പ്രവർത്തനങ്ങളാണ് ഇന്ന് മുസ്ലീം ലോകത്ത് നാം വിർവ്വഹിക്കേണ്ടത്.

മതസ്ഥാപനങ്ങളുടെ അഭാവമോ മതപണ്ഡിതരുടെ ശൂന്യതയോ ഇന്നില്ല. മറിച്ച് ഈമാനും തഖ്‌വയുമുള്ള ഹൃദയങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നു.

പണ്ഡിതന്മാരും മതസ്ഥാപനങ്ങളും ഇസ്ലാമിന്റെ നിലനിൽപ്പിന്ന് അനിവാര്യമാണ്. ഉഖ്റവിവായ പണ്ഡിതന്മാരെ ആദരിക്കലും അനുസരിക്കലും ഓരോ സത്യവിശ്വാസിയുടെയും ബാധ്യതയാണ്.

വ്യാജപണ്ഡിതരും വ്യാജശൈഖുമാരും ഈ ഉമ്മത്തിനെ നാശത്തിലേക്ക് നയിക്കുമെന്ന് നബി(സ) മുന്നറിയിപ്പ്

നൽകിയിട്ടുണ്ട്. ഇത്തരം വ്യാജന്മാരെ അവഗണിക്കുക. യഥാർത്ഥ ശൈഖുമാരെയും പണ്ഡിതരെയും അനുസരിക്കുക.

ആന്ധ്രയിൽ നിന്നുള്ള രാജ്യസഭാംഗം ലാൽജാൻപാഷ, ആന്ധ്ര മനുഷ്യാവകാശ കമ്മീഷൻ മെമ്പർ ജസ്റ്റിസം ഇസ്മാഈൽ സാഹിബ് എന്നിവരും മറ്റ് പലനേതാക്കളും കലൂർ സ്റ്റേഡിയത്തിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

ശൈഖുനായുടെ പ്രാർത്ഥനക്ക് എഴുന്നേറ്റ് നിന്ന് ആമീൻ പറയുന്ന വലിയ സദസ്സിന്റെ ഫോട്ടോയും കണ്ടു.

# 7

# ശൈഖ് സയ്യിദ് ഹാശിമുദ്ദീൻ അൽകൈലാനി

സ്വാബിർ ജോലിസ്ഥലത്തു നിന്ന് മടങ്ങിയെത്തി.

സലാം പറഞ്ഞുകൊണ്ട് കയറിവന്നു.

ജമാൽ സലാം മടക്കിയതും പൊട്ടിക്കരഞ്ഞുപോയി.

സ്വാബിറിന്റെ ഉപ്പായും ഉമ്മായും കരച്ചിലിന്റെ ശബ്ദംകേട്ട് ഉൽക്കണ്ഡയോടെ കടന്നുവന്നു.

ജമാൽ സ്വാബിറിനെ കെട്ടിപ്പിടിച്ചു കരഞ്ഞു.

എന്നിട്ട് വിക്കിവിക്കിപ്പറഞ്ഞു.

നമ്മുടെ ......അൻവർ ..... മരിച്ചുപോയി.

ഉമ്മായും ഉപ്പായും ഞെട്ടിപ്പോയി.

ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ. തീർച്ചയായും നാം അല്ലാഹുവിന്നുള്ളതാണ്. അവനിലേക്ക് തന്നെ നാം മടങ്ങുന്നവരുമാകുന്നു.

നാം യാത്രക്കാരാണ്.

ഭൂമിയിലെ യാത്രക്കാർ.

പരലോകത്തേക്കാണ് യാത്ര.

സ്വാബിർ അങ്ങനെയാണ് സംസാരിച്ചു തുടങ്ങിയത്.

യാത്ര തീരാറായെന്ന് തോന്നിക്കാണും. അൻവറിന്ന് വലിയ ധൃതിയായിരുന്നു.

ബൈഅത്ത് കഴിഞ്ഞപ്പേയാണ് ശ്വാസം നേരെവീണത്.

ബൈഅത്ത് കഴിഞ്ഞല്ലോ? പൂർണ്ണ തൗഹീദിലല്ലേ ബൈഅത്ത് കിട്ടിയത്. ഇനിആശ്വാസത്തോടെ മരിക്കാം.

തമ്മിൽ പിരിയുമ്പോൾ അൻവർ അവസാനം പറഞ്ഞ വാചകം അതായിരുന്നു. ആപോക്ക്ഞാൻ നോക്കിനിന്നു.

ഒരു ഭാഗ്യവാൻ നടന്നകലുന്നു.

ചിലപ്പോൾ ഇതാവാം അന്ത്യയാത്ര.

അങ്ങനെ തോന്നിപ്പോയി.

തോന്നൽ ശരിയായി.

എങ്ങനെയായിരുന്നു മരണരംഗം?

രാത്രി ഞങ്ങൾ സംസാരിച്ചു പിരിഞ്ഞതാണ്. മരണത്തെ ക്കുറിച്ചും പറഞ്ഞിരുന്നു. വീട്ടിൽ ചെന്നു. ആഹാരം കഴിച്ചു. സുഖമായുറങ്ങി.

പാതിരാത്രിയായി. ഭാര്യയെയും മക്കളെയും വിളിച്ചു ണർത്തി. വേണ്ട ഉപദേശങ്ങൾ നൽകി.

പൂർണ്ണ തൗഹീദ് ചൊല്ലി. ചിരിച്ചു മരിച്ചു.

ഞാൻ ചെന്ന് നോക്കിയപ്പോൽ ചുണ്ടിലെ പുഞ്ചിരിയാ ഞ്ഞിരുന്നില്ല.

സ്വാബിറേ.. ഞാൻ ശൈഖുനായുടെ സന്ദേശങ്ങൾ വായിച്ചു കോരിത്തരിച്ചു. എത്ര ദൃഢമായ വചനങ്ങൾ.

ജമാലേ.... നീ വായിക്കേണ്ട യഥാർത്ഥ സന്ദേശം ഞാനി പ്പോൾ കൊണ്ടുവരാം.

അതും പറഞ്ഞ് സ്വാബിർ ധൃതിയിൽ അകത്തേക്ക് പോയി. ഒരു മാസികയുമായി തിരിച്ചുവന്നു.

ജമാൽ ബഹുമാനപൂർവ്വം അത് വാങ്ങി. 2012 ജനുവരി ലക്കം മുഖചിത്രം സൂക്ഷിച്ചു നേക്കി.

രണ്ട് ആദരണീയ വ്യക്തിത്വങ്ങൾ ഒന്നിച്ചിരിക്കുന്ന ഫോട്ടോ.

ഖുത്ബുസ്സമാൻ ശൈഖ് യൂസുഫ് സുൽത്വാൻ ശാഹ് ഖാദിരി ചിശ്തി. കൂടെയിരിക്കുന്നതാര്?

ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽഖാദിർ ജീലാനി(റ) വിന്റെ പതിനാറാം പൗത്രനും ബഗ്ദാദ് ശരീഫ് ദർബാറെ ഗൗസുൽ അഅ്ളമിന്റെ സ്ഥാനപതിയുമായ ശൈഖ് സയ്യിദ് ഹാശിമുദ്ദീൻ അബ്ദുൽ ഖാദിർ അൽകൈലാനി അവർകൾ.

ഖുത്ബുസ്സമാന്റെ മുപ്പത്തി ഏഴാം ഖിലാഫത്ത് വാർഷിക സമ്മേളനത്തിൽ പങ്കെടുക്കാൻ വന്നപ്പോൾ എടുത്ത ഫോട്ടോ. തൊട്ടടുത്ത് മറ്റൊരാൾ കൂടിയുണ്ട്.

ഹൈദരാബാദ് രാജ കുടുംബാംഗം പ്രിൻസ് യാഖൂബ് തൂസി.

കവർ പേജിലെ വരികൾ ജമാൽ ഇങ്ങനെ വായിച്ചു.

വിലായത്തുള്ളവർ വരട്ടെ

ഞാൻ ആരാണെന്ന് അവരെ ബോധ്യപ്പെടുത്താം.

ശൈഖ് യൂസുഫ് സുൽത്വാൻ ശാഹ് ഖാദിരി ചിശ്ത്തി.

മശ്രിഖ് - മഗ്രിബിന്നിടയിൽ ജീവിച്ചിരിക്കുന്ന വിലായത്തുള്ളവർ എന്റെ മുന്നിലെത്തിയാൽ ഞാനാരാണെന്ന് അവരെ ബോധ്യപ്പെടുത്താനും അവരെക്കൊണ്ട് അംഗീകരിപ്പിക്കാനും എനിക്ക് കഴിയും. അംഗീകരിക്കാത്തവന്റെ വിലായത്ത് എടുത്തു മാറ്റാനുള്ള അധികാരം എനിക്കുണ്ട്. സംശയമുള്ളവർ പരിശോധിക്കട്ടെ എന്നാണെനിക്ക് പറയാനുള്ളത്. അസ്മാഅ് - തൽസമാത്തു കൊണ്ട് കളിക്കാനൊരുങ്ങുന്നവരുണ്ടെങ്കിൽ പൂർണ്ണ തൗഹീദിന്റെ ശക്തി ഞാനവർക്ക് കാണിച്ചു കൊടുക്കാൻ ഒരുക്കമാണ്.

അത്രയും വായിച്ച് ജമാൽ തരിച്ചിരുന്നുപോയി.

മുഖ ചിത്രത്തിനു താഴെ ഇങ്ങനെ എഴുതിയിരുന്നു.

ഞങ്ങളിവിടെ വന്നത് ഗൗസുൽ അഅ്ളമിന്റെ കൽപ്പന പ്രകാരം. സയ്യിദ് ഹാശിമുദ്ദീൻ അബ്ദുൽ ഖാദിർ അൽകൈലാനി ബഗ്ദാദ്.

കവർപേജ് മറിച്ചു. ജമാൽ വായന തുടർന്നു.

സമ്പൂർണ്ണ ഇസ്ലാം പ്രചരിപ്പിക്കപ്പെടാതെ പോവണമെന്നാണ് സംഘടനകൾ ആഗ്രഹിക്കുന്നത്. ഏതാനും മഹല്ലുകളും കുറച്ചു മനുഷ്യരും കൂടെയുണ്ടെങ്കിൽ എല്ലാമായി എന്നാണവർ കരുതുന്നത്.

കെട്ടിടങ്ങളും സ്റ്റേജുകളും പേജുകളും അവയിലെഴുതപ്പെടുന്ന ന്യായങ്ങളുമാണ് സംഘടനകളുടെ മുൻ നിരനേതാക്കളെപ്പോലും സുഖിപ്പിക്കുന്നത്.

അല്ലാഹുവും റസൂൽ(സ)യും പരിശുദ്ധ തൗഹീദും താൽക്കാലിക ലാഭങ്ങൾക്കായി ഉരുവിടുന്ന ശബ്ദങ്ങൾ മാത്രമായി മാറ്റുക വഴി വിശുദ്ധ ദീനിനെ അവർ വക്രീകരിച്ചുകൊണ്ടിരിക്കുന്നു.

ഇസ്ലാമിന്റെ ആത്മാവ് നശിപ്പിച്ച് ലക്ഷ്യത്തിലെത്താനുള്ള ഇബ്ലീസിന്റെ പണിപ്പുരയിലെ തലപ്പാവ് ധരിച്ച പണിയാളുകളായി പണ്ഡിത വേഷം കെട്ടിയവർ മാറുന്നത് അപകടകരമാണ്. പൊതുജനങ്ങൾ ഇവരുടെ വേഷം കണ്ട് ദീൻ ഇവരിലാ

ണെന്ന് തെറ്റിദ്ധരിക്കുന്നു. അവസാനം ഈമാനിൽ നിന്നകന്ന് അന്ത്യ ശ്വാസം വലിക്കുന്ന അവസ്ഥയുണ്ടാകും.

അല്ലാഹുവും റസൂൽ(സ) യും അലി(റ)വും ഗൗസുൽ അഅ്ളം(റ)വും മറ്റു മശാഇഖുമാരുമാണ് പരിശുദ്ധമായ തൗഹീദ് പൂർണ്ണമായി നൽകി ഈമാനിലേക്ക് ജനങ്ങളെ വഴി നടത്താൻ എന്നെ ഏൽപ്പിച്ചത്.

ഏതെങ്കിലും ജനങ്ങൾ തട്ടിപ്പടച്ചുണ്ടാക്കിയ സംഘടനകളുടെ തീരുമാനപ്രകാരം പ്രബോധനത്തിനിറങ്ങിയവനല്ല ഞാൻ.

ആയിരം പണ്ഡിത സഭകൾ വന്നാലും വിശുദ്ധയായ തൗഹീദിന്റെ ഈകൈമാറ്റത്തിൽ നിന്ന് എന്നെ പിന്തിരിപ്പിക്കാൻ കഴിയില്ല.

മശ്രിഖ് - മഗ്രിബിന്നിടയിൽ ജീവിച്ചിരിക്കുന്ന വിലായത്തുള്ളവർ എന്റെ മുന്നിലെത്തിയാൽ ഞാനാരാണെന്ന് അവരെ ബോധ്യപ്പെടുത്താനും അവരെക്കൊണ്ട് അംഗീകരിപ്പിക്കാനും എനിക്ക് കഴിയും.

അംഗീകരിക്കാത്തവന്റെ വിലായത്ത് എടുത്തുമാറ്റാനുള്ള അധികാരം എനിക്കുണ്ട്. സംശയമുള്ളവർ പരിശോധിക്കട്ടെ എന്നാണെനിക്ക് പറയാനുള്ളത്. അസ്മാഅ് - തൽസമാത്ത് കൊണ്ട് കളിക്കാനൊരുങ്ങുന്നവരുണ്ടെങ്കിൽ പൂർണ്ണ തൗഹീദിന്റെ ശക്തി ഞാനവർക്ക് കാണിച്ചുകൊടുക്കാൻ ഒരുക്കമാണ്.

ഇസ്ലാമിന്റെ പേരിൽ നടക്കുന്ന പാഠശാലകളിലും പഠന കേന്ദ്രങ്ങളിലും വിദ്യാപീഠങ്ങളിലും. പ്രചരണ വേദികളിലും മരിച്ചു കിടക്കുന്ന ഇസ്ലാമിനെയാണ് ഞാൻ കാണുന്നത്. മരിച്ചു കിടക്കുന്ന ദീനിന്ന് ജീവൻ നൽകുകയാണ് എന്റെ ദൗത്യം. അതിൽ നിന്ന് പിൻമാറുന്ന പ്രശ്നമേയില്ല.

സുൽത്താനെ കണ്ടാലേ പർണ്ണ ഈമാനിലായി മരിക്കാൻ കഴിയുകയുള്ളുവെന്ന് പരിഹസിക്കുന്നവരുണ്ട്. ഒരു സത്യം ഞാൻ അവരോട് പറയുകയാണ്. ഓരോകാലത്തും ആ സമാനിലെ ഖുത്ബിനെ കണ്ടാലെ പൂർണ്ണത കൈവരിക്കാൻ സാധിക്കുകയുള്ളു. ഏത് വലിയ്യാണെങ്കിലും ആരുടെ ഖലീഫയാണെങ്കിലും അതാത് കാലഘട്ടത്തിന്റെ ഖുത്ബുമായി ബന്ധം സ്ഥാപിക്കൽ അനിവാര്യമാണ്. അല്ലാത്തപക്ഷം പരിപൂർണ്ണത ലഭിക്കുകയില്ല.

ഈകാലത്ത് ഈമാനിൽ പരിപൂർണ്ണത ലഭിക്കാൻ എന്നെ സമീപിക്കുക തന്നെയാണ് വേണ്ടത് എന്ന സത്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഈയാഥാർത്ഥ്യം മനസ്സിലാക്കി ദുഷിച്ച തീരുമാനങ്ങളിൽ നിന്ന് വിട്ട് വിശുദ്ധമാർഗം അവലംബിച്ചില്ലെങ്കിൽ അന്ത്യം അപകടമായിരിക്കുമെന്ന് ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയാണ്.

ഞാനുമായി ബന്ധം സ്ഥാപിക്കുന്നവരെ കണ്ട് നുണപ്ര

ചരണങ്ങൾ നടത്തി പിന്തിരിപ്പിച്ച് വഴി തെറ്റിക്കാൻ ശ്രമിക്കുന്നുണ്ട് പലരും.

മൂർഖന്റെ വിഷം തവള ഇല്ലാതാക്കുമെന്ന് കേട്ടിട്ടില്ലേ? മൂർഖന്റെ കടിയേറ്റയാളുടെ മുന്നിലേക്ക് തവള ചാടി. കടിച്ചത് തവളയാണെന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച്കൊണ്ട് തൽക്കാലത്തേക്ക് കടിയേറ്റവൻ ആശ്വസിക്കുമെങ്കിലും നിത്യനാശത്തിലേക്കായിരിക്കും അവനെത്തുകയെന്ന് മറക്കാതിരിക്കുന്നത് നല്ലതാണ്.

മൂസാ(അ)ന്റെ മുമ്പിൽ ഫറോവമാർക്കോ ഇബ്റാഹീം(അ)ന്റെ മുമ്പിൽ നംറൂദ്മാർക്കോ റസൂൽ(സ)യുടെ മുമ്പിൽ അബൂജഹലുമാർക്കോ വിജയിക്കാനായിട്ടില്ല എന്നത് ചരിത്ര സത്യമാണ്. ഗൗസുൽ അഅ്ളമിന്റെ മുന്നിലെത്തിയ പണ്ഡിതന്മാരുടെ ചരിത്രം മനസ്സിലാക്കുന്നത് നല്ലതാണ്.

എന്റെ യഥാർത്ഥ മുരീദുമാർ പൂർണ്ണ തൗഹീദിലായി ചിരിച്ചു മരിക്കുന്നത് നിങ്ങൾക്കു കാണാൻ കഴിയും. ഈസത്യം അടുത്തറിയാനും വിജയത്തിന്റെ മാർഗത്തോട് ചേർന്ന് നിന്ന് അവസാനം നന്നാക്കാനും ഞാൻ നിങ്ങളോട് ആവശ്യപ്പെടുകയാണ്.

ജമാൽ കണ്ണുകൾ തുടച്ചു. ഇടക്കിടെ കണ്ണു നീർവന്നു കൊണ്ടിരുന്നതിനാൽ പ്രയാസപ്പെട്ടാണ് വായിച്ചു തീർത്തത്.

ഗൗസുൽ അഅ്ളം (റ)വിന്റെ നിർദ്ദേശപ്രകാരമാണ് പേരക്കുട്ടിയായ സയ്യിദ് ഹാശിമുദ്ദീൻ അബ്ദുൽഖാദിർ അൽ കൈലാനി ആലുവായിലെ ജീലാനി ശരീഫിലെത്തിയത്.

ശൈഖ് യൂസുഫ് സുൽത്വാൻശാഹ് ഖാദിരി ചിശ്ത്തി അവർകളാണ് ഈ കാലഘട്ടത്തിന്റെ ഖുത്ബ് എന്നറിഞ്ഞുകൊണ്ടാണ് മഹാൻ വന്നത്. ഗൗസുൽ അഅ്ളം(റ) അറിയിച്ചുകൊടുത്തു. അക്കാര്യം ലോകത്തോട് പ്രഖ്യാപിക്കാനാണദ്ദേഹം വന്നത്.

സ്വാബിർ ഒരു സംഭവം പറഞ്ഞു.

മുഹ്‌യിദ്ദീൻ ശൈഖ്(റ) വിന്റെ പേരക്കുട്ടി ശൈഖുനായുടെ വീട്ടിലെത്തി. ജീലാനി ശരീഫ് സെക്രട്ടറി ഹുസൈൻ അൽ ഖാസിമി അദ്ദേഹത്തോട് സംസാരിച്ചുകൊണ്ടിരിക്കുന്നു. ശൈഖുനായെ പറ്റി അറബിയിൽ രചിക്കപ്പെട്ട ഒരു പുസ്തകം അൽഖാസിമി അദ്ദേഹത്തിന് നൽകി.

ശൈഖ് സയ്യിദ് ഹാശിമുദ്ദീൻ അബ്ദുൽഖാദിർ അൽ കൈലാനി പുസ്തകം ആദരവോടെ വാങ്ങി. ശൈഖുനായുടെ പേര് വായിച്ചു.

ശൈഖ് യൂസുഫ് സുൽത്വാൻശാഹ് ഖാദിരി ചിശ്ത്തി.

സയ്യിദ് ഹാശിമുദ്ദീൻ പേനയെടുത്തു ശൈഖുനായുടെ

പേരിനു മുകളിൽ ഇങ്ങനെ എഴുതി.

ഖുത്ബുസ്സമാൻ

ഹുസൈൻ അൽഖാസിമി അത് വായിച്ചു. ഖുത്ബുസ്സമാൻ ശൈഖ് യൂസുഫ് സുൽത്വാൻശാഹ് ഖാദിരി ചിശ്ത്തി. ശൈഖുനായുടെ പദവി വെളിപ്പെടുത്താനാണ് മുഹ്‌യിദ്ദീൻ ശൈഖ്(റ)പേരക്കുട്ടിയെ അയച്ചത്.

മാസികയിൽ ശൈഖ് സയ്യിദ് ഹാശിമുദ്ദീൻ അവർകളുടെ പ്രസംഗത്തിന്റെ പ്രസക്ത ഭാഗം കൊടുത്തിട്ടുണ്ട്.

ജമാൽ ആഭാഗം വായിച്ചു.

ഞങ്ങളിവിടെ വന്നത് ഗൗസുൽ അഅ്ളമിന്റെ കൽപ്പന പ്രകാരം സയ്യിദ് ഹാശിമുദ്ദീൻ അബ്ദുൽഖാദിർ അൽ കൈലാനി.

മഹാനായ ഗൗസുൽ അഅ്ളം (റ)വിന്റെ പതിനാറാം പൗര്യനും ബഗ്ദാദ് ശരീഫിലെ സ്ഥാനപതിയുമായ ശൈഖ് സയ്യിദ് ഹാശിമുദ്ദീൻ അബ്ദുൽഖാദിർ അൽ കൈലാനി അവർകൾ ജീലാനി ശരീഫിൽ നടത്തിയ പ്രഭാഷണത്തിന്റെ പ്രസക്തഭാഗം.

പ്രിയമുള്ളവരെ! ഈ പരിശുദ്ധ വേദിയിൽ നിങ്ങളോടൊത്ത് ഒരുമിച്ചു കൂടാൻ തൗഫീഖ് നൽകിയ അല്ലാഹുവിനെ സ്തുതിക്കുന്നു. ഈ അനുഗ്രഹത്തിൽ ഞാൻ അത്യധികം സന്തോഷിക്കുകയും ചെയ്യുന്നു. ഈസംഗമത്തെ അല്ലാഹു ഒരു സൽകർമ്മമായി സ്വീകരിക്കട്ടെ.

ബാഗ്ദാദ് എന്ന വിദൂരമായ ഒരിടത്ത് നിന്നാണ് ഞാനിവിടെ എത്തിയിരിക്കുന്നത്.. മഹാനായ ഗൗസുൽ അഅ്ളമിന്റെ പുണ്യ സവിധത്തിൽ നിന്ന് വന്നു. വന്നത് വിദൂരത്ത് നിന്നാണെങ്കിലും നാം വളരെ അടുത്തിരിക്കുന്നു. സ്നേഹത്തിന്റെ അടുപ്പം.

ഗൗസുൽ അഅ്ളമിന്റെ മഖ്ബറയിൽ നാനൂറ് വർഷം മുമ്പ് ഖാദിമായി ജോലിചെയ്ത ഒരാളുടെ സംഭവം പറയാം.

ഖാദിമിന്റെ പേര് മുഹമ്മദുൽ അബാരീഖ്

ഗൗസുൽ അഅ്ളമിന്റെ മസാറിൽ വരുന്നവർക്ക് വുളൂ എടുക്കാനും മറ്റും വെള്ളം എത്തിച്ചുകൊടുക്കുന്ന ജോലിയാണ്.

ഏറെകാലം ജോലിചെയ്തു. കാലംമാറി. ആളുകൾ സാമ്പത്തികമായി ഉയർന്നു.

അബാരീഖിന്ന് മാറ്റമില്ല. ഇന്നും പഴയസ്ഥിതിതന്നെ. ജോലിമതിയാക്കി സിറിയയിലേക്കുപോവാൻ തീരുമാനിച്ചു.

ഒരുശിഷ്യനെ വിളിച്ചു മഖ്ബറയുടെ താക്കോൽ നൽകി. ഞാൻ സിറിയയിലേക്ക് പോവുകയാണ്. ഞാൻ ചെയ്ത ജോലികൾ ഇനി നീ ചെയ്യുക ശിഷ്യനെ ചുമതലയേൽപ്പിച്ചു.

മുഹമ്മദ് അബാരീഖ് ദീർഘയാത്ര തുടങ്ങി. ആഹാരവും

വെള്ളവും തീർന്നു. മരുഭൂമിയിലൂടെ ഒരുപാട് ദൂരം പോവണം.

രാത്രിയായി. തീ കണ്ടു. ആ ഭാഗത്തേക്ക് നടന്നു. മൂന്നു പേർ ഇരിക്കുന്നു.

അവരോടൊപ്പം രാത്രി കഴിച്ചുകൂട്ടാൻ സമ്മതം ചോദിച്ചു. അവർ സമ്മതിച്ചു. നല്ല വിശപ്പും ദാഹവുമുണ്ട്.

അവർ ആഹാരം കഴിക്കുമ്പോൾ തനിക്കും തരുമെന്നാണ് പ്രതീക്ഷ. പക്ഷെ ആഹാരം ഉണ്ടാക്കുന്ന മട്ടില്ല.

രാത്രി നമസ്കാരത്തിന്റെ സമയമായി.

ഒരാൾ ബാങ്ക് കൊടുത്തു.

രണ്ടാമൻ ഇഖാമത്ത് കൊടുത്തു.

മൂന്നാമൻ ഇമാമത്ത് നിന്നു.

നിസ്കാര ശേഷം ഇമാം ഇങ്ങനെ പ്രാർത്ഥിച്ചു.

അല്ലാഹുവിന്റെയും റസൂൽ(സ)യുടെയും ഗൗസുൽ അഅ്ളം(റ)വിന്റെയും അവിടുത്തെ ദർബാറിലെ ഖാദിമായ മുഹമ്മദുൽ അബാരീഖിന്റെയും പേര്കൊണ്ട് ഞാൻ നിന്നോട് ചോദിക്കുന്നു. റബ്ബേ.. ഞങ്ങൾക്ക് നീ ഭക്ഷണം നൽകേണമേ!

ആകാശത്ത് നിന്ന് സലാം പറയുന്നു. ഭക്ഷണത്തളിക ഇറങ്ങിവരുന്നു.

മുഹമ്മദുൽ അബാരീഖ് അത്ഭുതപ്പെട്ടു.

തന്റെ പേര്കൂടി ചേർത്താണല്ലോ പ്രാർത്ഥിച്ചത്.

ആഹാരം കഴിച്ചു. അവരുടെകൂടെ രാത്രി കഴിച്ചുകൂട്ടി.

പിറ്റേന്ന് രാവിലെയും ഇത്പോലെ പ്രാർത്ഥിച്ചു. തളികയിറങ്ങി.

തന്റെ പദവിയെക്കുറിച്ചു മുഹമ്മദുൽ അബാരീഖ് ബോധവാനായി. ഗൗസുൽ അഅ്ളമിന്റെ മസാറിലെ ഖാദിം സ്ഥാനം അത്രയേറെ പദവിയുള്ളതാണ്. ഇനി സിറിയയിലേക്കില്ല. മസാറിലേക്ക് തന്നെ മടങ്ങാൻ തീരുമാനിച്ചു. കാരണം തിരക്കിയപ്പോൾ അബാരീഖ് പറഞ്ഞു.

എന്റെ പതവിഞാൻ തിരിച്ചറിഞ്ഞു. ഗൗസുൽ അഅ്ളമിന്റെ ദർബാറിലെ ഖാദിയായ മുഹമ്മദുൽ അബാരീഖ് ഞാൻ തന്നെയാണ്.

അദ്ദേഹം തിരിച്ചുപോയി. ജോലി ഏറ്റെടുത്തു. മരണം വരെ ജോലിയിൽ തുടർന്നു. മഹാനായ ഗൗസുൽ അഅ്ളമിന്റെ പരിശുദ്ധ മസാർ സന്ദർശിക്കാനവസരം കിട്ടാത്തവർക്ക് അവിടുത്തെ പരമ്പരയിലൂടെ ശൈഖ് യൂസുഫ് സുൽത്വാൻശാഹ് ഖാദിരി ചിശ്ത്തി അനുഗ്രഹമായിരിക്കുന്നു.

ഞങ്ങളുടെ ഈ സന്ദർശനം യാദൃശ്ചികമായി സംഭവിച്ചതല്ല. മഹാനായ ഗൗസുൽ അഅ്ളമിന്റെ നിർദ്ദേശത്തോടെയും

സമ്മതത്തോടെയുമാണ് ഞങ്ങൾ ഇവിടെ എത്തിയിരിക്കുന്നത്. മഹാനായ ശൈഖ് യൂസുഫ് സുൽത്വാൻശാഹ് ഖാദിരി ചിശ്ത്തിയെ ആദരിക്കാനും അവിടത്തെ മഹത്തായ സ്ഥാനം വെളിപ്പെടുത്താനും അനുഗ്രഹിക്കാനും ഗൗസുൽ അഅ്ളം ഞങ്ങളെ അയച്ചിരിക്കുകയാണ്.

കേരളത്തിൽ ഞങ്ങളുടെ ആദ്യ സന്ദർശനമാണിത്.

മഹാനായ ഗൗസുൽ അഅ്ളമിന്റെ കൽപ്പന പ്രകാരമാണ് ഇന്ത്യയിലെ ഈ കേരളത്തിൽ ഞങ്ങളെത്തിയത്. ഈ സംഗമത്തിൽ മഹാനായ ഗൗസുൽ അഅ്ളം സന്തുഷ്ടനും തൃപ്തനുമാണെന്ന് ഞാനിവിടെ അറിയിക്കുകയാണ്.

മഹാനായ ഗൗസുൽ അഅ്ളമിന്റെ പരുശുദ്ധമാർഗ്ഗം പ്രചരിപ്പിക്കുന്ന നാടാണിത്.

ആവഴി നിങ്ങൾക്കെത്തിച്ചു തന്ന ശൈഖ് യൂസുഫ് സുൽത്വാൻശാഹ് ഖാദിരി ചിശ്ത്തിയുടെ പ്രവർത്തനങ്ങളിൽ ഗൗസുൽ അഅ്ളം സന്തുഷ്ടനാണ്. മഹാനവർകൾക്കും അല്ലാഹു അനുഗ്രഹം ചൊരിയട്ടെ. മഹാന്റെ പദവി അല്ലാഹു ഉയർത്തട്ടെ.

വല്ലാത്തൊരു സൗഭാഗ്യം തന്നെ. ഇതൊക്കെ വായിച്ചറിയാൻ കഴിഞ്ഞത് ഇവിടെ വന്നത് കൊണ്ടല്ലേ?

ജമാൽ അതിശയത്തോടെ സ്വാബിറിനെ നോക്കി.

അരാണിത്? ആത്മീയ ലോകത്ത് ഇവന്റെ പദവിയെന്താണ്?

പഴയകാലത്ത് ജീവിച്ച ചില ഔലിയാക്കന്മാരെക്കുറിച്ചു താൻ കേട്ടത് ജമാൽ ഓർത്തു.

മഹാന്മാരായ ഔലിയാക്കൾ.

രാവിലെ വീട്ടിൽ നിന്നിറങ്ങും.

ചുമലിൽ കോടാലി കാണും. നടന്നു പോവും. കാട്ടിലേക്ക് വിറക്‌വെട്ടും. കടുത്ത ജോലിയിലാണ്. വിയർത്തൊഴുകും. കീറിയെടുത്ത വിറക്കൊള്ളികൾ കെട്ടാക്കും.

വിറക്കെട്ട് ചുമന്ന്കൊണ്ട് കാട്ടിൽനിന്നിറങ്ങി വരും. തലയിൽ ഭാരം ചുമക്കുകയാണ്. പലരും ആകാഴ്ച കാണും.

വിറകിന്റെ കെട്ടും കോടാലിയും തലയിൽ ചുമക്കുന്ന കാഴ്ച. പോകുന്ന വഴിയേ വിയർപ്പ് തുള്ളികൾ ഇറ്റിവീഴുന്നുണ്ട്.

എത്രയോ മൈലുകൾ നടന്നു. അങ്ങാടിയിലെത്തി.

വിറകിന്റെ ആവശ്യക്കാർ വന്നു വിറകുവാങ്ങി പൈസ കൊടുത്തു. ആപൈസകൊടുത്ത് ആഹാരം വാങ്ങുന്നു.

ഭക്ഷണപ്പൊതികൾ സഞ്ചിയിലാക്കി അത് ചുമലിൽ

ചുമന്ന് കൊണ്ട്പോവുന്നു.

അശരണരായ രോഗികളെയും അഗതികളായ വൃദ്ധ ജനങ്ങളെയും, യത്തീം മക്കളെയും, വിധവകളെയും അന്വേഷിച്ചു പോവുകയാണ്.

വിശക്കുന്ന വയറുകൾ തേടിയുള്ള യാത്ര.

എല്ലാവർക്കും ആഹാരം നൽകുന്നു. ഒഴിഞ്ഞ സഞ്ചിയുമായി മടങ്ങിപ്പോവുന്നു.

അല്ലാഹുവിന്റെ വലിയ്യാണത്.

അല്ലാഹുവിലെത്താൻ ആ വഴിയാണദ്ദേഹം സ്വീകരിച്ചത്.

അദ്ദേഹം വലിയ്യാണെന്ന് ജനമറിഞ്ഞത് മരണശേഷമാണ്.

ആ വലിയ്യിന്റെ പിൻഗാമിയല്ലേ ഈസ്വാബിർ. ഖുത്ബുസ്സമാൻ ശൈഖ് യൂസുഫ് സുൽത്വാൻശാഹ് ഖാദിരി ചിശ്ത്തി മഹാനവർകളുടെ മുരീദുമാർക്കിടയിൽ ഇങ്ങനെയുള്ള എത്രയെത്ര സ്വാബിറുമാരുണ്ട്?

ഇവർ ഉദാരമതികളാണ്. കിട്ടുന്നതിന്റെ ഒരു ഭാഗം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു.

ഇവർ പിശുക്കു കാണിക്കില്ല.

പിശുക്ക് ഈമാനിന്റെ പ്രകാശം തടയും. ഇക്കാലത്ത ആ സത്യം നന്നായി മനസിലാക്കിയവർ ഈ മുരീദുമാർ തന്നെയാണ്.

# 8
# ചിരിച്ചു മരിക്കുക

ഞങ്ങളുടെ സംഘടനകൾക്ക് കുറെ പ്രസിദ്ധീകരണങ്ങളുണ്ട്. എതിർ സംഘടകൾക്കുമുണ്ട് പ്രസിദ്ധീകരണങ്ങൾ. ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും കുട്ടികൾക്കും വെവ്വേറെ മാസികകളുണ്ട്. വാരികകളുണ്ട്.

ത്വരീഖത്തുകാർ നടത്തുന്ന ഈ മാസികയുടെ നിലവാരം അവക്കൊന്നുമില്ല. ഇതിലുള്ള ഓരോ വരിയിലും വിജ്ഞാനത്തിന്റെ പ്രകാശമുണ്ട്. വായിക്കും തോറും വിജ്ഞാനം വർദ്ധിക്കുന്നു. ഹിദായത്തിന്റെ പ്രകാശം വരുന്നു.

ജമാൽ ആവേശത്തോടെ സംസാരിച്ചു.

അതു കേട്ടപ്പോൾ സ്വാബിർ പറഞ്ഞു. ഖുത്ബുസ്സമാന്റെ അനുഗ്രഹത്തോടെ നടക്കുന്ന മാസികയണത്. നല്ലമനസ്സോടെ വായിക്കുന്നവർക്കെല്ലാം അനുഗ്രഹമുണ്ട്.

നമ്മുടെ ഖത്വീബുമാരും മറ്റും ഇത് വായിച്ചിരുന്നെങ്കിൽ.... അവർ രഹസ്യമായി വായിക്കും. ഞാനൊരുകാര്യം ചിന്തിക്കുകയാണ്. ഈ മഹല്ലിലെ ഖത്വീബിന്റെ വീട്ടിൽ മാസിക വര

ണം. വരിസംഖ്യ അടക്കണം. അതിന്ന് വീട്ടിലെ അഡ്രസ്സ് കിട്ട ണം. ഞാനതിന്ന് ശ്രമിക്കട്ടെ.

സ്വാബിറിന്റെ പരിപാടി കേട്ടപ്പോൾ അതേകാര്യം ഞാനും ചെയ്യുമെന്ന് ജമാൽ പറഞ്ഞു. അൻവർ മഹാ ഭാഗ്യവാ നാണ്. മരണത്തിനുമുമ്പ് ബൈഅത്ത് ചെയ്യാൻ കഴിഞ്ഞല്ലോ. എനിക്കും ബൈഅത്ത് ചെയ്യണം. അതിന്ന് വേണ്ടതൊക്കെ ചെയ്തുതരണം. ജമാൽ താഴ്മയോടെ പറഞ്ഞു.

ഇൻശാ അല്ലാഹ് സ്വാബിർ അങ്ങനെ പറഞ്ഞപ്പോൾ ജമാ ലിന് വലിയ ആശ്വാസം.

സ്വാബിർ എന്റെ വീട്ടിലേക്ക് വരണം. ഒരു ദിവസം അവിടെ താമസിക്കാം. എനിക്ക് കുറെ കാര്യങ്ങൾ കേട്ട് പഠിക്കുകയും ചെയ്യാം.

അപ്പോഴും സ്വാബിർ ഇൻശാ അല്ലാഹ് പറഞ്ഞു.

മനസ്സ് നിറയെ പ്രതീക്ഷകളുമായി ജമാൽ യാത്ര പറ ഞ്ഞിറങ്ങി. ഇമാമിന്റെ വീട്ട് അഡ്രസ്സ് തേടിപ്പിടിച്ചു. മാസികക്ക് വരിസംഖ്യ അടച്ചു. തന്റെ വീട്ട് അഡ്രസ്സിലും അടച്ചു. അടുത്ത ലക്കം മുതൽ വന്നു തുടങ്ങും.

പത്തു ദിവസം കഴിഞ്ഞപ്പോൾ പുതിയ ലക്കം കിട്ടി ഉള്ള ടക്കം നോക്കിയപ്പോൾ അതിശയിച്ചുപോയി. വിജ്ഞാനവിഭവ ങ്ങളുടെ സദ്യതന്നെ.

എന്തെല്ലാം വിഷയങ്ങൾ. ഗഹനമായ പഠനങ്ങൾ. പല ലേഖനങ്ങളും ജമാൽ ആവർത്തിച്ചു വായിച്ചു. ഭാര്യയും മക്കളും വായിച്ചു.

ഭാര്യ പറഞ്ഞു. ഈ മാസികക്ക് എന്തോ ഒരു പ്രത്യേ കത ഉണ്ട് മറ്റ് മാസികകൾ വായിച്ചാൽ മനസ്സിൽ തട്ടില്ല. ഇത് മനസ്സിനെ പിടിച്ചുകുലുക്കുന്നു.

വെള്ളിയാഴ്ച ജുമുഅക്ക് ശേഷം ഖത്വീബ് പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞപ്പോൾ ആളുകൾ പറഞ്ഞു ഇന്നത്തെ പ്രസംഗം കലക്കി.

മനസ്സിനെ പിടിച്ചു കുലുക്കിയ പ്രസംഗം.

ജമാൽ അതുകേട്ട് പുഞ്ചിരി തൂകി.

പറഞ്ഞ കാര്യങ്ങളെല്ലാം ഈ ലക്കം മാസികയിലുണ്ട്. ജമാലിന്ന് മനസ്സ് നിറയെ സന്തോഷം.

തന്റെ ശ്രമം ഫലിച്ചു. എല്ലാ ഇമാമുമാർക്കും മാസിക എത്തിച്ചുകൊടുക്കുന്നത് നന്നായിരിക്കുമെന്ന് ജമാലിന്ന് തോന്നി.

പിന്നെയും നാളുകൾ ഒഴുകിപ്പോയി. ഒരു ദിവസം ഭാര്യ ചോദിച്ചു. എന്താ നിങ്ങൾക്കൊരു മാറ്റം? കുറെ നാളായി ഞാനത് ശ്രദ്ധിക്കുന്നു. ഉപ്പാക്ക് എന്തോ ഒരു മാറ്റം വന്നിട്ടുണ്ടെന്ന് മക്കളും പറയുന്നു. എന്ത്പറ്റി?

എന്നിൽ എന്ത് മാറ്റമാണ് നിങ്ങൾ കണ്ടത്?

സുബ്ഹി നിസ്കരിച്ചാൽ ഉടനെ ചായ ചോദിച്ചു നിങ്ങൾ അടുക്കളയിൽ വരുമായിരുന്നു. ചായക്ക് അൽപം വൈകിയാൽ ദേഷ്യം പിടിക്കും. പരുഷമായി സംസാരിക്കും ഇപ്പോൾ ചായയും വേണ്ട ദേഷ്യവുമില്ല. സംസാരവുമില്ല.

സുബ്ഹിക്കുമുമ്പേ ഉണരുന്നു, തഹജ്ജുദ് നിസ്കരിക്കുന്നു, തസ്ബീഹ് മാലയുമായി ഇരിക്കുന്നു.

സുബ്ഹി കഴിഞ്ഞാൽ ഒറ്റ ഇരിപ്പാണ്. ഞാൻ പലതവണ വന്നുനോക്കും. കണ്ണടച്ചിരിക്കുന്നതാണ് കാണുന്നത്. മേശപ്പുറത്ത് വെച്ച ചായതണുത്തിട്ടുണ്ടാവും. ഇതെന്ത്പറ്റിപ്പോയിങ്ങൾക്ക്?

പൊതുവെ സംസാരം കുറഞ്ഞിട്ടുണ്ട്. ചിന്ത കൂടിയിട്ടുണ്ട്. മുഖത്താണെങ്കിൽ നല്ല പ്രസന്ന ഭാവം. പുഞ്ചിരിക്ക് പ്രകാശം കൂടിയിട്ടുണ്ട്. നേരത്തെ വലിയ ശബ്ദത്തിൽ പൊട്ടിച്ചിരിക്കുമായിരുന്നു. ഇപ്പോൾ ശബ്ദമില്ലാത്ത ചിരിയാണ്. എനിക്ക് അതിശയം തോന്നുന്നു. നീ അവിടെ ഇരിക്ക്. ഞാൻ കുറച്ചുകാര്യങ്ങൾ പറഞ്ഞുതരാം. ഭാര്യ കസേരയിൽ ഇരുന്നു.

ജമാൽ മശാഇഖുമാരുടെ പേരിൽ ഫാത്തിഹ ഓതി. എന്നിട്ട് തുടങ്ങി. ഇത്വരെ കേൾക്കാത്ത കാര്യങ്ങൾ, പുതിയ വിവരങ്ങൾ.

നന്മനിറഞ്ഞ മനസ്സാണവൾക്ക്.

അത്കൊണ്ട് നല്ല കാര്യങ്ങൾ വേഗത്തിൽ ഉൾക്കൊള്ളും.

മൂന്നു പ്രസവിച്ചെങ്കിലും മുഖത്തിന്റെ തിളക്കം കുറഞ്ഞിട്ടില്ല. ശരീരത്തിന്റെ സൗന്ദര്യത്തെക്കാൾ മികച്ചതാണ് അവളുടെ മനസ്സിന്റെ സൗന്ദര്യം.

തന്റെ സംസാരം അവളുടെ മുഖത്ത് കൗതുകം പരത്തി.

കണ്ണുകൾ വല്ലാതെ തിളങ്ങി.

എന്തൊക്കെയാണവൾ കേട്ടത്?

ശരീഅത്ത്, ത്വരീഖത്ത്, ശൈഖ്, ബൈഅത്ത്, തൗഹീദ് ഇത് വരെ കേളക്കാത്ത കാര്യങ്ങൾ. കോരിത്തരിച്ചിരുന്നുപോയി.

എന്റെ ജീവിതത്തിൽ മാറ്റംവരുത്തിയ സംഗതികൾ എന്താണെന്ന് നിനക്കിപ്പോൾ മനസ്സിലായോ?

ഇക്കാര്യങ്ങൾ നിങ്ങളെന്താ ഒളിച്ചുവെച്ചത്? നിങ്ങൾ മാത്രം നന്നായാൽ മതിയോ? നിങ്ങളുടെ ഭാര്യേയും നന്നാക്കിയെടുക്കണ്ടേ?

അൽഹംദുലില്ലാഹ്.... നീ എത്ര നല്ല ഭാര്യയാണ്. നിന്നെ എനിക്ക് ഇണയായി നൽകിയ അല്ലാഹുവിന്ന് സ്തുതി. നിന്റെ വായിൽ നിന്ന് ഈ ചേദ്യം വന്നല്ലോ.

മുഖസ്തുതി പറഞ്ഞ് എന്നെ മയക്കാൻ നോക്കണ്ട. നിങ്ങൾ പോയവഴിയേ എന്നെയും കൊണ്ട്പോവണം.

ഇൻശാ അല്ലാഹ്

അന്ന് വേകുന്നേരം ജമാലിന്റെ ഭാര്യ അൻവറിന്റെ വീട്ടിൽ പോയി. അൻവറിന്റെ ഭാര്യയമായി സംസാരിച്ചു. രാവിലെ ജമാലിൽ നിന്ന് കേട്ട കാര്യങ്ങളെല്ലാം പറഞ്ഞു.

എല്ലാംകേട്ട്കഴിഞ്ഞപ്പോൾ അൻവറിന്റെ ഭാര്യ പറഞ്ഞു. ഇക്കാര്യങ്ങളെല്ലാം അൻവർ ഇക്കാക്ക എന്നോട് പറഞ്ഞിട്ടുണ്ട്. ശൈഖിനെ കാണാൻ പോവണമെന്നും പറഞ്ഞു. എന്നെയും മക്കളെയും കൊണ്ട് പോവാമെന്ന് പറഞ്ഞിരുന്നു. പക്ഷെ, ഒന്നിനും സമയം കിട്ടിയില്ലല്ലോ...

അവർ കരഞ്ഞുപോയി. ഞാനും മക്കളും ബൈഅത്ത്

ചെയ്യണമെന്ന് വലിയ ആഗ്രഹമായിരുന്നു.

ഇൻശാ അല്ലാഹ്.. അത് നടക്കും

കുറെ ആളുകളെ ഈ വഴിയിൽ കൊണ്ട് വരണമെന്ന് അവർക്ക് വലിയ ആഗ്രഹമായിരുന്നു. ആ ആഗ്രഹം നീ നിറ വേറ്റണം.

ആദ്യം നാം കാര്യങ്ങൾ പഠിക്കണം. എന്നിട്ട് നമ്മുടെ സദോഹരന്മാർക്കു പറഞ്ഞു കൊടുക്കണം. അപ്പോൾ അവർ സ്വീകരിക്കും.

നമ്മുടെ സഹോദരിമാർ ഇരുട്ടിൽ തപ്പുകയാണ്. വഴി അറിയില്ല. മനസ്സിൽ ആത്മീയതയുടെ പ്രകാശമില്ല. സീരിയലു കളുടെയും സിനിമയുടെയും അടിമകളായി ജീവിക്കുന്നു. മത പ്രസംഗങ്ങളൊന്നും അവരുടെ മനസ്സിൽ തട്ടുന്നില്ല. കുടുംബ ജീവിതം അസ്വസ്ഥതകൾ നിറഞ്ഞതാണ്. വേണം ഇതിനൊരു മാറ്റം.

തൗഹീദിൽ ബൈഅത്ത് ചെയ്യണം. ശൈഖിന്റെ നിർദ്ദേ ശങ്ങൾ പാലിക്കണം. അപ്പോൾ മനസ്സിൽ പ്രകാശമുണ്ടാകും. ജീവിതത്തിൽ മാറ്റങ്ങളുണ്ടാവും.

ബൈഅത്തില്ലാത്തവർക്ക് മനസ്സിൽ മാറ്റങ്ങളുണ്ടാക്കാ നാവില്ല. ജനങ്ങളെ അല്ലാഹുവിലേക്ക് നയിക്കാനുമാവില്ല.

എല്ലാകാര്യങ്ങളും അല്ലാഹു റാഹത്തിലാക്കിത്തരട്ടെ.

ആമീൻ.

ഒരു ദിവസം ജമാലിന്റെ വീട്ടിൽ ഒരു വിരുന്നുകാരനെത്തി.

സ്വാബിർ

വീട്ടുകാർക്കെല്ലാം സന്തോഷമായി ഹൃദ്യമായ സ്വാഗതം. ജമാൽ നാലഞ്ച് കൂട്ടുകാരെ വിളിച്ച്കൊണ്ട് വന്നു.

അവരുമായി സ്വാബിർ പരിചയപ്പെട്ടു. സംസാരിച്ചു.

അവരുടെ സന്തോഷങ്ങളും സങ്കടങ്ങളും മനസ്സിലാക്കി.

ദു:ഖങ്ങൾ വരുന്നവഴികൾ സ്വാബിർ വിവരിച്ചു. പിശാച് മനുഷ്യനെ എങ്ങനെ വല വീശിപ്പിടിക്കുന്നു എന്ന് വിവരിച്ചു.

കേൾവിക്കാർക്ക് നല്ല ഉത്സാഹമായി.

സംസാരം ത്വരീഖത്തിലെത്തി.. ബൈഅത്തിലും തൗഹീദിലുമെത്തി.

അവരുടെ മനസ്സിൽ ആഗ്രഹം വളർന്നു.

അവരെല്ലാവരും കൂടി ഇശാ നിസ്കാരിക്കാൻ പള്ളിയിൽ പോയി. നിസ്കാരം കഴിഞ്ഞു. ആളുകൾ പിരിഞ്ഞു.

ഇമാം പള്ളിയിൽ തനിച്ചായി.

ഇമാം ഒറ്റക്ക്. ആഗതർ ഏഴുപേർ.

ജമാൽ സലാം ചൊല്ലി. ഇമാം സലാം മടക്കി.

സ്വാബിറിനെ പരിചയപ്പെടുത്തി. സ്വാബിർ സംസാരിച്ചു. ശൈഖിനെ സ്വീകരിക്കുന്നതിനെക്കുറിച്ച് സംസാരിച്ചു. ഇമാം നിശ്ശബ്ദനായി കേട്ടുകൊണ്ടിരുന്നു. ഒടുവിൽ ഇമാം പറഞ്ഞു. നിങ്ങൾ പറഞ്ഞതെല്ലാം ശരി. ഞാനെതിർക്കുന്നില്ല. എനിക്ക് സംഘടന പറഞ്ഞനിനനുസരിച്ചേ നീങ്ങാൻ പറ്റുകയുള്ളൂ. നിങ്ങൾക്ക് പോകാം.

എല്ലാവരും എഴുന്നേറ്റു പോകുന്നു.

എന്റെ നാട്ടിലെ ഇമാം പറഞ്ഞതെന്താണെന്ന് കേൾക്കണോ? ഒരു ദിവസം എന്നോടു പറഞ്ഞു. സ്വാബിറേ.. നിന്റെ ശൈഖ് പറഞ്ഞതിൽ തെറ്റൊന്നും ഞാൻ കാണുന്നില്ല.

പക്ഷെ, ഞാൻ നിന്റെ വഴിയിൽ വരില്ല. എന്റെ ഇപജീവനം മുട്ടിപ്പോവും.

ഉപജീവനം നൽകുന്നത് അല്ലാഹുവല്ലോ?

ഞാൻ തർക്കത്തിനില്ല.

അല്ലാഹുവിന്റെ ഖളായിൽ വിശ്വാസമില്ലേ.

ഞാൻ വാദപ്രതിവാദത്തിനില്ലെന്ന് പറഞ്ഞില്ലേ. സ്വാബിർ പലതും ചോദിച്ചുനോക്കി.

ഖത്വീബ് എല്ലാ ചോദ്യത്തിൽ നിന്നും ഒഴിഞ്ഞുമാറി.

കാലം നീങ്ങിയപ്പോൾ നാട്ടിൽ, നേർവഴിയിൽ സഞ്ചരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു. തൗഹീദ് ആത്മാവിനോട് ചേർത്തുവെക്കുന്നവർ ധാരാളമായി. അതോടെ എതിർപ്പുകളും വർദ്ധിച്ചു. മാസികയുടെ ധാരാളം കോപ്പികൾ ആ പ്രദേശത്ത്

വരാൻ തുടങ്ങി.

പലരും പരസ്യമായിത്തന്നെ മാസിക കയ്യിൽ പിടിച്ചു കൊണ്ട് നടന്നു.

വായനയും ചർച്ചകളും വർദ്ധിച്ചു.

മാസികയുടെ പുതിയ ലക്കം വന്നു.

അതിശയിപ്പിക്കുന്ന വാർത്ത ആവേശത്തോടെ വായിച്ചു. തലവാചകം ഇങ്ങനെ

ശൈഖ് യൂസഫ്സുൽത്താൻ ഖുത്വബുസ്സമാനാണ്.

-സയ്യിദ് അഹമ്മദ് ഹസൂൽ രിഫാഇ

സുൽത്വാനുൽ ഈരിഫീൻ ശൈഖ് അഹമദുൽ കബീർ രിഫാഇ (റ) വിന്റെ പേര മകനും മഹാനവർകളുടെ ദർഗയുടെ സൂക്ഷിപ്പുകാരനുമായ ശൈഖ് അഹമദ് ഹസൂൻ രിഫാഇ 28 -03-14ന്ന് വെള്ളിയാഴ്ച പള്ളിയിലെ ഖുത്ബയിൽ ഇങ്ങനെ പ്രഖ്യാപിച്ചു.

ഇന്ത്യയിലെ ശൈഖ് യൂസുഫ് സുൽത്വാൻ ശാഹ് ഖാദിരി ഈ കാലഘട്ടത്തിന്റെ ഖുത്ബ് ആണെന്ന് എന്റെ ഉപ്പാപ്പ ശൈഖ് രിഫാഇ(റ) എന്നെ അറിയിച്ചിരിക്കുന്നു.

ഖുത്ബുസ്സമാന്റെ മുരീദായ സക്കീർ ഹുസൈൻ ജുമുഅ നിസ്കാരത്തിന്ന് ചെന്നപ്പോൾ ഇക്കാര്യം അദ്ദേഹത്തെ ശൈഖ് ഹസൂൻ രിഫാഇ നേരിട്ട് അറിയിക്കുകയും ചെയ്തു. അത് രേഖപ്പെടുത്തി സീൽ ചെയ്ത കത്ത് നൽകി. ഉടനെ ആലുവായിലെ ജീലാനി ശരീഫിൽ ഏൽപിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

(2014 ലെ ശൈഖ് ജീലാനി(റ) വിന്റെ ഉറൂസിൽ പങ്കെടുക്കാൻ ബാഗ്ദാദിലെത്തിയ ഖുത്ബ്സ്സമാനെ ശൈഖ് ഹസൂൻ രിഫാഈ സ്വീകരിക്കുകയും പട്ട് അണിയിച്ച് ആദരിക്കുകയും ചെയ്തിരുന്നു).

താഴെ സയ്യിദ് അഹമ്മദ് ഹസൂനിന്റെ അറബിയിലുള്ള കത്ത് കൊടുത്തിട്ടുണ്ട്. താഴെ ഒപ്പും തിയ്യതിയും കാണാം കത്തിന്റെ പരിഭാഷയും കൊടുത്തിട്ടുണ്ട്.

അതിപ്രകാരമാകുന്നു.

ബിസ്മില്ലാഹി റഹ്മാനി റഹീം.

നബി(സ)യുടെയും അവിടുത്തെ കുടുംബത്തിന്റെയും മേൽ അല്ലാഹുവിന്റെ സ്വലാത്തും സലാമും ഉണ്ടാവട്ടെ സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു.

ശൈഖ് രിഫാഇ(റ)വിന്റെ സവിധത്തിൽ നിന്നും ഞാൻ കുറിക്കുന്നു.

ശൈഖ് യൂസുഫ്സുൽത്താൻ എന്നവരെ ശൈഖ് അഹ് മദുൽ കബീർ രിഫാഇ(റ)വിന്റെ സാന്നിദ്ധ്യത്തിൽ ഞാൻ സ്വപ്ന ത്തിൽ ദർശിച്ചു.

തീർച്ചയായും ശൈഖ് യൂസഫ് സുൽത്താൻ ഖുത്വ ബുസ്സമാനാണ്.

അൽഹംദുലില്ലാഹ്

അസ്സലാമുഅലൈക്കും വറഹ്മത്തുല്ലാഹി വബറകാതുഹു

സയ്യിദ് അഹമദ് ഹസൂൻ രിഫാഇ

(സാദിർ-മർഖദ് സയിദ് അഹമ്മദ് രിഫാഇ)

ഗൗസിയ്യ സുന്നി ജംഇയ്യത്തുൽ ഇലമ നേതാക്കൾക്ക് പട്ടാമ്പിയിൽ നൽകിയ സ്വീകരണത്തിന്റെ റിപ്പോർട്ടും ഇതേ ലക്കത്തിൽ കൊടുത്തിട്ടുണ്ട്. ജമാൽ റിപ്പോർട്ട് ഇങ്ങനെ വായിച്ചു.

ഇസ്ലാമിനെ തകർക്കുന്ന സംഘടനകളെ സൂക്ഷിക്കുക. ഖുത്വബുസ്സമാൻ ശൈഖ് യൂസഫ്സുൽത്താൻ ശാഹ് ഖാദിരി ചിശ്ത്തി പട്ടാമ്പി.

സമുദായത്തിന്റെ വിശ്വാസപരമായ മുന്നേറ്റവും ആദർശ സംരക്ഷണവും നിർവ്വഹിക്കേണ്ട പണ്ഡിതന്മാർ സ്വന്തം താൽപ ര്യങ്ങൾ സംരക്ഷിക്കാനായി ഇസ്ലാമിന്റെ പേരിൽ സംഘടനകളെ വളർത്തിക്കൊണ്ടുവരുന്നത് അത്യന്തം അപകടകരവും ഇസ്ലാ മിക ശരീഅത്തോടുള്ള വെല്ലുവിളിയുമാണെന്ന് ഖുത്ബുസ്സ മാൻ പ്രസ്താവിച്ചു.

ജീലാനി സ്റ്റഡി സെന്റർ പാലക്കാട് ജില്ലാ കമ്മറ്റി പട്ടാമ്പിയിൽ സംഘടിപ്പിച്ച സ്വീകരണ സമ്മേളനത്തിൽ സംസാരി

ക്കുകയായിരുന്നു മഹാനവർകൾ

ഇസ്ലാമെന്നാൽ കേവലം ചില സംഘടനകളാണെന്ന് തെറ്റിദ്ധരിപ്പിച്ച് മുസ്ലിം സമൂഹത്തെ തീവ്രവാദങ്ങളിലേക്കും വിധ്വംസക പ്രവർത്തനങ്ങളിലേക്കും നയിക്കാൻ ഇവർ മത്സരിച്ച് കൊണ്ടിരിക്കുകയാണ്.

പ്രബോധന പ്രവർത്തനങ്ങൾക്ക് സംഘടനകൾ അനിവാര്യമാണ്. എന്നാൽ ലക്ഷ്യം മറന്നുകൊണ്ടുള്ള സംഘടനകളുടെ പ്രയാണം സമുദായത്തെ വിശ്വാസപരമായി തകർത്തുകൊണ്ടിരുക്കുകയാണെന്ന യാഥാർത്ഥ്യം തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഹിദ്റ അഞ്ചാം നൂറ്റാണ്ടിൽ ഇസ്ലാമിക നവോത്ഥാനങ്ങൾക്ക് നേതൃത്വം നൽകിയ മഹദ് വ്യക്തിത്വമാണ് ഗൗസുൽ അഅ്ളം ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ).

എന്നാൽ കേരളത്തിൽ 1921ന് ശേഷം ഇസ്ലാമികപ്രബോധനം ആത്മീയകരങ്ങളിൽനിന്നും സംഘടനാതലങ്ങളിലേക്ക് മാറിയപ്പോൾ സംഭവിച്ച ദുരന്തം വിശുദ്ധ കലിമയിൽനിന്ന് മുഹമ്മദുർറസൂലുല്ലാഹ് ഒഴിവാക്കപ്പെട്ടു എന്നാണ്,

മുഹമ്മദുർറസൂലുല്ലാഹ് ഒഴിവാക്കിക്കൊണ്ടുള്ള നവോത്ഥാനം അനിസ്ലാമികമാണെന്നും ഇസ്ലാമിന്റെ സമ്പൂർണ്ണതയിലേക്ക് ജനങ്ങളെ നയിക്കാനുള്ള പ്രവർത്തനം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും മഹാനവർകൾ സൂചിപ്പിച്ചു.

സമ്പൂർണ്ണമായ തൗഹീദ് നൽകി ആളുകൾക്ക് ചിരിച്ചു മരക്കാനുള്ള അവസരമാണ് ഞാൻ ഒരുക്കുന്നത്. ഗൗസിയ്യ സുന്നി ജംഇയ്യത്തുൽ ഉലമയിലെ നാൽപത് മുശാവറ അംഗങ്ങളും അതിന്ന് യോഗ്യരാണെന്നും ഖുത്ബുസ്സമാൻ പ്രസ്താവിച്ചു.

പൊതുസമൂഹം യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് കപടപണ്ഡിതരുടെ കരവലയങ്ങളിൽനിന്ന് രക്ഷനേടിയില്ലെങ്കിൽ മോശമായ അന്ത്യം അവരെ കാത്തിരിക്കുന്നുവെന്നും നാളെ റബ്ബിന്റെ മുമ്പിൽ അവർ സമാധാനം പറയേണ്ടി വരുമെന്നും ഖുത്വബുസ്സമാൻ ഓർമ്മപ്പെടുത്തി.

പട്ടാമ്പിസമ്മേളനത്തിൽ ഖുത് ബുസ്സമാൻ ചെയ്ത പ്രസംഗം ഏറെ ശ്രദ്ധേയമായിരുന്നു.

പൊതുസമൂഹത്തോടാണ് സംസാരിച്ചത്. അവർ കാര്യ ങ്ങൾ തിരിച്ചറിയണം.

ഏറ്റവും പ്രധാനപ്പെട്ട കാര്യം സ്വന്തം ഈമാനിന്റെ കാര്യമാണ്. ഈമാനോട് കൂടി മരണപ്പെടണം. ഒരു സംഘട നക്കും അങ്ങനെ ഒരു മരണം ഉറപ്പ് നൽകാൻ കഴിയുന്നില്ല.

ഉറപ്പ് നൽകുന്നത് ഖുത്വബുസ്സമാൻ മാത്രം.

യഥാർത്ഥമുരീദുമാർക്ക് മാത്രമാണ് ഉറപ്പ് ലഭിക്കുക. പൂർണ്ണ മായ തൗഹീദിൽ ബൈഅത്ത് ചെയ്യുക. നിർദ്ദേശിക്കപ്പെട്ട കർമ്മ ങ്ങൾ തെറ്റ് പറ്റാതെ ചെയ്തുതീർക്കുക. ശൈഖുമായുള്ള ബന്ധം നിലനിർത്തുക

അവർക്കാണ് പൂർണ്ണ മുഅ്മിനായി മരിക്കാൻ കഴിയു ക.കൂടിയിരിക്കുമ്പോൾ പല കാര്യങ്ങൾ ചർച്ചക്ക് വരും. ഒരാൾ ചോദിച്ചു.

നമ്മുടെ എതിരാളികൾ ചോദിക്കുന്ന ഒരു ചോദ്യമു ണ്ട്, നിങ്ങൾക്കും സംഘടനയില്ലേ?

ജമാൽ മറുപടി പറഞ്ഞു. ശൈഖുനായാണ് കൽപി ക്കുന്നത്. ശൈഖുനാക്ക് മഹാന്മാരുടെ നിർദ്ദേശങ്ങൾ ലഭിക്കു ന്നുണ്ട്. അനതുസരിച്ചാണ് നമ്മോട് കൽപിക്കുന്നത്.

ആ കൽപനകൾ നടപ്പാക്കാൻ വേണ്ടിയാണ് നമ്മുടെ സംഘടനകൾ.

ഗൗസിയ്യ. സുന്നി ജംഇയ്യത്തുൽ ഉലമ

ശരീഅത്തും ത്വരീഖത്തും പഠിച്ച പണ്ഡിതന്മാരാണ് ഈ സംഘടനയിലുള്ളത്. അവർക്ക് മാത്രമേ സമ്പൂർണ്ണ ഇസ്ലാം പ്രചരിപ്പിക്കാൻ കഴിയുകയുള്ളൂ.

ശരീഅത്ത് മാത്രം പഠിച്ചവർക്ക് ആത്മീയതയുടെ സരണി യിലേക്ക് ആളുകളെ നയിക്കാനാവില്ല.

സന്മാർഗ്ഗത്തിന്റെ പ്രകാശം സമൂഹത്തിലേക്ക് എത്തിച്ചു കൊടുക്കുക എന്നതാണ് പണ്ഡിതസഭയുടെ ദൗത്യം.

ജീലാനി സ്റ്റഡി സെന്റർ സാധാരണക്കാർക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്ന വിഭാഗമാണ്. ഈമാൻ ശക്തിപ്പെടുത്താനുള്ള വഴികൾ പറഞ്ഞു കൊടുക്കുന്നു.

സമ്മേളനങ്ങൾ സംഘടിപ്പിക്കുക, ലഘുലേഖകൾ വിതരണം ചെയ്യുക, ബൈഅത്തിന്റെ പ്രാധാന്യം പറഞ്ഞുകൊടുക്കുക, സ്വലാത്തും ദിക്റും ചൊല്ലാൻ പ്രേരിപ്പിക്കുക. മനസ്സിലെ മാലിന്യങ്ങൾ നീക്കാനുള്ള വഴികൾ പറഞ്ഞു കൊടുക്കുക, പാവപ്പെട്ടവരെ സഹായിക്കുക തുടങ്ങിയ നിരവധി കാര്യങ്ങൾ നിർവ്വഹിച്ചു വരുന്നു. ഖുതുബുസ്സമാന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള ഒരു വേദി എന്നു മനസ്സിലാക്കിയാൽ മതി.

ഖുത്ബുസ്സമാന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സംഘടിതമായി പ്രവർത്തിക്കുക. അത്രയുമാണ് മനസ്സിലാക്കാനുള്ളത്

ജമാൽ ചെറിയ മജ്ലിസുകളിൽ നന്നായി സംസാരിക്കുന്നു. തൗഹീദ് ചൊല്ലാൻ തുടങ്ങിയതോടെ മനസ്സിന് നല്ല ദൃഢത വന്നു. മനസ്സിൽ പഴയ ചാഞ്ചാട്ടമൊക്കെ പോയി.

നാട്ടിൽ ഇടക്കിടെ മജ്ലിസുകൾ സംഘടിപ്പിക്കുന്നു, മജ്ലിസുകളിൽ സംസാരിക്കാൻ പണ്ഡിതന്മാർ വരുന്നു. ധാരാളം കാര്യങ്ങൾ കേട്ടു പഠിക്കുന്നു.

വ്യക്തിബന്ധം സ്ഥാപിക്കുക.

അതിലൂടെ അശയങ്ങൾ കൈമാറുക

തൗഹീദിന്റെ പ്രാധാന്യം ധരിപ്പിക്കുക

കേൾക്കുന്നവർ അംഗീകരിക്കാം. അല്ലെങ്കിൽ തള്ളിക്കളയാം രണ്ടായാലും പറയുന്നവന്ന് നേട്ടം.

പറഞ്ഞ ഓരോ വാക്കും പരലോകത്തേക്കുള്ള സമ്പാദ്യമാണ്. പറയാൻ എല്ലാവർക്കും നല്ല ഉത്സാഹം.

ആളുകൾ തള്ളിക്കളഞ്ഞാൽ നിരാശയില്ല. വീണ്ടും ഉത്സാഹത്തോടെ പറയും.

തൗഹീദിന്റെ വഴിയിൽ പ്രവേശിച്ചാൽ പിശാചുകൾ ശല്യപ്പെടുത്തും. ഉറച്ചുനിൽക്കണം. ചൊല്ലാൻ പറഞ്ഞതെല്ലാം ചൊല്ലി

ത്തീർക്കണം. അപ്പോൾ പിശാച് തളർന്നുപോകും. പിന്മാറും.

ശൈഖിന്റെ പൊരുത്തം തൃപ്തി.

അത് ലഭിച്ചാൽ വിജയിച്ചു. ഇഹപരവിജയം

ശൈഖിനോടുള്ള സ്നേഹം

നബി(സ) തങ്ങളോടുള്ള സ്നേഹം

അല്ലാഹിവനോടുള്ള സ്നേഹം

അല്ലാഹു നൽകിയ ധനം

അത് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കണം. ലുബ്ധ് പാടില്ല.

അല്ലാഹുവിന്റെ അടിമകളെ നരക ശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്തുക.

അതിൽപരം ഒരു പുണ്യമില്ല.

ആ പുണ്യകർമ്മത്തിന്ന് മുന്നിട്ടിറങ്ങുക.

ദീനിനെ ജീവിപ്പിക്കുന്നവർ മുഹ്‌യിദ്ദീൻ

ഈ കാലഘട്ടത്തിന്റെ മുഹ്‌യിദ്ദീൻ

അത് ഖുത്വബുസ്സമാൻ ആകുന്നു.

ഖുത്വബുസ്സമാന്റെ ഖിലാഫത്ത് വാർഷികം

നാൽപതാം ഖിലാഫത്ത് വാർഷികം

ആ എണ്ണത്തിന്ന് പോലും പ്രാധാന്യമുണ്ട്.

മഹാൻപടുത്തുയർത്തിയ ജീലാനി ശരീഫ്

മഹത്തായ ജീലാനി മസ്ജിദ്

അതാണ് ആ സ്ഥാനം

മനുഷ്യരും ജിന്നുകളും മലകളും റൂഹുകളും മൃഗങ്ങളും പറവകളും അവിടെ ഒരുമിക്കുന്നു

വേദനകളുടെയും പ്രയാസങ്ങളുടെയും ഭാരമിറക്കിവെക്കാൻ മനുഷ്യവർഗ്ഗം കൊടിമരത്തിന്റെ താഴെയെത്തുന്നു.

എല്ലാ ജാതിവർഗ്ഗങ്ങളുടെയും അഭയകേന്ദ്രം.

ലൈലത്തുൽ ഖദ്ർ

ബറാഅത്ത് രാവ്

മറ്റ് അനുഗ്രഹീതരാവുകളും പകലുകളും

അവയുടെയെല്ലാം അനുഗ്രഹങ്ങൾ ജീലാനി ശരീഫിലൂടെ കടന്നുപോകുന്നു.

ഓർക്കുക..

ഖുത്ബുസ്സമാന്റെ ആസ്ഥാനം

അത് അഭയകേന്ദ്രമാണ്.

സമാധാനത്തിന്റെ തുരുത്താണ്.

നല്ല മനസ്സോടെ വന്നവർക്ക് വിജയം നേടാം.

വിജയത്തിനുമേൽ വിജയം

എല്ലാവർക്കും ആവേശം. ജീലാനി ശരീഫ് കാണാൻ

അവിടെ വെച്ച് ഖുത്ബുസ്സമാനെക്കാണാൻ

ജമാൽ പ്രാർത്ഥിച്ചു അല്ലാഹുവേ.. സാധുക്കളായ ഞങ്ങളെ ഖുത്വബുസ്സമാന്റെ യഥാർത്ഥ മുരീദുമാരാക്കണമേ.

അവിടുത്തെ ഖാദിമീങ്ങളാക്കണമേ..

പൂർണ്ണ തൗഹീദ് ചൊല്ലി കാമിലായ മുഅ്മിനായി ചിരിച്ചു മരിക്കാൻ തൗഫീഖ് നൽകേണമേ.

ഖുത്ബുസ്സമാന് ദീർഘായുസ്സും ആരോഗ്യവും നൽകേണമേ.

ആമീൻ.. ആമീൻ..